# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## പള്ളിക്കര ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കാസറഗോഡ്-671123

ഇ-മെയിൽ: doksd.ksad@kerala.gov.in

ഫോൺ : 04994-256690

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: കെ.എസ്.എ-കെ.എസ്.ഡി-5/220/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കാസറഗോഡ്-671123
തീയ്യതി: 27/03/2021
ഇ-മെയിൽ: doksd.ksad@kerala.gov.in
ഫോൺ: 04994-256690

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പള്ളിക്കര ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : പള്ളിക്കര ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പള്ളിക്കര ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. (ഖണ്ഡിക നം. 2-1 പ്രത്യേകം ശ്രദ്ധിക്കുക). ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കാസർഗോഡ്.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ-കെ.എസ്.ഡി-5/220/2021 തീയ്യതി: 27/03/2021

# കാസർഗോഡ് ജില്ലയിലെ പള്ളിക്കര ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കാസർഗോഡ് ജില്ലയിലെ പള്ളിക്കര ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2019 മുതൽ 20-02-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 28 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 9 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 01-03-2021 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| അജിതൻ.ടി.എൻ | ഡെപ്യൂട്ടിഡയരക്ടർ | 22-02-2021 | 01-03-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 22-02-2021 | 01-03-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

1)ലോകേശ ആചാരി.ബി (ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)
2)കിരൺദാസ്.പി(ഓഡിറ്റ് ഓഫീസർ)
3)വിനോദ്കുമാർ .വി (അസി.ഓഡിറ്റ് ഓഫീസർ)
4)യാദവ്കുമാർ.സി.എച്ച് (അസി.ഓഡിറ്റ് ഓഫീസർ)
5)കെ.സി.കുഞ്ഞികൃഷ്ണൻ (സിനിയർ ഗ്രേഡ് ഓഡിറ്റർ)

6)സുനിൽകുമാർ.എം (സിനിയർ ഗ്രേഡ് ഓഡിറ്റർ)
7)ജനാർദ്ദനൻ .സി (സിനിയർ ഗ്രേഡ് ഓഡിറ്റർ)

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| പി.ഇന്ദിര | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| ജോർജ്ജ്.വി.എ(ഇൻ ചാർജ്) | സെക്രട്ടറി | 01-04-2019 | 19-07-2019 |
| രാധാകൃഷ്ണൻ.എം.കെ | സെക്രട്ടറി | 20-07-2019 | 31-03-2020 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| വേണുഗോപാലൻ | കൃഷിഓഫിസർ | 01-04-2019 | 31-03-2020 |
| കുഞ്ഞുമോൻ.എം | വി.ഇ.ഒ | 01-04-2019 | 31-03-2020 |
| ബിന്ദു.കെ.കെ | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-04-2019 | 31-03-2020 |
| ഡോ.ധനേഷ്.കെ.സി | മെഡിക്കൽ ഓഫിസർ.പി.എച്ച്.സി | 01-04-2019 | 07-08-2019 |
| ഡോ.ബിനിമോഹൻ | മെഡിക്കൽ ഓഫിസർ.പി.എച്ച്.സി | 08-08-2019 | 31-03-2020 |
| ഡോ.ബിന്ദു.കെ | മെഡിക്കൽ ഓഫിസർ.ജി.എ.ഡി | 01-04-2019 | 31-03-2020 |
| സിവികുട്ടി വർഗീസ് | ഹെഡ് മാസ്റ്റർ | 01-04-2019 | 31-03-2020 |
| ഡോ.സ്മിത സെബാസ്റ്റ്യൻ | വെറ്ററനറി സർജൻ | 01-04-2019 | 31-03-2020 |
| ഡോ.രേഷ്മ.എ.കെ | മെഡിക്കൽ ഓഫിസർ.ജി.എച്ച്.ഡി | 01-04-2019 | 31-03-2020 |
| ജോർജ്ജ്.വി.എ | അസി.സെക്രട്ടറി | 01-04-2019 | 31-03-2020 |
| സുകുമാരൻ.കെ | ഡയറി ഫാം ഇൻസ്പെക്റ്റർ | 01-04-2019 | 31-03-2020 |
| ഹനീഫ.പി | ഫിഷറീസ് ഇൻസ്പെക്റ്റർ | 01-04-2019 | 31-03-2020 |
| ബാബുരാജൻ.എൻ.ഡി | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2019 | 31-03-2020 |
| എ.കെ.രാജേന്ദ്രൻ | വി.ഇ.ഒ പള്ളിക്കര സർക്കിൾ | 01-04-2019 | 31-03-2020 |

ഉള്ളടക്കം

| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് അംഗീകരിച്ചതിന്റെ വിവരം<br>Written By: Kirandas P (Audit Officer, On 26-02-2021)<br>Last Updated By: Lokesh Achary. B (Audit Officer, On 24-03-2021) | 1-1 |
| 2 | വാർഷിക ധനകാര്യ പത്രികയുടെ പരിശോധനയിലെ നിരീക്ഷണങ്ങൾ<br>Written By: Vinod Kumar. V (Asst. Audit Officer, On 01-03-2021)<br>Last Updated By: T.N.Ajithan (Deputy Director, On 23-03-2021) | 1-2 |
| 3 | വസ്തു നികുതി, തൊഴിൽ നികുതി എന്നിയിനങ്ങളുടെ വരുമാനം രേഖപ്പെടുത്തിയതിൽ അവ്യക്തത<br>Written By: Vinod Kumar. V (Asst. Audit Officer, On 01-03-2021)<br>Last Updated By: Lokesh Achary. B (Audit Officer, On 26-03-2021) | 1-2-A |
| 4 | അക്രൂവൽ വരുമാനം വർഷാരംഭത്തിൽ രേഖപ്പെടുത്തിയിട്ടില്ല<br>Written By: Vinod Kumar. V (Asst. Audit Officer, On 01-03-2021)<br>Last Updated By: Vinod Kumar. V (Asst. Audit Officer, On 01-03-2021) | 1-2-B |
| 5 | രജിസ്റ്ററുകൾ അപൂർണം- വിവരങ്ങൾക്ക് ആശ്രയിക്കാനാവുന്നില്ല<br>Written By: Vinod Kumar. V (Asst. Audit Officer, On 01-03-2021)<br>Last Updated By: Lokesh Achary. B (Audit Officer, On 26-03-2021) | 1-2-C |
| 6 | രജിസ്റ്ററുകൾ എഴുതി സൂക്ഷിക്കുന്നില്ല<br>Written By: Vinod Kumar. V (Asst. Audit Officer, On 01-03-2021)<br>Last Updated By: T.N.Ajithan (Deputy Director, On 25-03-2021) | 1-2-D |
| 7 | സ്റ്റോക്കിന്റെ ഭൗതിക പരിശോധന നടത്തുന്നില്ല.<br>Written By: Vinod Kumar. V (Asst. Audit Officer, On 01-03-2021)<br>Last Updated By: Vinod Kumar. V (Asst. Audit Officer, On 01-03-2021) | 1-2-E |
| 8 | ക്യാഷ് ബുക്ക് സെക്രട്ടറി ദിനം പ്രതി സാക്ഷ്യപ്പെടുത്തുന്നില്ല<br>Written By: Vinod Kumar. V (Asst. Audit Officer, On 01-03-2021)<br>Last Updated By: Vinod Kumar. V (Asst. Audit Officer, On 01-03-2021) | 1-2-F |
| 9 | അഡ്വാൻസുകളുടെ ക്രമീകരണം നിരീക്ഷിക്കാൻ സംവിധാനമില്ല.<br>Written By: Vinod Kumar. V (Asst. Audit Officer, On 01-03-2021)<br>Last Updated By: Lokesh Achary. B (Audit Officer, On 23-03-2021) | 1-2-G |
| 10 | സ്ഥിരാസ്തികളുടെ ഭൗതിക പരിശോധന നടത്തിയിട്ടില്ല.<br>Written By: Vinod Kumar. V (Asst. Audit Officer, On 01-03-2021)<br>Last Updated By: Vinod Kumar. V (Asst. Audit Officer, On 01-03-2021) | 1-2-H |
| 11 | പ്രതിമാസ അക്കൗണ്ടുകൾ സ്റ്റാന്റിംഗ് കമ്മിറ്റി പരിശോധിക്കുന്നില്ല<br>Written By: Vinod Kumar. V (Asst. Audit Officer, On 01-03-2021)<br>Last Updated By: T.N.Ajithan (Deputy Director, On 25-03-2021) | 1-2-I |
| 12 | സാംഖ്യ രശീതികളുടെ സ്റ്റേഷനറി- സ്റ്റോക്ക് രജിസ്റ്റർ ആധികാരികമല്ല<br>Written By: Vinod Kumar. V (Asst. Audit Officer, On 01-03-2021)<br>Last Updated By: Vinod Kumar. V (Asst. Audit Officer, On 01-03-2021) | 1-2-J |
| 13 | സാക്ഷ്യപ്പെടുത്തൽ ഇല്ലാതെ രശീതികൾ ക്യാൻസൽ ചെയ്തു<br>Written By: Vinod Kumar. V (Asst. Audit Officer, On 01-03-2021)<br>Last Updated By: T.N.Ajithan (Deputy Director, On 25-03-2021) | 1-2-K |
| 14 | പ്രതിദിന രശീതി റദ്ദാക്കൽ സ്റ്റേറ്റ്മെന്റ് പ്രിന്റ് എടുത്ത് സൂക്ഷിക്കുന്നില്ല<br>Written By: Vinod Kumar. V (Asst. Audit Officer, On 01-03-2021)<br>Last Updated By: Vinod Kumar. V (Asst. Audit Officer, On 01-03-2021) | 1-2-L |
| 15 | ജേണൽ രേഖപ്പെടുത്തലുകളെ അധികൃതമാക്കുന്ന രേഖകൾ | 1-2-M |

| | | |
|---|---|---|
| | ഇല്ല.<br>Written By: Vinod Kumar. V (Asst. Audit Officer, On 01-03-2021)<br>Last Updated By: T.N.Ajithan (Deputy Director, On 25-03-2021) | |
| 16 | സാമ്പത്തിക വിശകലനം<br>Written By: Kirandas P (Audit Officer, On 04-03-2021)<br>Last Updated By: T.N.Ajithan (Deputy Director, On 25-03-2021) | 1-3 |
| 17 | വിവിധ ഗ്രാന്റുകളുടെ വിനിയോഗ വിവരം<br>Written By: Kirandas P (Audit Officer, On 04-03-2021)<br>Last Updated By: T.N.Ajithan (Deputy Director, On 25-03-2021) | 1-4 |
| 18 | പദ്ധതി അവലോകനം<br>Written By: Kirandas P (Audit Officer, On 26-02-2021)<br>Last Updated By: T.N.Ajithan (Deputy Director, On 25-03-2021) | 1-5 |
| 19 | ക്ഷേമ പദ്ധതികൾ<br>Written By: Kunjhikrishnan. K.C (Senior Grade Auditor, On 26-02-2021)<br>Last Updated By: Lokesh Achary. B (Audit Officer, On 23-03-2021) | 1-6 |
| 20 | കർഷക തൊഴിലാളി പെൻഷൻ-രജിസ്റ്റർ പരിപാലനം അപാകതകൾ<br>Written By: Kunjhikrishnan. K.C (Senior Grade Auditor, On 26-02-2021)<br>Last Updated By: Lokesh Achary. B (Audit Officer, On 24-03-2021) | 1-6-1 |
| 21 | വാർധക്യകാല പെൻഷൻ-രജിസ്റ്ററിലെ അപാകതകൾ<br>Written By: Kunjhikrishnan. K.C (Senior Grade Auditor, On 27-02-2021)<br>Last Updated By: Lokesh Achary. B (Audit Officer, On 24-03-2021) | 1-6-2 |
| 22 | വിധവ പെൻഷൻ-അപാകതകൾ<br>Written By: Kunjhikrishnan. K.C (Senior Grade Auditor, On 27-02-2021)<br>Last Updated By: T.N.Ajithan (Deputy Director, On 25-03-2021) | 1-6-3 |
| 23 | വികലാംഗ പെൻഷൻ-അപാകതകൾ<br>Written By: Kunjhikrishnan. K.C (Senior Grade Auditor, On 27-02-2021)<br>Last Updated By: T.N.Ajithan (Deputy Director, On 25-03-2021) | 1-6-4 |
| 24 | വിവാഹ ധനസഹായം-അപാകതകൾ<br>Written By: Kunjhikrishnan. K.C (Senior Grade Auditor, On 27-02-2021)<br>Last Updated By: T.N.Ajithan (Deputy Director, On 25-03-2021) | 1-6-5 |
| 25 | ക്യാഷ് പരിശോധന<br>Written By: Kirandas P (Audit Officer, On 26-02-2021)<br>Last Updated By: T.N.Ajithan (Deputy Director, On 25-03-2021) | 1-7 |
| 26 | ആഭ്യന്തര നിയന്ത്രണം<br>Written By: Kirandas P (Audit Officer, On 24-02-2021)<br>Last Updated By: T.N.Ajithan (Deputy Director, On 25-03-2021) | 1-8 |
| 27 | പൗരാവകാശരേഖ -വർഷത്തിലൊരിക്കൽ പുതുക്കുകയും കാലാനുസൃതമാക്കുകയും ചെയ്യണമെന്നുള്ള വ്യവസ്ഥ പാലിച്ചിട്ടില്ല.<br>Written By: Kirandas P (Audit Officer, On 23-02-2021)<br>Last Updated By: T.N.Ajithan (Deputy Director, On 25-03-2021) | 1-9 |
| 28 | ഓഡിറ്റ് റിപ്പോർട്ട്- ചട്ട പ്രകാരമുള്ള തുടർ നടപടികൾ സ്വീകരിക്കുന്നതിൽ വീഴ്ച.<br>Written By: Kirandas P (Audit Officer, On 01-03-2021)<br>Last Updated By: T.N.Ajithan (Deputy Director, On 25-03-2021) | 1-10 |
| 29 | ലോഡ്ജിംഗ് കെട്ടിടത്തിന് ഗാർഹിക കെട്ടിടത്തിന്റെ നിരക്കിൽ നികുതി നിശ്ചയിച്ചു നികുതി നഷ്ടം.<br>Written By: Sunilkumar. M (Senior Grade Auditor, On 26-02-2021)<br>Last Updated By: T.N.Ajithan (Deputy Director, On 25-03-2021) | 1-11 |
| 30 | വസ്തു നികുതി-അപാകതകൾ<br>Written By: Sunilkumar. M (Senior Grade Auditor, On 01-03-2021)<br>Last Updated By: T.N.Ajithan (Deputy Director, On 25-03-2021) | 1-12 |
| 31 | സാംഖ്യ/സൂചിക രശീതി സ്റ്റോക്ക് രജിസ്റ്ററിലെ അപാകതകൾ<br>Written By: Janardanan C (Auditor, On 27-02-2021)<br>Last Updated By: Lokesh Achary. B (Audit Officer, On 24-03-2021) | 1-13 |
| 32 | ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക | 1-14 |

| | | |
|---|---|---|
| | പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് - രേഖകളുടെ പരിശോധനയിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ.<br>Written By: Sunilkumar. M (Senior Grade Auditor, On 28-02-2021)<br>Last Updated By: T.N.Ajithan (Deputy Director, On 25-03-2021) | |
| 33 | കെട്ടിടനിർമ്മാണ അപേക്ഷ തീർപ്പാക്കൽ/ രജിസ്റ്ററിന്റെ സൂക്ഷിപ്പ് എന്നിവയിലെ അപാകതകൾ<br>Written By: Sunilkumar. M (Senior Grade Auditor, On 28-02-2021)<br>Last Updated By: T.N.Ajithan (Deputy Director, On 25-03-2021) | 1-15 |
| 34 | ഒഴിഞ്ഞ് കിടക്കുന്നതു മൂലം വസ്തുനികുതി ഇളവ് - നികുതിയിളവ് കിഴിച്ചിട്ടുള്ള വസ്തു നികുതി അടവാക്കിയിട്ടില്ല.<br>Written By: Sunilkumar. M (Senior Grade Auditor, On 01-03-2021)<br>Last Updated By: Sunilkumar. M (Senior Grade Auditor, On 01-03-2021) | 1-16 |
| 35 | തൊഴിൽ നികുതി അപാകതകൾ.<br>Written By: Sunilkumar. M (Senior Grade Auditor, On 01-03-2021)<br>Last Updated By: T.N.Ajithan (Deputy Director, On 25-03-2021) | 1-17 |
| 36 | ജി.എസ്.ടി കോമ്പൻസേഷൻ അനുവദിക്കുന്നതിന്റെ നടപടിക്രമങ്ങൾ പൂർത്തിയാക്കിയിട്ടില്ല.<br>Written By: Vinod Kumar. V (Asst. Audit Officer, On 01-03-2021)<br>Last Updated By: Vinod Kumar. V (Asst. Audit Officer, On 17-03-2021) | 1-18 |
| 37 | ഭവന നിർമ്മാണം പൂർത്തീകരിച്ചില്ല<br>Written By: Yadavakumara. C.H (Asst. Audit Officer, On 23-02-2021)<br>Last Updated By: Lokesh Achary. B (Audit Officer, On 24-03-2021) | 1-19 |
| 38 | ക്ഷീര സംഘങ്ങൾ മുഖേന അളന്ന പാലിന്റെ വിവരങ്ങൾ ഹാജരാക്കിയിട്ടില്ല.<br>Written By: Kunjhikrishnan. K.C (Senior Grade Auditor, On 27-02-2021)<br>Last Updated By: Kirandas P (Audit Officer, On 27-02-2021) | 1-20 |
| 39 | വിവാഹ ധനസഹായ വിതരണം (എസ്.സി.പി) - അപാകത<br>Written By: Kunjhikrishnan. K.C (Senior Grade Auditor, On 27-02-2021)<br>Last Updated By: T.N.Ajithan (Deputy Director, On 25-03-2021) | 1-21 |
| 40 | വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് വിതരണം(എസ്.സി.പി)- അപാകതകൾ<br>Written By: Kunjhikrishnan. K.C (Senior Grade Auditor, On 27-02-2021)<br>Last Updated By: T.N.Ajithan (Deputy Director, On 25-03-2021) | 1-22 |
| 41 | വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് വിതരണം(ടി.എസ്.പി) - അപാകതകൾ<br>Written By: Kunjhikrishnan. K.C (Senior Grade Auditor, On 27-02-2021)<br>Last Updated By: T.N.Ajithan (Deputy Director, On 25-03-2021) | 1-23 |
| 42 | വിദ്യാർത്ഥികൾക്ക് ഫർണിച്ചർ വിതരണം (ടി.എസ്.പി)- രേഖകൾ അപൂർണ്ണം<br>Written By: Kunjhikrishnan. K.C (Senior Grade Auditor, On 27-02-2021)<br>Last Updated By: T.N.Ajithan (Deputy Director, On 25-03-2021) | 1-24 |
| 43 | വിദ്യാർത്ഥികൾക്ക് ഫർണിച്ചർ വിതരണം(എസ്.സി.പി)- അപാകത<br>Written By: Kunjhikrishnan. K.C (Senior Grade Auditor, On 27-02-2021)<br>Last Updated By: T.N.Ajithan (Deputy Director, On 25-03-2021) | 1-25 |
| 44 | പ്രസിഡന്റിന്റെ ദുരിതാശ്വാസനിധി പ്രവർത്തനം നിശ്ചലാവസ്ഥയിൽ<br>Written By: Kirandas P (Audit Officer, On 23-02-2021)<br>Last Updated By: T.N.Ajithan (Deputy Director, On 25-03-2021) | 1-26 |
| 45 | മഹാത്മാ ഗാന്ധി പ്രതിമ നിർമ്മാണം -വിഹിതം നല്കിയത് -വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.<br>Written By: Kunjhikrishnan. K.C (Senior Grade Auditor, On 27-02-2021)<br>Last Updated By: T.N.Ajithan (Deputy Director, On 25-03-2021) | 1-27 |

| | | |
|---|---|---|
| 46 | അപകടാവസ്ഥയിലായ മരങ്ങൾ മുറിച്ച് നീക്കിയത്- രേഖകൾ ഹാജരാക്കിയിട്ടില്ല<br>Written By: Kunjhikrishnan. K.C (Senior Grade Auditor, On 27-02-2021)<br>Last Updated By: Lokesh Achary. B (Audit Officer, On 24-03-2021) | 1-28 |
| 47 | കോട്ടപ്പാറ കാനം -ജൈവ വൈവിധ്യ സംരക്ഷണ പദ്ധതി -ചെലവ് രേഖകൾ അപൂർണ്ണം.<br>Written By: Sunilkumar. M (Senior Grade Auditor, On 01-03-2021)<br>Last Updated By: Kirandas P (Audit Officer, On 04-03-2021) | 1-29 |
| 48 | തെരുവ് വിളക്ക് സ്ഥാപിക്കൽ - സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല<br>Written By: Sunilkumar. M (Senior Grade Auditor, On 01-03-2021)<br>Last Updated By: T.N.Ajithan (Deputy Director, On 25-03-2021) | 1-30 |
| 49 | പാക്കം കുടിവെള്ള പദ്ധതി - നാളിതുവരെ പ്രവൃത്തി ആരംഭിച്ചിട്ടില്ല-പുതുക്കിയ കരാർ ഉടമ്പടി തയ്യാറാക്കിയിട്ടില്ല.<br>Written By: Sunilkumar. M (Senior Grade Auditor, On 01-03-2021)<br>Last Updated By: T.N.Ajithan (Deputy Director, On 25-03-2021) | 1-31 |
| 50 | ഗ്രാമപഞ്ചായത്ത് ഓഫീസിലെ കമ്പ്യൂട്ടറുകളുടെയും, അനുബന്ധ ഉപകരണങ്ങൾ എന്നിവയുടെ വാർഷിക മെയിന്റനൻസ് കോൺട്രാക്ട് പദ്ധതി - രേഖകൾ അപൂർണ്ണം<br>Written By: Sunilkumar. M (Senior Grade Auditor, On 01-03-2021)<br>Last Updated By: T.N.Ajithan (Deputy Director, On 25-03-2021) | 1-32 |
| 51 | കേരള സംസ്ഥാന വൈദ്യുതി ബോർഡ്- ഡെപ്പോസിറ്റ് പ്രവർത്തികൾ- പൂർത്തീകരിച്ചതിന്റെ വിവരങ്ങൾ ഹാജരാക്കിയിട്ടില്ല.<br>Written By: Sunilkumar. M (Senior Grade Auditor, On 01-03-2021)<br>Last Updated By: T.N.Ajithan (Deputy Director, On 25-03-2021) | 1-33 |
| 52 | കാർഷിക മേഖലയിൽ പദ്ധതി നടത്തിപ്പ് സംബന്ധിച്ച് കൃത്യമായ മോണിറ്ററിങ്ങ് നടത്തുന്നില്ല<br>Written By: Yadavakumara. C.H (Asst. Audit Officer, On 01-03-2021)<br>Last Updated By: Lokesh Achary. B (Audit Officer, On 25-03-2021) | 1-34 |
| 53 | തൊഴിലുറപ്പ് പദ്ധതി മെറ്റീരിയൽ പർച്ചേസ് -സ്രോതസ്സുകളിൽ നിന്നും കുറവു ചെയ്യേണ്ട നികുതികൾ കുറവു ചെയ്തതായി കാണുന്നില്ല-<br>Written By: Yadavakumara. C.H (Asst. Audit Officer, On 01-03-2021)<br>Last Updated By: T.N.Ajithan (Deputy Director, On 25-03-2021) | 1-35 |
| 54 | ബിഡ് സമർപ്പണ ഫീസ് പഞ്ചായത്തിന് കൈമാറിയിട്ടില്ല<br>Written By: Vinod Kumar. V (Asst. Audit Officer, On 01-03-2021)<br>Last Updated By: T.N.Ajithan (Deputy Director, On 25-03-2021) | 1-36 |
| 55 | അങ്കണവാടി റിപ്പയർ പ്രവൃത്തി- ടെണ്ടർ നിരക്ക് കുറവു ചെയ്യാത്തതിനാൽ നഷ്ടം<br>Written By: Vinod Kumar. V (Asst. Audit Officer, On 01-03-2021)<br>Last Updated By: Vinod Kumar. V (Asst. Audit Officer, On 02-03-2021) | 1-37 |
| 56 | എസ് എസ് എ പദ്ധതിക്ക് കൂടുതൽ തുക നൽകിയത്-<br>Written By: Lokesh Achary. B (Audit Officer, On 01-03-2021)<br>Last Updated By: T.N.Ajithan (Deputy Director, On 25-03-2021) | 1-38 |
| 57 | ഹോമിയോ ഡിസ്പെൻസരിക്ക് മരുന്ന് പൂർണമായി ലഭിച്ചിട്ടില്ല-<br>Written By: Lokesh Achary. B (Audit Officer, On 01-03-2021)<br>Last Updated By: Lokesh Achary. B (Audit Officer, On 24-03-2021) | 1-39 |
| 58 | ക്യാഷ്ബുക്കിൽ വരവ് ചെലവ് ചേർത്തിട്ടില്ല-<br>Written By: Lokesh Achary. B (Audit Officer, On 01-03-2021)<br>Last Updated By: Lokesh Achary. B (Audit Officer, On 24-03-2021) | 1-40 |
| **ഭാഗം 2** | | |

--- No Records Found ---

| | | |
|---|---|---|
| **ഭാഗം 3** | | |
| 1 | അങ്കണവാടി റിപ്പയർ പ്രവൃത്തി- ടെണ്ടർ നിരക്ക് കുറവു ചെയ്യാത്തതിനാൽ നഷ്ടം<br>Written By: Vinod Kumar. V (Asst. Audit Officer, On 01-03-2021)<br>Last Updated By: T.N.Ajithan (Deputy Director, On 25-03-2021) | 3-1 |
| **ഭാഗം 4** | | |
| 1 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നല്കിയതിന്റെ വിവരം<br>Written By: Kirandas P (Audit Officer, On 24-02-2021)<br>Last Updated By: T.N.Ajithan (Deputy Director, On 25-03-2021) | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Sunilkumar. M (Senior Grade Auditor, On 01-03-2021)<br>Last Updated By: Lokesh Achary. B (Audit Officer, On 25-03-2021) | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Sunilkumar. M (Senior Grade Auditor, On 01-03-2021)<br>Last Updated By: T.N.Ajithan (Deputy Director, On 25-03-2021) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരം<br>Written By: Kirandas P (Audit Officer, On 24-02-2021)<br>Last Updated By: Kirandas P (Audit Officer, On 24-02-2021) | 4-4 |
| 5 | വായ്പ / വായ്പ തിരിച്ചടവ്<br>Written By: Kirandas P (Audit Officer, On 26-02-2021)<br>Last Updated By: Kirandas P (Audit Officer, On 26-02-2021) | 4-5 |
| 6 | സ്ഥിര നിക്ഷേപങ്ങളുടെ വിവരം<br>Written By: Kirandas P (Audit Officer, On 24-02-2021)<br>Last Updated By: Kirandas P (Audit Officer, On 24-02-2021) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Kirandas P (Audit Officer, On 25-02-2021)<br>Last Updated By: T.N.Ajithan (Deputy Director, On 25-03-2021) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: Kirandas P (Audit Officer, On 24-02-2021)<br>Last Updated By: T.N.Ajithan (Deputy Director, On 25-03-2021) | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: Kirandas P (Audit Officer, On 25-02-2021)<br>Last Updated By: T.N.Ajithan (Deputy Director, On 25-03-2021) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Kirandas P (Audit Officer, On 25-02-2021)<br>Last Updated By: T.N.Ajithan (Deputy Director, On 25-03-2021) | 4-10 |
| 11 | തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Kirandas P (Audit Officer, On 24-02-2021)<br>Last Updated By: T.N.Ajithan (Deputy Director, On 25-03-2021) | 4-11 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | റസീറ്റ് ആന്റ് പേമെന്റ് സ്റ്റേറ്റ്മെന്റ് | |
| 3 | ഇൻകം ആൻഡ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | |
| 4 | ബാലൻസ് ഷീറ്റ് | |

## ഭാഗം -1

### 1-1 ബജറ്റ് അംഗീകരിച്ചതിന്റെ വിവരം

| വർഷം | 2019-20 | |
|---|---|---|
| | ബജറ്റ് പ്രകാരം | പുതുക്കിയ ബജറ്റ് പ്രകാരം |
| തീരുമാനം നമ്പർ തീയ്യതി | 1/2019,തീയ്യതി 4.02.2019 | 28/2020 തീയ്യതി 20.02.2020 |
| മുന്നിരിപ്പ് | 68,69,300 | 2,71,07,336 |
| വരവ് | 21,72,34,875 | 25,76,29,347 |
| ആകെ | 22,41,04,175 | 28,47,36,683 |
| ചെലവ് | 21,87,32,143 | 27,34,39,984 |
| നീക്കിയിരിപ്പ് | 53,72,032 | 1,12,96,699 |

### 1-2 വാർഷിക ധനകാര്യ പത്രികയുടെ പരിശോധനയിലെ നിരീക്ഷണങ്ങൾ

പള്ളിക്കര ഗ്രാമപഞ്ചായത്തിന്റെ 2019-20 വർഷത്തെ ധനകാര്യ പത്രിക 09.06.2020 ന് ഓഡിറ്റിന് സമർപ്പിച്ചിരുന്നു. ധനകാര്യ പത്രികയുടെ വിശദമായ പരിശോധനയും സർട്ടിഫിക്കേഷനും ഓഡിറ്റ് വേളയിൽ നടത്തി.

ധനകാര്യ പത്രികയുടെ വെരിഫിക്കേഷനുമായി ബന്ധപ്പെട്ട പൊതുവായ നിരീക്ഷണങ്ങൾ, കണക്ക് സൂക്ഷിപ്പുമായി ബന്ധപ്പെട്ടുള്ള ആഭ്യന്തര നിയന്ത്രണ സംവിധാനത്തിന്റെ പരിശോധന, രശീതി പരിശോധന, അവയുടെ അടവ്, പിൻവലിക്കലുകൾ, രശീതി ബുക്കുകളുടെ സൂക്ഷിപ്പ്, പേയ്മെന്റ് വൗച്ചറുകളുടെ സൂക്ഷിപ്പ്, ജേണൽ വൗച്ചറുകളുടെ പരിശോധന തുടങ്ങിയവ സംബന്ധിച്ചുള്ള പ്രധാന നിരീക്ഷണങ്ങൾ ചുവടെ ഉപ ഖണ്ഡികകളായി ചേർക്കുന്നു.

### 1-2-A വസ്തു നികുതി, തൊഴിൽ നികുതി എന്നീയിനങ്ങളുടെ വരുമാനം രേഖപ്പെടുത്തിയതിൽ അവ്യക്തത

വസ്തു നികുതിയുടെ അക്രൂവൽ വരുമാനമായി 110100101- Property Tax On Residential Buildings എന്ന ഹെഡിൽ 38,91,228 രൂപയും 11010103-Property Tax On Non Residential Buildings എന്ന ഹെഡിൽ 29,21,594 രൂപയും വരുമാനം രേഖപ്പെടുത്തിയിട്ടുണ്ട്. ഇപ്രകാരം വരുമാനം രേഖപ്പെടുത്താൻ ആധാരമാക്കിയത് സഞ്ചയ സോഫ്റ്റ് വെയറിൽ നിന്നുള്ള സംഗ്രഹം ആണെന്ന് വിശദീകരിച്ചിട്ടുണ്ട്. എന്നാൽ സഞ്ചയ സോഫ്റ്റ് വെയറിൽ ഡിമാന്റ് വിവരങ്ങൾ കൃത്യമല്ല. സഞ്ചയയിൽ പല വിധ ശുദ്ധീകരണങ്ങളും ക്രമീകരണങ്ങളും നടത്തിയിട്ടും വലിയ തുകകളുടെ ഡിമാന്റുകൾ സംശയകരമായ ഡിമാന്റ് എന്ന വിധത്തിൽ കൈകാര്യം ചെയ്യലാണ് നികുതി പിരിവ് നടത്തുന്നത്. ആയതിനാൽ സഞ്ചയ പ്രകാരമുള്ള ഡിമാന്റ് തുക ശരിയായ തുകയല്ല. ഡിമാന്റ് രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല.

തൊഴിൽ നികുതിയുടെ (സ്ഥാപനങ്ങൾ, പ്രൊഫഷനലുകൾ, വ്യാപാരികൾ) അക്രൂവൽ വരുമാനമായി 4,38,550 രൂപ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ തൊഴിൽ നികുതിയുടെ രജിസ്റ്ററിൽ വർഷാന്ത്യ സംഗ്രഹം രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തിയിട്ടില്ല. തൊഴിൽ നികുതി രജിസ്റ്റർ ക്ലോസ് ചെയ്തിട്ടില്ല. ആയതിനാൽ വരുമാനം രേഖപ്പെടുത്തിയതിന്റെ കൃത്യത ഉറപ്പാക്കാനാവുന്നില്ല.

### 1-2-B അക്രൂവൽ വരുമാനം വർഷാരംഭത്തിൽ രേഖപ്പെടുത്തിയിട്ടില്ല

വസ്തു നികുതിയുടെ അക്രൂവൽ വരുമാനം രേഖപ്പെടുത്തിയത് 02.08.2019 ലെ 4190067, 41900068 എന്നീ ജേണലുകൾ മുഖേനയാണ്. തുടർന്ന് 31.03.2020 ലെ 41900226, 41900227 എന്നീ ജേണലുകൾ മുഖേനയും അക്രൂവൽ രേഖപ്പെടുത്തിക്കാണുന്നു. വർഷാരംഭത്തിലായിരുന്ന അക്രൂവൽ വരുമാനം

രേഖപ്പെടുത്തേണ്ടിയിരുന്നത്. തുടർന്നു വരുന്ന കൂട്ടിച്ചേർക്കലുകൾ അതാത് സമയങ്ങളിലും നടത്തേണ്ടിയിരുന്നു.

സ്ഥാപനങ്ങൾ, പ്രൊഫഷനലുകൾ, വ്യാപാരികൾ എന്നിവരിൽ നിന്നുള്ള തൊഴിൽ നികുതിയുടെ അക്രൂവൽ വരുമാനം ആദ്യമായി രേഖപ്പെടുത്തിയത് 02.08.2019 ലെ 41900066 എന്ന ജേണൽ മുഖേനയാണ്. വർഷാരംഭത്തിലായിരുന്നു അക്രൂവൽ വരുമാനം രേഖപ്പെടുത്തേണ്ടിയിരുന്നത്.

1-2-C രജിസ്റ്ററുകൾ അപൂർണം- വിവരങ്ങൾക്ക് ആശ്രയിക്കാനാവുന്നില്ല

എ) ഡെപ്പോസിറ്റ് രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ-

ഈ രജിസ്റ്ററുകൾ അലക്ഷ്യമായും അവ്യക്തമായുമാണ് എഴുതിയിരിക്കുന്നത്. രജിസ്റ്ററുകളിൽ സംഗ്രഹം എഴുതുകയോ മുൻവർഷങ്ങളിലെ നീക്കിയിരിപ്പ് തുകകൾ അടുത്ത വർഷത്തേക്ക് കൃത്യമായി ക്യാരി ഓവർ ചെയ്യുകയോ ചെയ്തിട്ടില്ല.

ബി) കെട്ടിട അപേക്ഷാ രജിസ്റ്റർ (പെർമിറ്റ് രജിസ്റ്റർ)- - രജിസ്റ്റർ അപൂർണമായാണ് സൂക്ഷിച്ചിട്ടുള്ളത്. രജിസ്റ്ററിലെ കോളങ്ങൾ കൃത്യമായി പൂരിപ്പിച്ചിട്ടില്ല.

സി) ആസ്തി രജിസ്റ്റർ- ആസ്തി രജിസ്റ്റർ കാലഹരണപ്പെട്ടിട്ടുണ്ട്. വർഷങ്ങളായി ആസ്തി രജിസ്റ്ററിൽ പുതുക്കലുകൾ വരുത്തുകയോ കാലികമാക്കുകയോ ചെയ്തിട്ടില്ല. സചിത്ര സോഫ്റ്റ് വെയറിലെ വിവരങ്ങളും കാലികമല്ല.

1-2-D രജിസ്റ്ററുകൾ എഴുതി സൂക്ഷിക്കുന്നില്ല

എ) ടെണ്ടർ ഫോം / ഷെഡ്യൂൾ വിൽപ്പന രജിസ്റ്റർ - ടെണ്ടർ ഫോറങ്ങളുടെയും ഷെഡ്യൂളുകളുടെയും വിൽപ്പനയുടെ വിവരങ്ങൾ രേഖപ്പെടുത്തുന്ന രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ആയതിനാൽ ടെണ്ടർ ഫോറങ്ങളുടെ വിൽപ്പന വരവിന്റെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

ബി) 2011 ലെ കേരള പഞ്ചായത്ത് കെട്ടിട നിർമാണ ചട്ടങ്ങളിലെ ചട്ടം 137 പ്രകാരമുള്ള കെട്ടിടങ്ങളുടെ റെഗുലറൈസേഷൻ രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല.

1-2-E സ്റ്റോക്കിന്റെ ഭൗതിക പരിശോധന നടത്തുന്നില്ല.

2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്)ചട്ടങ്ങളിലെ ചട്ടം 58 പ്രകാരം ഓരോ മാസാന്ത്യത്തിലും സെക്രട്ടറി സ്റ്റോക്കിന്റെ തൻമാസ വിനിയോഗ വിവരം ശേഖരിക്കേണ്ടതും വർഷാന്ത്യത്തിൽ സ്റ്റോക്കിന്റെ ഭൗതിക പരിശോധന നടത്തി പൊരുത്തപ്പെടുത്തേണ്ടതുമാണ്. എന്നാൽ ഇത്തരത്തിലുള്ള നടപടികൾ സെക്രട്ടറി സ്വീകരിച്ചിട്ടില്ല.

1-2-F ക്യാഷ് ബുക്ക് സെക്രട്ടറി ദിനം പ്രതി സാക്ഷ്യപ്പെടുത്തുന്നില്ല

. 2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്)ചട്ടങ്ങളിലെ ചട്ടം 5 (4) പ്രകാരം സെക്രട്ടറി ദിനം പ്രതി ക്യാഷ് ബുക്ക് സാക്ഷ്യപ്പെടുത്തേണ്ടതുണ്ട്. എന്നാൽ, പള്ളിക്കര ഗ്രാമപഞ്ചായത്തിൽ ക്യാഷ് ബുക്ക് ദിവസേന പ്രിന്റ് എടുത്ത് സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നില്ല.

1-2-G അഡ്വാൻസുകളുടെ ക്രമീകരണം നിരീക്ഷിക്കാൻ സംവിധാനമില്ല.

വിവിധ അഡ്വാൻസുകൾ യഥാസമയം ക്രമീകരിക്കപ്പെടുന്നുവെന്ന് ഉറപ്പ് വരുത്താവുന്ന തരത്തിലുള്ള സംവിധാനം നിലവിലില്ല. ഇക്കാര്യം ഉറപ്പ് വരുത്താൻ ആധാരമാക്കാവുന്ന രീതിയിൽ അല്ല അഡ്വാൻസ് രജിസ്റ്റർ സൂക്ഷിച്ചിട്ടുള്ളത്. ഉദാഹരണത്തിന് 46050501- Advance To Implimenting Officers എന്ന ഹെഡിൽ 31.03.2020 ന് 1,94,163 രൂപയാണ് ബാലൻസ് ഷീറ്റ് പ്രകാരം നീക്കിയിരിപ്പുള്ളത്. എന്നാൽ, അഡ്വാൻസ് രജിസ്റ്റർ പ്രകാരം 1,49,331 രൂപ മുൻവർഷങ്ങളിലെ അഡ്വാൻസുകളിൽ ക്രമീകരിക്കാൻ ബാക്കിയുണ്ട്. എന്നാൽ രജിസ്റ്ററിൽ ഈ തുക 2019-20 ലേക്ക് ക്യാരി ഓവർ ആക്കിയിട്ടില്ല. ബാലൻസ് ഷീറ്റിലും ഈ തുക പ്രതിഫലിക്കുന്നില്ല.

## 1-2-H സ്ഥിരാസ്തികളുടെ ഭൗതിക പരിശോധന നടത്തിയിട്ടില്ല.

2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്)ചട്ടങ്ങളിലെ ചട്ടം 58 പ്രകാരം ഓരോ വർഷാന്ത്യത്തിലും സെക്രട്ടറി സ്ഥിര ആസ്തികളുടെ ഭൗതിക പരിശോധന നടത്തേണ്ടതാണ്. എന്നാൽ ഇത്തരത്തിലുള്ള നടപടികൾ സെക്രട്ടറി സ്വീകരിച്ചിട്ടില്ല.

## 1-2-I പ്രതിമാസ അക്കൗണ്ടുകൾ സ്റ്റാൻ്റിംഗ് കമ്മിറ്റി പരിശോധിക്കുന്നില്ല

2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്)ചട്ടങ്ങളിലെ ചട്ടം 60 പ്രകാരം പ്രതിമാസ റസീറ്റ് ആൻഡ് പേമെൻ്റ്സ് അക്കൗണ്ട് നിശ്ചിത ഫോറത്തിൽ തയ്യാറാക്കി സെക്രട്ടറി അടുത്ത മാസം 10 ാം തിയതിക്ക് മുമ്പായി ധനകാര്യ സ്റ്റാൻ്റിംഗ് കമ്മിറ്റിക്ക് സമർപ്പിക്കേണ്ടതാണ്. പ്രസ്തുത മാസാന്ത്യ പത്രിക ധനകാര്യ സ്റ്റാൻ്റിംഗ് കമ്മിറ്റി പരിശോധിക്കേണ്ടതാണ്. എന്നാൽ ഈ നടപടികൾ സ്വീകരിച്ചിട്ടില്ല.

## 1-2-J സാംഖ്യ രശീതികളുടെ സ്റ്റേഷനറി- സ്റ്റോക്ക് രജിസ്റ്റർ ആധികാരികമല്ല

സാംഖ്യ രശീതിയുടെ സ്റ്റോക്ക് രജിസ്റ്റർ ക്രമപ്രകാരമല്ല സൂക്ഷിച്ചിട്ടുള്ളത്. പിങ്ക് നിറത്തിലുള്ള രശീതുകളുടെ വരവ് രേഖപ്പെടുത്തിയതിനു കീഴെ ഒറ്റ എൻട്രിയിൽ ഫ്രണ്ട് ഓഫീസിലേക്ക് വിതരണം ചെയ്തു എന്നാണ് രേഖപ്പെടുത്തുന്നത്. വിതരണം ചെയ്ത രശീതികളുടെ സ്റ്റേഷനറി നമ്പർ, കൈപ്പറ്റിയ ആളുടെ പേര്, ഒപ്പ്, വിതരണം ചെയ്തതിനു ശേഷം ബാക്കിയുള്ള രശീതികളുടെ എണ്ണം എന്നിവ രേഖപ്പെടുത്തിയിട്ടില്ല.

നീല നിറത്തിലുള്ള സൂചിക രശീതികളുടെ സ്റ്റോക്ക് വിവരങ്ങൾ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

## 1-2-K സാക്ഷ്യപ്പെടുത്തൽ ഇല്ലാതെ രശീതികൾ ക്യാൻസൽ ചെയ്തു

മാന്വൽ ആയി വിതരണം ചെയ്ത ചില രശീതികൾ സെക്രട്ടറിയോ അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥനോ സാക്ഷ്യപ്പെടുത്താതെ ക്യാൻസൽ ചെയ്തിട്ടുള്ളതായി കാണുന്നു. ഉദാഹരണം-
രശീതി നം. 37778/92, തുക- 3,060 രൂപ
രശീതി നം. 37778/100, തുക- 1,890

## 1-2-L പ്രതിദിന രശീതി റദ്ദാക്കൽ സ്റ്റേറ്റ്മെൻ്റ് പ്രിൻ്റ് എടുത്ത് സൂക്ഷിക്കുന്നില്ല

സാംഖ്യ വഴി നൽകുന്ന രശീതികളിൽ ചിലത് ക്യാൻസൽ ചെയ്യേണ്ടി വരാറുണ്ട്. എന്നാൽ, ദൈനംദിന രശീതി റദ്ദാക്കൽ പത്രിക സാംഖ്യയിൽ നിന്ന് പ്രിൻ്റ് എടുത്ത് സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചു കാണുന്നില്ല.

## 1-2-M ജേണൽ രേഖപ്പെടുത്തലുകളെ അധികൃതമാക്കുന്ന രേഖകൾ ഇല്ല.

1.04.2019 മുതൽ 31.03.2020 വരെ നടത്തിയ ജേണൽ എൻട്രികളിൽ ചുവടെ ചേർത്ത ജേണലുകൾക്ക് ആധാരമായ രേഖകൾ, പഞ്ചായത്ത് കമ്മിറ്റി തീരുമാനങ്ങൾ, എക്സിക്യൂട്ടീവ് ഉത്തരവുകൾ എന്നിവ നിലവിവില്ല.

| ക്രമ നം | ജേണൽ വൗച്ചർ നം, തിയതി | അക്കൗണ്ട് | | ഡെബിറ്റ് തുക | ക്രഡിറ്റ് തുക | അധിക വിവരങ്ങൾ |
|---|---|---|---|---|---|---|
| | | കോഡ് | ഹെഡ് | | | |
| 1 | 41900228/01.04.219 | 280100101 | Prior Period Income- Property Tax | 6,32,981 | | ഉദ്ദേശ്യം വ്യക്തമല്ല. ആധികാരികമായ തീരുമാനങ്ങളും രേഖകളും ഇല്ല. |
| | | 350410101 | Advance Collection Of Property Tax | | 6,32,981 | |
| 2 | 1900229/01.04.2019 | 280100104 | Prior Period Income- Property Tax- Non Residential | 1,72,627 | | ഉദ്ദേശ്യം വ്യക്തമല്ല. ആധികാരികമായ തീരുമാനങ്ങളും രേഖകളും ഇല്ല. |
| | | 350410104 | Advance Collection – Property Tax- Non Residential | | 1,72,627 | |

| | | | | | | |
|---|---|---|---|---|---|---|
| 3 | 41900217/31.03.2020 | 431190101 | Receivables-Profession Tax-Institutions, Professional, Traders | 18,590 | | Balance Demand Adjustment എന്നാണ് നാരേഷൻ എഴുതിയിട്ടുള്ളത്. എന്നാൽ ഇതിന്റെ ആവശ്യകത, ആധികാരികത എന്നിവ കാണിക്കുന്ന രേഖകൾ ഇല്ല. |
| | | 110200101 | Profession Tax-Institutions, Professional, Traders | | 18,590 | |
| 4 | 41900230/31.03.2020 | 350410101 | Advance Collection-Property Tax On Resi. Buildings | 2,94,066 | | Book Adjustment As Per Sanchaya എന്നാണ് നാരേഷൻ എഴുതിയിട്ടുള്ളത്. എന്നാൽ ഇതിന്റെ ആവശ്യകത, ആധികാരികത എന്നിവ കാണിക്കുന്ന രേഖകൾ ഇല്ല. |
| | | 431100101 | Receivables-Property Tax On Resi.Buildings-Current | | 2,94,066 | |
| 5 | 41900231/31.03.2020 | 350410104 | Advance Collection-Property Tax On Non Resi. Buildings | 58,866 | | Book Adjustment As Per Sanchaya എന്നാണ് നാരേഷൻ എഴുതിയിട്ടുള്ളത്. എന്നാൽ ഇതിന്റെ ആവശ്യകത, ആധികാരികത എന്നിവ കാണിക്കുന്ന രേഖകൾ ഇല്ല. |
| | | | Receivables-Property Tax On Non Resi. Biuildings -Current | | 58,866 | |
| 6 | 41900232/31.03.2020 | 350410101 | Advance Collection - Property Tax On Resi. Buildings | 28,020 | | Excess Amount This Year To Advance എന്നാണ് നാരേഷൻ എഴുതിയിട്ടുള്ളത്. എന്നാൽ ഈ തുക എങ്ങനെ കണക്കാക്കി എന്ന് വ്യക്തമാക്കുന്ന രേഖകൾ ഇല്ല. ഇത് സംബന്ധിച്ച പഞ്ചായത്തിന്റെ തീരുമാനങ്ങളും ഹാജരാക്കിയിട്ടില്ല. |
| | | 431100101 | Receivables For Property Tax On Residential Buildings (Current) | | 28,020 | |
| 7 | 41900233/31.03.2020 | 431100103 | Receivables For Property Tax On Non- Residential Buildings (Current) | 10,444 | | Excess Amount This Year To Advance എന്നാണ് നാരേഷൻ എഴുതിയിട്ടുള്ളത്. എന്നാൽ ഈ തുക എങ്ങനെ കണക്കാക്കി എന്ന് വ്യക്തമാക്കുന്ന രേഖകൾ ഇല്ല. ഇത് സംബന്ധിച്ച പഞ്ചായത്തിന്റെ തീരുമാനങ്ങളും ഹാജരാക്കിയിട്ടില്ല. |
| | | 350410104 | Advance Collection-Property Tax On Non-Residential Buidings | | 10,444 | |
| 8 | 4190234/31.03.2020 | 431910101 | State Govt.Cesses/Levies | 3,48,317 | | Librabry Cess Collection Adjustment To |

| | | | | | | |
|---|---|---|---|---|---|---|
| | | | In Property Tax-Control Account | | | Current And Arrears എന്നാണ് നാരേഷൻ എഴുതിയിട്ടുള്ളത്. എന്നാൽ ഈ തുകകളുടെ കൃത്യത ഉറപ്പാക്കുന്ന രേഖകൾ, ജേണൽ രേഖപ്പെടുത്താനുള്ള അനുമതികൾ എന്നിവ ഇല്ല. |
| | | 431100101 | Receivables For Property Tax On Residential Buidings (Current) | | 1,70,787 | |
| | | 431100102 | Receivables For Property Tax On Residential Buidings (Arrears) | | 34,267 | |
| | | 43110103 | Receivables For Property Tax On Non Residential Buidings (Current) | | 1,19,748 | |
| | | 43110104 | Receivables For Property Tax On Non Residential Buidings (Arrears) | | 23,515 | |
| 9 | 41900235/ 31.03.2020 | 431100103 | Receivables For Proeprty Tax Non Residential Buildings- Current | | 4,76,643 | Receipt Head Correction- Residential Instead Of Non Residential എന്നാണ് നാരേഷൻ എഴുതിയിട്ടുള്ളത്. എന്നാൽ ഈ ക്രമീകരണത്തിന്റെ ആവശ്യകതകൾ, അനുമതികൾ എന്നിവ കാണിക്കുന്ന രേഖകൾ ഇല്ല. |
| | | 431100101 | Receivables For Proeprty Tax On Residential Buildings- Current | 4,76,643 | | |
| 10 | 41900236/31.03.2020 | 431100104 | Receivables Proeprty Tax Non Residential Buildings- Arrears | 2,16,557 | | Receipt Head Correction- Residential And Non Residential എന്നാണ് നാരേഷൻ എഴുതിയിട്ടുള്ളത്. എന്നാൽ ഈ ക്രമീകരണത്തിന്റെ ആവശ്യകതകൾ, അനുമതികൾ എന്നിവ കാണിക്കുന്ന രേഖകൾ ഇല്ല. |
| | | 43110102 | Receivables Proeprty Tax Residential Buildings- Arrears | | 1,62,086 | |
| | | 431100103 | Receivables Proeprty Tax Non Residential Buildings- Current | | 54,471 | |
| 11 | 4190237/31.03.2020 | 431100102 | Receivables Proeprty Tax Residential Buildings- Arrears | 3,24,172 | | Wrong Previous JV Correction എന്നാണ് നാരേഷൻ എഴുതിയിട്ടുള്ളത്. ഏത് ജേണൽ, എന്തു കൊണ്ട് തെറ്റ്, എപ്രകാരം ശരിയാക്കുന്നു, ആയതിനുള്ള രേഖകൾ തീരുമാനങ്ങൾ എന്നിവ ഹാജരാക്കിയിട്ടില്ല. |
| | | 431100104 | Receivables Proeprty Tax Non Residential Buildings- Arrears | | 3,24,172 | |
| 12 | 4190238/31.03.2020 | 431100104 | Receivables Proeprty Tax Non | | 6,20,767 | Arrear Demand Correction എന്നാണ് |

| | | | | | | |
|---|---|---|---|---|---|---|
| | | | Residential Buildings- Arrears | | | നാരേഷൻ എഴുതിയിട്ടുള്ളത്. വിശദ വിവരങ്ങൾ ലഭ്യമല്ല. എൻട്രിക്ക് ആധാരമായ രേഖകൾ, അനുമതികൾ എന്നിവ ഹാജരാക്കിയിട്ടില്ല. |
| | | 43110103 | Receivables Proeprty Tax Non Residential Buildings- Current | 81,942 | | |
| | | 28010104 | Prior Period Income- Property Tax On Non Residential Buildings | 4,92,537 | | |
| | | 431910101 | State Govt. Cesses, Levies In Property Taxes Control Account | 46,288 | | |
| 13 | 41900248/31.03.2020 | 280800701 | Prior Period- Miscellaneous Expenses | | 41,67,048 | Correction Of Depreciation In 2018-19 എന്നാണ് നാരേഷൻ എഴുതിയിട്ടുള്ളത്. വിശദ വിവരങ്ങൾ ലഭ്യമല്ല. എൻട്രിക്ക് ആധാരമായ രേഖകൾ, അനുമതികൾ എന്നിവ ഹാജരാക്കിയിട്ടില്ല. |
| | | 411200101 | Accumlated Depreciation- Buildings | 11,00,804 | | |
| | | 411320101 | Accumlated Depreciation- Waterways | 4,40,359 | | |
| | | 411330101 | Accumlated Depreciation- Public Lighting | 2,44,654 | | |
| | | 41140101 | Accumlated Depreciation- P&M | 3,85,974 | | |
| | | 411500101 | Accumlated Depreciation- Vehicles | 40,011 | | |
| | | 41160011 | Accumlated Depreciation- Office, Equipments | 3,26,455 | | |
| | | 41170101 | Accumlated Depreciation- Furniture And Fixtures | 11,39,314 | | |
| | | 41180101 | Accumlated Depreciation-Other Fixed Assets | 4,89,477 | | |

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 3,54,41,430 |
| വരവ് | 7,77,98,607 |
| ആകെ | 11,32,40,037 |
| ചെലവ് | 7,72,95,251 |
| നീക്കിയിരിപ്പ് | 3,59,44,786 |

## 1-4 വിവിധ ഗ്രാന്റുകളുടെ വിനിയോഗ വിവരം

വിവിധ ഫണ്ടുകളുടെ അലോട്ട്മെന്റ്, അവയിൽ നിന്നുള്ള ചെലവ്, വിനിയോഗിക്കാത്ത/ലാപ്സായ തുക എന്നീ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക | കുറിപ്പ് |
|---|---|---|---|---|---|---|
| വികസന ഫണ്ട് ജനറൽ | 0 | 2,15,07,000 | 2,15,07,000 | 1,88,51,293 | 26,55,707 | സ്രോതസ്സിൽ നിന്നും ജി.ഒ പ്രോജക്ടിനായി കുറവ് ചെയ്ത തുകയായ 15,48,288 രൂപ അടക്കമുള്ള വരവു ചെലവുകൾ. 13,29,506 രൂപയുടെ ബില്ലുകൾ ക്യൂ ബിൽ ആയിട്ടുണ്ട്. |
| വികസന ഫണ്ട്-എസ്.സി.പി | 0 | 24,94,000 | 24,94,000 | 18,22,464 | 6,71,536 | സ്രോതസ്സിൽ നിന്നും ജി.ഒ പ്രോജക്ടിനായി കുറവ് ചെയ്ത തുകയായ 58,824രൂപ അടക്കമുള്ള വരവു ചെലവുകൾ. 2,75,000രൂപയുടെ ബില്ലുകൾ ക്യൂ ബിൽ ആയിട്ടുണ്ട്. |
| വികസന ഫണ്ട്-ടി.എസ്.പി | 0 | 21,83,000 | 21,83,000 | 15,95,962 | 5,87,038 | സ്രോതസ്സിൽ നിന്നും ജി.ഒ പ്രോജക്ടിനായി കുറവ് ചെയ്ത തുകയായ 29,412രൂപ അടക്കമുള്ള വരവു ചെലവുകൾ. 1,37,281രൂപയുടെ ബില്ലുകൾ ക്യൂ ബിൽ ആയിട്ടുണ്ട്. |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് - Tied | 0 | 9,671,00 | 9,67,100 | 0 | 9,67,100 | - |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് - Un Tied | 0 | 1,64,41,053 | 1,64,41,053 | 66,35,647 | 98,05,406 | - |
| മെയിന്റനൻസ് ഫണ്ട്-റോഡ് | 0 | 1,00,61,000 | 1,00,61,000 | 38,51,957 | 62,09,043 | - |
| മെയിന്റനൻസ് ഫണ്ട്-നോൺ റോഡ് | 0 | 63,44,000 | 63,44,000 | 40,10,732 | 23,33,268 | - |
| മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി | 229 | 2,18,71,509 | 2,18,71,738 | 2,13,99,343 | 4,72,395 | - |
| കേന്ദ്രാവിഷ്കൃത പദ്ധതികൾ- | | | | | | |
| സമ്പൂർണ ശുചിത്വ പദ്ധതി | 42,52,011 | 3,76,750 | 46,28,761 | 6,34,000 | 39,94,761 | - |
| സർവ ശിക്ഷാ അഭിയാൻ | 2,07,296 | 0 | 2,07,296 | 0 | 2,07,296 | - |
| സംയോജിത ശിശു വികസന പദ്ധതി | 20,33,948 | 8,97,106 | 29,31,054 | 16,92,186 | 12,38,868 | - |
| ദേശീയ വികലാംഗ പുനരധിവാസ പദ്ധതി | 2,05,000 | 0 | 2,05,000 | 0 | 2,05,000 | - |
| സംസ്ഥാനാവിഷ്കൃത പദ്ധതികൾ- | | | | | | |
| വിമുക്തി | 21,240 | 500 | 21,740 | 7,500 | 14,240 | - |
| ശുചിത്വ മിഷൻ ഫണ്ട് | 1,177 | 0 | 1,177 | 0 | 1,177 | - |

| | | | | | | |
|---|---|---|---|---|---|---|
| ബി ഫണ്ട്- | | | | | | |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 0 | 8,70,000 | 8,70,000 | 8,70,000 | 0 | - |
| തൊഴിലുറപ്പ് പദ്ധതിയിൽ 100 ദിവസം തൊഴിൽ ചെയ്യവർക്കുള്ള ഇൻസെന്റീവ് | 0 | 4,32,000 | 4,32,000 | 4,32,000 | 0 | - |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം .

| അംഗീകാരം ലഭിച്ചത്(എണ്ണം) | നടപ്പാക്കിയത് | ഭാഗീകമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പദ്ധതികളുടെ ശതമാനം |
|---|---|---|---|---|
| 260 | 137 | 0 | 123 | 52.69% |

നിർവ്വഹണോദ്യോഗസ്ഥരുടെ പദ്ധതി നിർവ്വഹണം സംബന്ധിച്ച സംക്ഷിപ്ത വിവരം

| ക്രമ നം | നിർവ്വഹണോദ്യോഗസ്ഥൻ | അംഗീകരിച്ച പദ്ധതി രേഖ പ്രകാരം 2019-20 വർഷ ത്തിൽ നടപ്പാക്കേ ണ്ട പദ്ധതികളുടെ വിവരം | | 2019-20വർഷത്തിൽ നടപ്പാക്കിയ പദ്ധതികളുടെ വിവരം | | ചെലവ് ശതമാ നം. |
|---|---|---|---|---|---|---|
| | | എണ്ണം | അടങ്കൽ | എണ്ണം | ചെലവ് തുക | |
| 1 | സെക്രട്ടറി (പൊതുമരാമത്ത് ഉൾപ്പടെ) | 22 | 7595914 | 17 | 5277838 | 69.48 % |
| 2 | അസിസ്റ്റന്റ് സെക്രട്ടറി | 14 | 3892580 | 11 | 1622770 | 41.69 % |
| 3 | അസിസ്റ്റന്റ് എഞ്ചിനിയർ | 152 | 57661143 | 57 | 17661015 | 30.60 % |
| 4 | കൃഷി ഓഫീസർ | 10 | 8946255 | 9 | 5539845 | 61.92 % |
| 5 | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 18 | 40766096 | 13 | 15446142 | 37.89 % |
| 6 | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 10 | 8310428 | 7 | 6995135 | 84.17 % |
| 7 | വെറ്ററനറി സർജ്ജൻ | 8 | 3769725 | 6 | 1235750 | 32.78 % |
| 8 | മെഡിക്കൽ ഓഫീസർ - ആയുർവ്വേദം | 2 | 1100000 | 2 | 1100000 | 100 % |
| 9 | മെഡിക്കൽ ഓഫീസർ -പി.എച്ച്.സി | 3 | 1396000 | 3 | 1357204 | 97.22 % |
| 10 | മെഡിക്കൽ ഓഫീസർ - ഹോമിയോ | 1 | 500000 | 1 | 500000 | 100 % |
| 11 | പ്രധാനാധ്യാപകൻ | 16 | 5070040 | 11 | 3942344 | 77.76 % |
| 12 | ഡയറി ഫാം ഇൻസ്ട്രക്ടർ | 1 | 1450000 | 1 | 1306198 | 90.08 % |
| 13 | സബ് ഇൻസ്പെക്ടർ ഓഫ് | 3 | 270000 | 0 | 0 | 0 |

| | | | | | | |
|---|---|---|---|---|---|---|
| | ഫിഷറീസ് | | | | | |
| | ആകെ | 260 | 140728181 | 137 | 61984241 | 44.04% |

വിവിധ ഫണ്ടുകളുടെ മേഖല തിരിച്ചുള്ള വിനിയോഗ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1) വികസന ഫണ്ട് ജനറൽ

| മുന്നിരിപ്പ് | വരവ് | പ്രൊ.ചെലവ് | മറ്റ് ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|
| 0 | 21507000 | 18851293 | 0 | 2655707 |

| മേഖല | പ്രൊജക്ടുകളുടെ എണ്ണം | അലോക്കേഷൻ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|
| ഉല്പാദനം | 22 | 5812253 | 3770054 | 2042199 |
| സേവനം | 23 | 16588076 | 14971239 | 1616837 |
| പശ്ചാത്തലം | 4 | 931791 | 110000 | 821791 |
| ആകെ | 49 | 23332120 | 18851293 | 4480827 |

2) വികസന ഫണ്ട് ജനറൽ എസ്.സി.പി

| മുന്നിരിപ്പ് | വരവ് | പ്രൊ.ചെലവ് | മറ്റ് ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|
| 0 | 2494000 | 1822464 | 0 | 671536 |

| മേഖല | പ്രൊജക്ടുകളുടെ എണ്ണം | അലോക്കേഷൻ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|
| ഉല്പാദനം | 0 | 0 | 0 | 0 |
| സേവനം | 12 | 2781572 | 1611236 | 1170336 |
| പശ്ചാത്തലം | 1 | 211228 | 211228 | 0 |
| ആകെ | 13 | 2992800 | 1822464 | 1170336 |

3) വികസന ഫണ്ട് ജനറൽ ടി.എസ്.പി

| മുന്നിരിപ്പ് | വരവ് | പ്രൊ.ചെലവ് | മറ്റ് ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|
| 0 | 2183000 | 1595962 | 0 | 587038 |

| മേഖല | പ്രൊജക്ടുകളുടെ എണ്ണം | അലോക്കേഷൻ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|
| ഉല്പാദനം | 0 | 0 | 0 | 0 |
| സേവനം | 11 | 2092102 | 1595962 | 496140 |
| പശ്ചാത്തലം | 1 | 140898 | 0 | 140898 |
| ആകെ | 12 | 2233000 | 1595962 | 637038 |

4) ധനകാര്യ കമ്മീഷൻ ഗ്രാന്റ്

| മുന്നിരിപ്പ് | വരവ് | പ്രൊ.ചെലവ് | മറ്റ് ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|
| 0 | 16441053 | 6635647 | 0 | 9805406 |
| 0 (Tied) | 967100 | 0 | 0 | 967100 |

| മേഖല | പ്രൊജക്ടുകളുടെ എണ്ണം | അലോക്കേഷൻ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|
| ഉല്പാദനം | 0 | 0 | 0 | 0 |
| സേവനം | 7 | 2080111 | 946073 | 1134038 |
| പശ്ചാത്തലം | 52 | 18235755 | 5689574 | 12546181 |
| ആകെ | 59 | 20315866 | 6635647 | 13680219 |

5) മെയിന്റനൻസ് ഗ്രാന്റ് (റോഡ്)

| മുന്നിരിപ്പ് | വരവ് | പ്രൊ.ചെലവ് | മറ്റ് ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|
| 0 | 10061000 | 3851957 | 0 | 6209043 |

| മേഖല | പ്രൊജക്ടുകളുടെ എണ്ണം | അലോക്കേഷൻ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|
| ഉല്പാദനം | 0 | 0 | 0 | 0 |
| സേവനം | 0 | 0 | 0 | 0 |
| പശ്ചാത്തലം | 25 | 12073200 | 3851957 | 8221243 |
| ആകെ | 25 | 12073200 | 3851957 | 8221243 |

6) മെയിന്റനൻസ് ഗ്രാന്റ് (നോൺറോഡ്)

| മുന്നിരിപ്പ് | വരവ് | പ്രൊ.ചെലവ് | മറ്റ് ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|
| 0 | 6344000 | 4010732 | 0 | 2333268 |

| മേഖല | പ്രൊജക്ടുകളുടെ എണ്ണം | അലോക്കേഷൻ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|
| ഉല്പാദനം | 3 | 331000 | 189451 | 141549 |
| സേവനം | 37 | 7281740 | 3821281 | 3460459 |
| പശ്ചാത്തലം | 0 | 0 | 0 | 0 |
| ആകെ | 40 | 7612740 | 4010732 | 3602008 |

## 1-6 ക്ഷേമ പദ്ധതികൾ

| വർഷം | ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|---|
| 2019-20 | കർഷക തൊഴിലാളി പെൻഷൻ | 4152000 | 511 |
| | വിധവ പെൻഷൻ | 15153800 | 1111 |
| | വാർധക്യകാല പെൻഷൻ | 17348700 | 2065 |
| | വികലാംഗ പെൻഷൻ | 5245000 | 627 |
| | അവിവാഹിത പെൻഷൻ | 770400 | 71 |
| | വിവാഹ ധനസഹായം | 870000 | 29 |
| | തൊഴിൽ രഹിത വേതനം | 52800 | 58 |

2019-20 വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി സ്ഥാപനത്തിന്റെ വിവിധ ക്ഷേമ പെൻഷനുകളുടെ രജിസ്റ്ററുകളും അപേക്ഷകളും പരിശോധിച്ചതിൽ താഴെപറയുന്ന പൊതുവായ അപാകതകൾ കാണുകയുണ്ടായി. ആയത് സംബന്ധിച്ച വിശദവിവരങ്ങൾ ചുവടെകൊടുക്കുന്നു.

## 1-6-1 കർഷക തൊഴിലാളി പെൻഷൻ-രജിസ്റ്റർ പരിപാലനം അപാകതകൾ

ഗ്രാമ പഞ്ചായത്തിൽ സൂക്ഷിച്ചിട്ടുള്ള കർഷക തൊഴിലാളി പെൻഷൻ അപേക്ഷ വിവരങ്ങൾ രേഖപ്പെടുത്തുന്ന രജിസ്റ്ററിൽ , 2019-20 വർഷം ലഭിച്ച അപേക്ഷകളുടെ തുടർ നടപടികളുമായി ബന്ധപ്പെട്ട്, പഞ്ചായത്ത് കമ്മിറ്റി തീരുമാനം നമ്പർ, തിരുമാനതീയ്യതി, അന്വേഷണം കഴിഞ്ഞ് തിരികെ ലഭിച്ച തീയ്യതി, സ്റ്റാന്റിംഗ് കമ്മിറ്റിയുടെ തീരുമാനം നമ്പർ/തീയ്യതി, പെൻഷൻ അനുവദിച്ചുവോ / നിരസിച്ചുവോ തുടങ്ങിയ വിവരങ്ങൾ രേഖപ്പെടുത്തിക്കാണുന്നില്ല. രജിസ്റ്ററിൽ പൂർണ്ണമായും രേഖപ്പെടുത്തലുകൾ വരുത്താത്തതിന് ഏതാനും ചില ഉദാഹരണങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രം നം | ഗുണഭോക്താവിന്റെ പേര് | രജിസ്റ്ററിലെ പേജ് നം | രജിസ്റ്ററിലെ ക്രമ നം. | അന്വേഷണം കഴിഞ്ഞ് തിരികെ ലഭിച്ച തീയ്യതി | സ്റ്റാന്റിംങ് കമ്മിറ്റിയുടെ തീരുമാനം നമ്പർ/ തീയ്യതി | പഞ്ചായത്ത് കമ്മിറ്റി തീരുമാനം നമ്പർ/ തീയ്യതി | അനുവദിച്ചുവോ / നിരസിച്ചുവോ |
|---|---|---|---|---|---|---|---|
| 1 | മാധവി.എം അരവത്ത് മട്ടൈ പനയാൽ | 8 | 89 | രേഖപ്പെടുത്തിയിട്ടില്ല | രേഖപ്പെടുത്തിയിട്ടില്ല | രേഖപ്പെടുത്തിയിട്ടില്ല | രേഖപ്പെടുത്തിയിട്ടില്ല |
| 2 | ചോയിച്ചി D/O അപ്പ ബരിച്ചത്തോട് കുന്യാച്ചി, പനയാൽ | 8 | 86 | രേഖപ്പെടുത്തിയിട്ടില്ല | രേഖപ്പെടുത്തിയിട്ടില്ല | രേഖപ്പെടുത്തിയിട്ടില്ല | രേഖപ്പെടുത്തിയിട്ടില്ല |
| 3 | ശാന്ത കെ മീത്തൽ , പുതിയവളപ്പ് പനയാൽ | 8 | 88 | രേഖപ്പെടുത്തിയിട്ടില്ല | രേഖപ്പെടുത്തിയിട്ടില്ല | രേഖപ്പെടുത്തിയിട്ടില്ല | രേഖപ്പെടുത്തിയിട്ടില്ല |
| 4 | നാരായണൻ കെ വി S/Oകുഞ്ഞിക്കണ്ണൻ കീക്കാൻ കിഴക്കേവീട് | 7 | 75 | രേഖപ്പെടുത്തിയിട്ടില്ല | രേഖപ്പെടുത്തിയിട്ടില്ല | രേഖപ്പെടുത്തിയിട്ടില്ല | രേഖപ്പെടുത്തിയിട്ടില്ല |
| 5 | നാരായണി എം കുട്ടപ്പന്ന കുറുക്കൻക്കുന്ന് കോളനി | 8 | 85 | രേഖപ്പെടുത്തിയിട്ടില്ല | രേഖപ്പെടുത്തിയിട്ടില്ല | രേഖപ്പെടുത്തിയിട്ടില്ല | രേഖപ്പെടുത്തിയിട്ടില്ല |

## 1-6-2 വാർധക്യകാല പെൻഷൻ-രജിസ്റ്ററിലെ അപാകതകൾ

(1) ഗ്രാമ പഞ്ചായത്തിൽ സൂക്ഷിച്ചിട്ടുള്ള വാർധക്യകാല പെൻഷൻ അപേക്ഷ വിവരങ്ങൾ രേഖപ്പെടുത്തുന്ന രജിസ്റ്ററിൽ , 2019-20 വർഷം ലഭിച്ച അപേക്ഷകളുടെ തുടർ നടപടികളുമായി ബന്ധപ്പെട്ട്, പഞ്ചായത്ത് കമ്മിറ്റി തീരുമാനം നമ്പർ, തിരുമാനതീയ്യതി, അന്വേഷണം കഴിഞ്ഞ് തിരികെ ലഭിച്ച തീയ്യതി, സ്റ്റാന്റിംഗ് കമ്മിറ്റിയുടെ തീരുമാനം നമ്പർ/തീയ്യതി, പെൻഷൻ അനുവദിച്ചുവോ / നിരസിച്ചുവോ തുടങ്ങിയ വിവരങ്ങൾ രേഖപ്പെടുത്തിക്കാണുന്നില്ല. രജിസ്റ്ററിൽ പൂർണ്ണമായും രേഖപ്പെടുത്തലുകൾ വരുത്താത്തതിന് ഏതാനും ചില ഉദാഹരണങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രം നം | ഗുണഭോക്താവിന്റെ പേര് | രജിസ്റ്ററിലെ പേജ് നം | രജിസ്റ്ററിലെ ക്രമ നം. | അന്വേഷണം കഴിഞ്ഞ് തിരികെ ലഭിച്ച തീയ്യതി | സ്റ്റാന്റിംങ് കമ്മിറ്റിയുടെ തീരുമാനം നമ്പർ/ തീയ്യതി | പഞ്ചായത്ത് കമ്മിറ്റി തീരുമാനം നമ്പർ/ തീയ്യതി | അനുവദിച്ചുവോ / നിരസിച്ചുവോ |
|---|---|---|---|---|---|---|---|
| 1 | ശ്യാമള ടി വി W/O ഗോപിനാഥൻ പച്ചിക്കാരൻ ഹൗസ് ആലക്കോട്.പാക്കം.പി ഒ | 69 | 825 | രേഖപ്പെടുത്തിയിട്ടില്ല | രേഖപ്പെടുത്തിയിട്ടില്ല | രേഖപ്പെടുത്തിയിട്ടില്ല | രേഖപ്പെടുത്തിയിട്ടില്ല |
| 2 | ശ്രീമതി.എൻ W/O ചോയി കെ കരുവാക്കോട് ഹൗസ് പാക്കം | 68 | 806 | രേഖപ്പെടുത്തിയിട്ടില്ല | രേഖപ്പെടുത്തിയിട്ടില്ല | രേഖപ്പെടുത്തിയിട്ടില്ല | രേഖപ്പെടുത്തിയിട്ടില്ല |
| 3 | കൃഷ്ണൻ വി S/O രാമൻ പാടി നിവാസ് പെരിയാട്ടടുക്കം | 69 | 815 | രേഖപ്പെടുത്തിയിട്ടില്ല | രേഖപ്പെടുത്തിയിട്ടില്ല | രേഖപ്പെടുത്തിയിട്ടില്ല | രേഖപ്പെടുത്തിയിട്ടില്ല |
| 4 | പാർവ്വതി സി W/O ഗോവിന്ദൻ കന്നംവയൽ, പാക്കം | 69 | 816 | രേഖപ്പെടുത്തിയിട്ടില്ല | രേഖപ്പെടുത്തിയിട്ടില്ല | രേഖപ്പെടുത്തിയിട്ടില്ല | രേഖപ്പെടുത്തിയിട്ടില്ല |

(2) വാർധക്യകാല പെൻഷൻ ഗുണഭോക്താവായ ശ്രീമതി.എൻ W/O ചോയി കെ.കരുവാക്കോട് ഹൗസ് പാക്കം എന്ന ഗുണഭോക്താവിന്റെ അപേക്ഷയിൽ അന്വേഷണ ഉദ്യോഗസ്ഥൻ അന്വേഷണ റിപ്പോർട്ട് മുഴുവനായും രേഖപ്പെടുത്തിയിട്ടില്ല. ഗുണഭോക്താവിന്റെ അർഹത സംബന്ധിച്ച് അന്വേഷണ ഉദ്യോഗസ്ഥന്റെ വിശദമായ അന്വേഷണ റിപ്പോർട്ട് പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്

## 1-6-3 വിധവ പെൻഷൻ-അപാകതകൾ

ഗ്രാമ പഞ്ചായത്തിലെ വിധവ പെൻഷൻ അപേക്ഷ രജിസ്റ്ററും, അപേക്ഷകളും പരിശോധിച്ചപ്പോൾ ഭൂരിഭാഗം അപേക്ഷകളിലും ഗുണഭോക്താക്കൾ പുനർവിവാഹം ചെയ്തിട്ടില്ലായെന്ന് തെളിയിക്കുന്ന രേഖകൾ ഹാജരാക്കാതെയാണ് ആനുകൂല്യം അനുവദിച്ചിട്ടുള്ളത് ചില ഉദാഹരണങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രം നം | ഗുണഭോക്താവിന്റെ പേര് | രജിസ്റ്ററിലെ പേജ് നം | രജിസ്റ്ററിലെ ക്രമ നം. | ആവശ്യമായ രേഖ |
|---|---|---|---|---|
| 1 | ആസിയ W/O മൂസ(L) പെരിയാട്ടടുക്കം പനയാൽ | 21 | 240 | പുനർവിവാഹം ചെയ്തിട്ടില്ലായെന്ന് തെളിക്കുന്ന രേഖകൾ ഹാജരാക്കിയിട്ടില്ല |
| 2 | കാർത്ത്യായനി W/Oകെ വിജയൻ | 20 | 238 | പുനർവിവാഹം ചെയ്തിട്ടില്ലായെന്ന് |

| | | | | |
|---|---|---|---|---|
| | കാട്ടാംമ്പള്ളി ഹൗസ് കീക്കാൻ | | | തെളിക്കുന്ന രേഖകൾ ഹാജരാക്കിയിട്ടില്ല |
| 3 | ബീഫാത്തിമ W/O അബ്ദുള്ള ഷാഹിദ മന്ഡസിൽ കുറിച്ചിക്കുന്ന് പി ഒ ബേക്കൽ | 21 | 241 | പുനർവിവാഹം ചെയ്തിട്ടില്ലായെന്ന് തെളിക്കുന്ന രേഖകൾ ഹാജരാക്കിയിട്ടില്ല |
| 4 | ആയിഷ W/O കുഞ്ഞബ്ദുള്ള പി കെ ഹൗസ് പള്ളിപ്പുഴ | 21 | 242 | പുനർവിവാഹം ചെയ്തിട്ടില്ലായെന്ന് തെളിക്കുന്ന രേഖകൾ ഹാജരാക്കിയിട്ടില്ല |

മേൽ പരാമർശിച്ചിട്ടുള്ള ഗുണഭോക്താക്കൾ പുനർ വിവാഹം ചെയ്തിട്ടില്ലായെന്ന സാക്ഷ്യപത്രം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

1-6-4 വികലാംഗ പെൻഷൻ-അപാകതകൾ

2019-20 വർഷത്തെ സ്ഥാപനത്തിന്റെ വികലാംഗ പെൻഷൻ രജിസ്റ്ററും, അപേക്ഷകളും പരിശോധിച്ചപ്പോൾ ജി.ഒ (പി)നം.105/2002/തസ്വഭവ തീയതി 25-06-02 നമ്പർ ഉത്തരവ് പ്രകാരം അപേക്ഷ ലഭിച്ച് 40 ദിവസത്തിനകം തീരുമാനം എടുക്കണം എന്ന നിബന്ധന പാലിക്കാത്തതായി കണ്ടു. ആയത് സംബന്ധിച്ച ഗുണഭോക്താക്കളുടെ വിവരങ്ങൾ ചുവടെകൊടുക്കുന്നു.

| ക്രം നം | ഗുണഭോക്താവിന്റെ പേര് | രജിസ്റ്ററിലെ പേജ് നം | രജിസ്റ്ററിലെ ക്രമ നം. | അപേക്ഷ ലഭിച്ച തീയതി | അന്വേഷണം കഴിഞ്ഞ് തിരികെ ലഭിച്ച തീയ്യതി | സ്റ്റാന്റിംങ് കമ്മിറ്റിയുടെ തീരുമാനം നമ്പർ/ തീയ്യതി | പഞ്ചായത്ത് കമ്മിറ്റി തീരുമാനം നമ്പർ/ തീയ്യതി |
|---|---|---|---|---|---|---|---|
| 1 | നാരായണൻ കെ വെളുത്തോളി കോളനി പാക്കം പി ഒ | 12 | 138 | 01-02-2020 | 18-08-2020 | 8/20(1) 18-08-2020 | രേഖപ്പെടുത്തിയിട്ടില്ല |
| 2 | സുബൈർ ചിറക്കൽ , തൊട്ടി പള്ളിപ്പുഴ.പി ഒ ബേക്കൽ | 13 | 139 | 01-02-2020 | 18-08-2020 | 8/20(1) 18-08-2020 | രേഖപ്പെടുത്തിയിട്ടില്ല |
| 3 | അഫ്രീദ് പി പള്ളാരം പനയാൽ | 13 | 141 | 05-02-2020 | 18-08-2020 | 8/20(1) 18-08-2020 | രേഖപ്പെടുത്തിയിട്ടില്ല |
| 4 | കുഞ്ഞിക്കണ്ണൻ ടി കെ പാലക്കാൽ ഹൗസ് | 13 | 142 | 07-02-2020 | 18-08-2020 | 8/20(1) 18-08-2020 | രേഖപ്പെടുത്തിയിട്ടില്ല |

| | | | | | | | |
|---|---|---|---|---|---|---|---|
| | കരുവാക്കോട് | | | | | | |
| 5 | മുഹമ്മദ് അഫ്രാസ് എം S/O അബ്ദുൾ അസീസ് | 13 | 143 | 10-02-2020 | 18-08-2020 | 8/20(1) 18-08-2020 | രേഖപ്പെടുത്തിയിട്ടില്ല |
| 6 | മുഹമ്മദ് S/O അബ്ദുള്ള മീത്തൽ മൗവ്വൽ | 13 | 145 | 02-03-2020 | 18-08-2020 | 8/20(1) 18-08-2020 | രേഖപ്പെടുത്തിയിട്ടില്ല |
| 7 | എം.അസ് ലു താവക്കൽ മൻസിൽ മൂക്കുട്, കീക്കാൻ | 13 | 147 | 04-03-2020 | 18-08-2020 | 8/20(1) 18-08-2020 | രേഖപ്പെടുത്തിയിട്ടില്ല |
| 8 | ചേതന ജഗദീഷ് D/O ജഗദീഷ് കെ കോട്ടക്കുന്ന് ചിറക്കട്ട വീട് ബേക്കൽഫോർട്ട് | 13 | 140 | 05-02-2020 | 18-08-2020 | 8/20(1) 18-08-2020 | രേഖപ്പെടുത്തിയിട്ടില്ല |

അപേക്ഷകൾ ലഭിച്ച് നിശ്ചിത സമയപരിധിക്കുള്ളിൽ നടപടികൾ സ്വീകരിക്കാതിരുന്നതിനുള്ള കാരണം വിശദീകരിക്കേണ്ടതാണ്.

1-6-5 വിവാഹ ധനസഹായം-അപാകതകൾ

(A) 2019-20 വർഷം ഗ്രാമ പഞ്ചായത്തിൽ നിന്നും വിവാഹ ധനസഹായം നൽകിയ ഗുണഭോക്താക്കളുടെ അപേക്ഷ പരിശോധിച്ചതിൽ ലളിത W/O പുഷ്പരാജൻ (Late)ബട്ടത്തൂർ ഹൗസ്, പനയാൽ, ലക്ഷ്മി W/Oഗോപാലൻ (Late) പൊടിപ്പളം ഹൗസ് പനയാൽ പി.ഒ. എന്നീ ഗുണഭോക്താക്കളുടെ വരുമാനം തെളിയിക്കുന്ന സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല.

(B)വിവാഹ ധനസഹായം രജിസ്റ്ററിൽ പഞ്ചായത്ത് കമ്മിറ്റി തീരുമാനം നമ്പർ, തിരുമാനതീയ്യതി എന്നിവ രേഖപ്പെടുത്തിയിട്ടില്ല.

(C) വിവാഹ ധനസഹായം കൈപ്പറ്റിയ വാസന്തി കെ W/O വിജയൻ(Late) കാലിക്കടവ്, പൂച്ചക്കാട് എന്ന ഗുണഭോക്താവിന്റെ വിവാഹം നടന്നത് 23-03-2019 തീയ്യതിയും അപേക്ഷ നൽകിയത് 05-04-2019 തീയ്യതിയുമാണ്. വിവാഹം നടന്നതിന് 13 ദിവസങ്ങൾക്ക് ശേഷമാണ് അപേക്ഷ സമർപ്പിച്ചത്. ഈ ഗുണഭോക്താവിന്റെ മാപ്പപേക്ഷ, അപേക്ഷയോടൊപ്പം ഇല്ല.
മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

1-7 ക്യാഷ് പരിശോധന

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6 (4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന22-02-2021തീയതിയിൽ 1.10 ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. ക്യാഷ് ബാലൻസായ 13,846 /- രൂപയുടെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

1-8 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്ത് കാര്യാലയത്തിലെ ജീവനക്കാരുടെ തസ്തിക തിരിച്ചുള്ള വിവരം ചുവടെ പറയും

പ്രകാരമാണ്.

| ക്രമ നം | തസ്തിക | എണ്ണം |
|---|---|---|
| 1 | സെക്രട്ടറി | 1 |
| 2 | അസിസ്റ്റന്റ് സെക്രട്ടറി. | 1 |
| 3 | ജൂനിയർ സൂപ്രണ്ട് | 1 |
| 4 | അക്കൗണ്ടന്റ് | 1 |
| 5 | സീനിയർ ക്ലാർക്ക് | 3 |
| 6 | ക്ലാർക്ക് | 4 |
| 7 | ഡിപ്ളോയിഡ് ക്ലാർക്ക് | 1 |
| 8 | ഓഫീസ് അറ്റൻഡന്റ് | 2 |
| 9 | പാർട്ട് ടൈം സ്വീപ്പർ | 3 |

ജീവനക്കാരുടെ ജോലി വിഭജനം കാലാകാലങ്ങളിൽ ഓഫീസ് ഉത്തരവിന്റെ അടിസ്ഥാനത്തിൽ നടത്തിയിട്ടുണ്ട്.

ഓഡിറ്റ് വർഷം പഞ്ചായത്ത് ഭരണസമിതി 25 തവണ യോഗം ചേർന്നിട്ടുണ്ട്. ഗ്രാമപഞ്ചായത്തിലെ വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികളും കൃത്യമായി യോഗം ചേർന്നിട്ടുണ്ട്. യോഗ തീരുമാനങ്ങൾ കൃത്യമായി മിനിട്സ് ബുക്കിൽ രേഖപ്പെടുത്തുന്നുണ്ട്. ആഭ്യന്തര നിയന്ത്രണം പഞ്ചായത്തിൽ ഉണ്ടാകേണ്ടത് ഭരണസമിതിയുടെ ഉത്തരവാദിത്വമാണെന്ന് നിലവിലുള്ള ഭരണസമിതിക്ക് പൂർണ്ണമായും ബോധ്യമുണ്ട്.

ഗ്രാമപഞ്ചായത്ത് കാര്യാലയത്തിലെ ജീവനക്കാരുടെ യോഗം (Staff Meeting) 2019-2020 സാമ്പത്തിക വർഷം 15 തവണ (11.04.2019, 26.04.2019, 22.05.2019, 18.06.2019, 24.06.2019, 08.07.2019, 18.09.2019, 30.10.2019, 10.12.2019, 23.12.2019, 24.12.2019, 9.01.2020, 28.1.2020, 14.02.2020, 27.2.2020, ) ചേർന്നിട്ടുണ്ട്. ഓരോ സെക്ഷനിലെയും പ്രവർത്തന പുരോഗതി ജീവനക്കാരുടെ യോഗം വിലയിരുത്താറുണ്ട്.

ക്ലറിക്കൽ തസ്തികയിൽ ജോലിചെയ്യുന്ന ജീവനക്കാർ പേഴ്സണൽ രജിസ്റ്റർ എഴുതുന്നുണ്ടെങ്കിലും ആരും തന്നെ അത് പരിശോധിക്കുന്നില്ല. ഓഫീസിൽ ലഭിക്കുന്ന മുഴുവൻ തപാലുകളും സമയബന്ധിതമായി തീർപ്പ കൽപ്പിക്കുന്നുണ്ട് എന്നുറപ്പുവരുത്തുന്നതിന് എല്ലാ സെക്ഷനുകളും പേഴ്സണൽ രജിസ്റ്റർ എഴുതേണ്ടതും ആയത് സൂപ്പർവൈസറി തസ്തികയിലുള്ള ഉദ്യോഗസ്ഥൻ പരിശോധിക്കേണ്ടതുമാണ്. ജീവനക്കാരുടെ ഹാജർ കൃത്യമായി രേഖപ്പെടുത്തുന്നുണ്ട്. ജീവനക്കാരുടെ പെൻഷൻ കോൺട്രിബ്യൂഷനും മറ്റ് ശമ്പള റിക്കവറികളും കൃത്യമായി ഈടാക്കി ബന്ധപ്പെട്ട വകുപ്പുകളിലേക്ക് ഒടുക്കുന്നുണ്ട്. പ്രസിഡന്റിന്റെ ദുരിതാശ്വാസ നിധിയിക്കായി ഒരു അക്കൗണ്ട് ഉണ്ടെങ്കിലും കാലങ്ങളായി ഈ അക്കൗണ്ടിൽ ഇടപാടുകളൊന്നുംതന്നെ നടക്കുന്നില്ല.

അക്കൗണ്ടിങ്ങ് നടപടികളെ കുറിച്ചുള്ള എഴുതപ്പെട്ട രേഖ ഗ്രാമപഞ്ചായത്തിൽ നിലവിലുണ്ട്. വരവ് ചെലവുകളെ നിരീക്ഷിക്കുന്നതിനും വിലയിരുത്തുന്നതിനും ക്രമീകരിക്കുന്നതിനുമായി സ്ഥാപനത്തിൽ ബഡ്ജററ് പാസ്സാക്കിയിട്ടുണ്ട്. അപാകതകൾ ഉണ്ടെങ്കിലും പഞ്ചായത്തിന്റെ ധനപരമായ രേഖകളും വരവ് ചെലവ് പത്രികകളും പഞ്ചായത്തിന്റെ ധനപരമായ പ്രവർത്തനങ്ങളെ വിശദീകരിക്കുവാൻ പര്യാപ്തമാണ്. സേവനാവകാശനിയമം അനുശാസിക്കുന്ന തരത്തിലുള്ള സേവനങ്ങൾ എത്ര സമയത്തിനുള്ളിൽ ലഭ്യമാകും എന്ന് വ്യക്തമാക്കുന്ന വിവരങ്ങൾ രേഖപ്പെടുത്തിയ ബോർഡ് നിലവിൽ ഗ്രാമ പഞ്ചായത്തിൽ സ്ഥാപിച്ചിട്ടുണ്ട്. വിവരാവകാശനിയമം അനുശാസിക്കുന്ന തരത്തിലുള്ള ബോർഡും പഞ്ചായത്തിൽ സ്ഥാപിച്ചിട്ടുണ്ട്.

അക്കൗണ്ടിങ്ങ് സമ്പ്രദായം അനുശാസിക്കുന്ന തരത്തിലുള്ള രേഖകളും രജിസ്റ്ററുകളും സ്ഥാപനത്തിൽ സൂക്ഷിക്കുന്നുണ്ട് . നവീകരിച്ച അക്കൗണ്ടിങ്ങ് മാന്വൽ പ്രകാരമുള്ള മാറ്റങ്ങൾ സ്ഥാപനം ഉൾക്കൊള്ളുകയും

ആയത് അനുസരിച്ചുള്ള കാലികമായ മാറ്റങ്ങൾ സ്ഥാപനത്തിൽ നടപ്പിൽവരുത്തുകയും ചെയ്തുവരുന്നുണ്ട്. ജനറൽ ലെഡ്ജറും സബ്സിഡിയറി ലെഡ്ജറും ഉൾക്കൊള്ളുന്ന ഡബിൾ എൻട്രി സിസ്റ്റമാണ് സ്ഥാപനത്തിൽ നിലവിലുള്ളത്. മാസാന്ത്യങ്ങളിൽ റീകൺസിലിയേഷൻ നടത്തിവരാറുണ്ട്. രസീതു ബുക്കുകൾക്കും ഫോറങ്ങൾക്കും സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നുണ്ട്.

വിവിധ വരവുകൾ യഥാസമയം തന്നെ ബാങ്കുകളിൽ വരവു വെക്കുന്നുണ്ട്. പഞ്ചായത്തിൽ ലഭിക്കുന്ന ചെക്കുകളും ഡി.ഡികളും ചെക്ക് & ഡ്രാഫ്റ്റ് രജിസ്റ്ററിൽ കൃത്യമായി രേഖപ്പെടുത്തുകയും കാലതാമസം കൂടാതെ ബാങ്കുകളിൽ നിക്ഷേപിക്കുകയും ചെയ്യുന്നുണ്ട്. സുരക്ഷിതമായ തരത്തിൽ ഫ്രണ്ട്ഓഫീസ് സംവിധാനത്തിലൂടെയാണ് പഞ്ചായത്തിൽ പണം സ്വീകരിച്ചു വരുന്നത്. ബിൽ കലക്ടർമാർ സ്വീകരിക്കുന്ന പിരിവു തുക അതാതു ദിവസമോ അല്ലെങ്കിൽ തൊട്ടടുത്ത പ്രവൃത്തി ദിവസമോ പഞ്ചാത്ത് ഫണ്ടിൽ അടവാക്കി വരുന്നുണ്ട്.

ഗ്രാമപഞ്ചായത്തിൽ എസ്റ്റാബ്ലിഷ്മെന്റ് ചെലവുകളുമായി ബന്ധപ്പെട്ട് സൂക്ഷിക്കേണ്ട പ്രധാന രജിസ്റ്ററുകളായ അക്വിറ്റൻസ് രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ, ജീവനക്കാരുടെ റിക്കവറി സംബന്ധമായ രജിസ്റ്റർ, തുടങ്ങിയവ കൃത്യമായി എഴുതി സൂക്ഷിക്കുന്നുണ്ട്. ഇൻകുബൻസി രജിസ്റ്റർ സൂക്ഷിച്ചിട്ടുണ്ടെങ്കിലും ആയത് പൂർണ്ണമല്ല. ലോൺരജിസ്റ്റർ, ഡിപ്പോസിറ്റ് രജിസ്റ്റർ,സ്യൂട്ട് രജിസ്റ്റർ, ഓഡിറ്റ് ഒബ്ജക്ഷൻ രജിസ്റ്റർ, എന്നിവ സൂക്ഷിക്കുന്നുണ്ട്.

<u>1-9 പൗരാവകാശരേഖ -വർഷത്തിലൊരിക്കൽ പുതുക്കുകയും കാലാനുസൃതമാക്കുകയും ചെയ്യണമെന്നുള്ള വ്യവസ്ഥ പാലിച്ചിട്ടില്ല.</u>

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റ് വകുപ്പ് 272 (എ ) പ്രകാരം പള്ളിക്കര ഗ്രാമപഞ്ചായത്ത് പൗരാവകാശരേഖ രേഖ തയ്യാറാക്കി പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. പഞ്ചായത്ത് ഭരണസമിതി അധികാരത്തിലേറിയത് 2015 നവമ്പർ മാസത്തിലാണ്. 2004 ലെ കേരള പഞ്ചായത്ത് രാജ് (പൗരാവകാശ രേഖ തയ്യാറാക്കൽ ) ചട്ടങ്ങളിലെ മൂന്നാം ചട്ടത്തിൽ - പൊതുതെരഞ്ഞെടുപ്പ് കഴിഞ്ഞ് ഒരു പഞ്ചായത്ത് ഭരണസമിതി രൂപീകരിക്കപ്പെട്ടാൽ കഴിയുന്നതും നേരത്തെ, എന്നാൽ ആറ് മാസത്തിൽ കവിയാത്ത കാലയളവിനുള്ളിൽ ഒരു പൗരാവകാശരേഖ തയ്യാറാക്കി പ്രസിദ്ധപ്പെടുത്തേണ്ടതാണ് എന്ന് വ്യവസ്ഥ ചെയ്യുന്നു. എന്നാൽ പള്ളിക്കര ഗ്രാമപഞ്ചായത്തിൽ പൗരാവകാശരേഖ രേഖ അച്ചടിച്ച് പ്രസിദ്ധപ്പെടുത്തിയത് പഞ്ചായത്ത് ഭരണസമിതി അധികാരത്തിലേറി ആറ് മാസം കഴിഞ്ഞ് 6.6.2016 നാണ്. മേൽ ചട്ടങ്ങളിലെ മൂന്നാം ചട്ടപ്രകാരം രൂപികരിച്ചതും നാലാം ചട്ടപ്രകാരം പ്രസിദ്ധീകരിച്ചതുമായ പൗരാവകാശരേഖ വർഷത്തിലൊരിക്കൽ ഗ്രാമപഞ്ചായത്ത് ചർച്ചചെയ്തു പുതുക്കുകയും കാലാനുസൃതമാക്കുകയും ചെയ്യേണ്ടതുമാണ് എന്ന് ഈ ചട്ടങ്ങളിലെ ചട്ടം 9 ൽ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ പഞ്ചായത്ത് 6.6.2016 ന് അച്ചടിച്ച് പ്രസിദ്ധപ്പെടുത്തിയ പൗരാവകാശരേഖ പിന്നിട് പുതുക്കിയിട്ടില്ല. ചട്ടത്തിൽ വ്യവസ്ഥ ചെയ്ത പ്രകാരം പൗരാവകാശ രേഖ പുതുക്കുവാനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

<u>1-10 ഓഡിറ്റ് റിപ്പോർട്ട്- ചട്ട പ്രകാരമുള്ള തുടർ നടപടികൾ സ്വീകരിക്കുന്നതിൽ വീഴ്ച.</u>

1) കേരള പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 15(1) ൽ നിർദ്ദേശിച്ച പ്രകാരം സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ ഓഡിറ്റ് റിപ്പോർട്ടിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനം രണ്ടാഴ്ചക്കുള്ളിൽ പെർഫോമൻസ് ആഡിറ്റർക്ക് അയച്ചുകൊടുക്കേണ്ടതും റിപ്പോർട്ടിന്മേൽ പഞ്ചായത്ത് കൈക്കൊള്ളേണ്ട നടപടികളെപ്പറ്റി ആവശ്യമായ മാർഗനിർദ്ദേശങ്ങൾ നല്കേണ്ടതും മേൽ നടപടികൾ നിരീക്ഷിക്കേണ്ടതുമാണ്. എന്നാൽ ഇപ്രകാരം റിപ്പോർട്ട് അയച്ചു കൊടുക്കുകയോ ആവശ്യമായ മാർഗനിർദ്ദേശങ്ങൾ ലഭ്യമാക്കുകയോ ചെയ്തിട്ടില്ല.

2) പ്രസ്തുത ചട്ടങ്ങളിലെ 15(2) ചട്ടം അനുശാസിക്കുന്ന പ്രകാരം, ഓഡിറ്റ് റിപ്പോർട്ട്, പഞ്ചായത്ത് എടുത്ത തീരുമാനങ്ങളുടെ പകർപ്പ് സഹിതം ഗ്രാമ സഭകളിൽ ചർച്ചക്ക് വെക്കുകയുണ്ടായിട്ടില്ല.

3)പഞ്ചായത്ത് രാജ് നിയമ പ്രകാരം വരവുകളുടെ തിട്ടപ്പെടുത്തലും ഈടാക്കലും, ചെലവുകളുടെ ആദ്യ ഓഡിറ്റ് നടത്തേണ്ടത് ധനകാര്യ സ്റ്റാന്റിങ്ങ് കമ്മറ്റിയാണ്. വരവു ചെലവുകളുടെ സുതാര്യത ഉറപ്പ

വരുത്തതിനും പോരായ്മകൾ പരിഹരിക്കുന്നതിനും ബാധ്യതപ്പെട്ട ധനകാര്യ സ്റ്റാന്റിങ്ങ് കമ്മറ്റി, പഞ്ചായത്തിന്റെ 2018-19 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് പരിഗണനക്ക് വിധേയമാക്കുകയോ സ്റ്റാന്റിങ്ങ് കമ്മറ്റി യോഗം റിപ്പോർട്ട് ചർച്ച ചെയ്യുകയോ ചെയ്തതായോ കാണുന്നില്ല. ഓഡിറ്റ് റിപ്പോർട്ട് ധനകാര്യ സ്റ്റാന്റിങ്ങ് കമ്മറ്റിയുടെ പരിഗണനക്ക് അനിവാര്യമായും വിധേയമാക്കേണ്ടതാണ്. നിലവിൽ ഗ്രാമപഞ്ചായത്തിൽ 1980-81 മുതലുള്ള 28 വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കാൻ അവശേഷിക്കുന്നുണ്ട്.

4)ഓഡിറ്റ് റിപ്പോർട്ടിലെ പരാമർശങ്ങൾക്കും അപാകതകൾ പരിഹരിക്കുന്നതിന് നല്കുന്ന നിർദ്ദേശങ്ങൾക്കും അർഹമായ പ്രാധാന്യം സ്ഥാപനം നല്കുന്നില്ലെന്ന് മേൽ വസ്തുതകൾ വെളിവാക്കുന്നു. ഉദ്യോഗസ്ഥർ മുതൽ ഭരണസമിതി വരെയുള്ള വിവിധ തലങ്ങളിലെ ജാഗ്രതക്കുറവാണ് അപാകതകൾ ആവർത്തിക്കാൻ കാരണമെന്നു കാണാം. വിവിധ റിപ്പോർട്ടുകളിലായി പരാമർശിച്ചതും നിലവിലും ആവർത്തിക്കുന്നതുമായ അപാകതകൾ പരിഹരിക്കുന്നതിന് ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയും ഭരണസമിതിയും പ്രത്യേകശ്രദ്ധ പതിപ്പിക്കേണ്ടതും സ്വീകരിച്ച നടപടിയുടെ വിശദാംശം ഓഡിറ്റിന് സമർപ്പിക്കേണ്ടതുമാണ്. ഈ റിപ്പോർട്ടിലെ വിവിധ ഖണ്ഡികകളിൽ വിവിധ വിഷയങ്ങളിലെ നിലവിലെ അവസ്ഥ വിശദമാക്കിയതും പരിഹരിക്കുന്നതിനായുള്ള നിർദ്ദേശങ്ങൾ ഉൾപ്പെടുത്തിയതും കൂടി കാണുക. കൂടാതെ ഓഡിറ്റ് റിപ്പോർട്ടുകളിന്മേൽ ചട്ടം അനുശാസിക്കുന്ന പ്രകാരമുള്ള തുടർനടപടികൾ സ്വീകരിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

## 1-11 ലോഡ്ജിംഗ് കെട്ടിടത്തിന് ഗാർഹിക കെട്ടിടത്തിന്റെ നിരക്കിൽ നികുതി നിശ്ചയിച്ച നികുതി നഷ്ടം.

ശ്രീ. മുഹമ്മദ് കുഞ്ഞി, തായൽ മവ്വൽ എന്നയാൾ 5003/18-19 Dtd 03.08.2018 നമ്പർ പെർമിറ്റിന്റെ അടിസ്ഥാനത്തിൽ പണി പൂർത്തിയാക്കിയ കെട്ടിടത്തിലെ X/4 L മുതൽ X/4 Uവരെയുള്ള മുറികൾക്ക് പാർപ്പിടാവശ്യം [കൈവശ ഗണം A1] എന്ന കൈവശ ഗണത്തിൽ ഉൾപ്പെടുത്തിയാണ് വസ്തു നികുതി ചുമത്തിയിട്ടുള്ളത് [അസസ്മെന്റ് തിയ്യതി 12.06.2019]. ഒരു മുറിയും ബാത്ത് റൂമും മാത്രം ഉൾപ്പെടുന്ന മേൽ കെട്ടിടങ്ങളെ ലോഡ്ജ് [കൈവശ ഗണം A2] ഇനത്തിൽ ഉൾപ്പെടുത്താതെ പാർപ്പിടാവശ്യത്തിൽ ഉൾപ്പെടുത്തി വസ്തു നികുതി ചുമത്തിയത് ക്രമ പ്രകാരമല്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | വാർഡ് നം & ബിൽഡിംഗ് നമ്പർ | വിസ്തീർണം [$M^2$] | ചുമത്തിയ വസ്തു നികുതി [(@Rs4/-Perm$^2$)+20% വർദ്ധനവ്] + LC | ചുമത്തേണ്ട വസ്തു നികുതി [(@Rs20/-Per $M^2$)+ 20% വർദ്ധനവ്] + LC | കുറവ് |
|---|---|---|---|---|---|
| 1 | X/4 L | 29 M2 | 140 +7= 147 | 696 + 35=731 | 584 |
| 2 | X/4 M | 29 M2 | 140 +7= 147 | 696 + 35=731 | 584 |
| 3 | X/4 N | 29 M2 | 140 +7= 147 | 696 + 35=731 | 584 |
| 4 | X/4 O | 29 M2 | 140 +7= 147 | 696 + 35=731 | 584 |
| 5 | X/4 P | 29 M2 | 140 +7= 147 | 696 + 35=731 | 584 |
| 6 | X/4 Q | 29 M2 | 140 +7= 147 | 696 + 35=731 | 584 |
| 7 | X/4 R | 29 M2 | 140 +7= 147 | 696 + 35=731 | 584 |
| 8 | X/4 S | 29 M2 | 140 +7= 147 | 696 + 35=731 | 584 |
| 9 | X/4 T | 29 M2 | 140 +7= 147 | 696 + 35=731 | 584 |
| 10 | X/4 U | 6 M2 | 29 +2 = 31 | 144 + 7 = 151 | 120 |
| ആകെ | | | | | 5376 |

ലോഡ്ജിംഗ് കെട്ടിടത്തിന് അവയുടെ തറവിസ്തീർണ്ണത്തിനനുസരിച്ച് നികുതി നിശ്ചയിക്കാതെ, ഗാർഹിക കെട്ടിടത്തിന്റെ നിരക്കിൽ നികുതി നിശ്ചയിച്ച് വസ്തു നികുതി വരവിൽ കുറവ് വന്നത് സംബന്ധിച്ച പരാമർശം ശ്രദ്ധയിൽപ്പെടുത്തി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നം.09/തീയ്യതി 25-2-2021) ലഭ്യമാക്കിയ മറുപടിയിൽ വസ്തു നികുതി ഈടാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്ന് സെക്രട്ടറി അറിയിച്ചിട്ടുണ്ട്.

## 1-12 വസ്തു നികുതി-അപാകതകൾ

പഞ്ചായത്തിന്റെ 2019-20-ലെ വർഷിക ധനകാര്യ പത്രികയിലെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-15 പ്രകാരമുള്ള വസ്തു നികുതി ഇനത്തിലെ കുടിശ്ശിക വിവരം ചുവടെ ചേർക്കുന്നു. വസ്തു നികുതി കുടിശ്ശിക ഈടാക്കുവാനുള്ള നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

| | വസ്തു നികുതി |
|---|---|
| റസിഡൻഷ്യൽ (കറന്റ്) | 3,45,631 |
| റസിഡൻഷ്യൽ (അരിയർ) | 1,34,754 |
| നോൺ റസിഡൻഷ്യൽ (കറന്റ്) | 5,60,383 |
| നോൺ റസിഡൻഷ്യൽ (അരിയർ) | 45,019 |
| ആകെ | 10,85,787 |

## 1-13 സാംഖ്യ/സൂചിക രശീതി സ്റ്റോക്ക് രജിസ്റ്ററിലെ അപാകതകൾ

പള്ളിക്കര ഗ്രാമ പഞ്ചായത്തിലെ സാംഖ്യ/സൂചിക രശീതികൾ സ്റ്റോക്കിലെടുത്ത് വിതരണം ചെയ്യുന്നത് ക്രമപ്രകാരമല്ല. സാംഖ്യ രശീതികൾ കൈപ്പറ്റുന്ന ബന്ധപ്പെട്ട ഫ്രണ്ട് ഓഫീസിലെ ഉദ്യോഗസ്ഥർ ഒപ്പിടുകയോ പേര് രേഖപ്പെടുത്തുകയോ ചെയ്യുന്നില്ല. 5724001 മുതൽ 5727000 വരെയുള്ള രശീതികൾ 26-11-2019 ന് ചെമ്മനാട് ഗ്രാമപഞ്ചായത്തിന് നല്കാൻ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 28-11-2019ലെ ഉത്തരവ് നമ്പർ DDP-KSD/7338/18/SC2 പ്രകാരം ഉത്തരവാകുകയും 28-11-2019 ന് കൈപ്പറ്റിയതായി ചെമ്മനാട് ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിക്കുകയും ചെയ്തിട്ടുണ്ട്.എന്നാൽ 5724001 മുതൽ 5727000 വരെയുള്ള രശീതികൾ 19-03-2020ന് ഫ്രണ്ട് ഓഫീസിൽ നല്കിയതായി സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്തിട്ടുണ്ട്. 23-5-2019 ന് ലഭിച്ച 6000 എണ്ണം സാംഖ്യ രശീതികളിൽ (4197001 മുതൽ 4203000 വരെ) 4197001 മുതൽ 4197606 വരെ 606 എണ്ണം രശീതികൾ ഫ്രണ്ട് ഓഫീസിന് നല്കിയിട്ടുണ്ട്. ബാക്കിയുള്ള 5394 രശീതികളുടെ നീക്കിയിരിപ്പ് കാണിച്ചിട്ടില്ല.

അതുപോലെ സൂചിക രശീതികളിൽ 14-10-2019ൽ ലഭിച്ച 7737001 മുതൽ 7740000 വരെയുള്ള (3000 എണ്ണം) രശീതികൾ മാത്രമേ സ്റ്റോക്കിലെടുത്തിട്ടുള്ളൂ. ആയവ വിതരണം ചെയ്ത വിവരവും 05-11-2019ൽ ലഭിച്ച 7785001 മുതൽ 7794000 വരെയുള്ള 9000 രശീതികൾ ലഭിച്ചതിന്റെ വിവരവും സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. മേൽ അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണ്

## 1-14 ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് - രേഖകളുടെ പരിശോധനയിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ.

ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ഗ്രാമ പഞ്ചായത്ത് അനുവദിച്ച ലൈസൻസുകളുടെ അപേക്ഷകൾ, രജിസ്റ്ററുകൾ എന്നിവ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

എ. ലൈസൻസ് ഫീസ് പുതുക്കി നിശ്ചയിച്ചിട്ടില്ല

2017 ലെ കേരള നിക്ഷേപങ്ങൾ പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും ആക്ടിന് അനുസൃതമായി കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 232 ൽ വരുത്തിയ ഭേദഗതി അനുസരിച്ച് 31.10.2017 ലെ സ.ഉ.(പി)നം. 80/2017/തസ്വഭവ പ്രകാരം കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിൽ ഭേദഗതി വരുത്തി ഉത്തരവായിട്ടുണ്ട്. ഭേദഗതി ചട്ടങ്ങൾ പ്രകാരം ലൈസൻസ് ഫീസ് നിശ്ചയിക്കുന്നത് ദൈനംദിന വിറ്റുവരവിന് പകരം മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിലായിരിക്കണമെന്ന് ചട്ടം 7 പ്രകാരം നിഷ്കർഷിക്കുകയും പട്ടിക രണ്ടിൽ ലൈസൻസ് ഫീസുകൾ പുതുക്കി നിശ്ചയിക്കുകയും ചെയ്തിട്ടുണ്ട്.

ഗ്രാമപഞ്ചായത്തിന്റെ 2019-20 വർഷത്തെ ലൈസൻസ് രജിസ്റ്ററും അപേക്ഷകളും പരിശോധിച്ചതിൽ ലൈസൻസ് ചട്ടങ്ങളിൽ വന്ന ഭേദഗതി പ്രകാരം ഫീസ് പിരിക്കുന്നതിന് സ്ഥാപനങ്ങൾ ഉൽപാദനം, സേവനം എന്നീ മേഖലകളിൽ ഏതിലാണ് ഉൾപ്പെടുന്നതെന്നോ മൈക്രോ, മിനി, സ്മാൾ, മീഡിയം, ലാർജ്ജ് എന്നിങ്ങനെ തരം ഏതാണെന്നോ അപേക്ഷകളിലോ രജിസ്റ്ററിലോ രേഖപ്പെടുത്തിയിട്ടില്ല. ചുമത്താവുന്ന പരമാവധി ഫീസാണ് ഭേദഗതി ചെയ്ത പട്ടിക

രണ്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്നിരിക്കെ സ്ലാബുകൾക്ക് അനുസൃതമായി ഗ്രാമപഞ്ചായത്ത് ചുമത്തുന്ന ഫീസിന് നിരക്ക് നിശ്ചയിച്ചിട്ടില്ല.

ബി. വാർഡ് വൈസ് ട്രേഡേഴ്സ് ലിസ്റ്റ് സൂക്ഷിച്ചിട്ടില്ല

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിയ്ക്കുന്ന എല്ലാ സ്ഥാപനങ്ങളുടെയും ലിസ്റ്റ് തയ്യാറാക്കി അതു പ്രകാരം ലൈസൻസ് രജിസ്റ്റർ എഴുതി സൂക്ഷിയ്ക്കുന്നില്ല. സാംഖ്യാ അക്കൗണ്ട് പ്രകാരം ലൈസൻസ് ഫീ അടവാക്കിയ സ്ഥാപനങ്ങളെ മാത്രം ചേർത്ത് രജിസ്റ്റർ എഴുതി തയ്യാറാക്കുന്നതിനാൽ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിയ്ക്കുന്ന എല്ലാ സ്ഥാപനങ്ങളും ലൈസൻസ് എടുത്തിട്ടുണ്ടോ എന്ന് ഉറപ്പാക്കാനായിട്ടില്ല. എല്ലാ വർഷവും പുതിയ സ്ഥാപനങ്ങളെ ഉൾപ്പെടുത്തി വാർഡ് തിരിച്ച് ട്രേഡേഴ്സ് ലിസ്റ്റ് പുതുക്കി ഈ ലിസ്റ്റ് പ്രകാരം രജിസ്റ്റർ എഴുതി ഡി.സി.ബി. പത്രിക തയ്യാറാക്കേണ്ടതും സാംഖ്യാ അക്കൗണ്ട് പ്രകാരമുള്ള വരവുമായി റികൺസൈൽ ചെയ്യേണ്ടതുമാണ്.

പഞ്ചായത്തിലെ അസസ്മെന്റ് രജിസ്റ്റർ പ്രകാരം വാണിജ്യാവശ്യത്തിനുള്ള2957 കെട്ടിടങ്ങൾക്ക് കെട്ടിട നമ്പർ അനുവദിച്ചതായി കാണുന്നു. വിശദാംശം ചുവടെ ചേർക്കുന്നു

| ക്രമനം. | | ഇനം | എണ്ണം |
|---|---|---|---|
| I | 1 | വാണിജ്യാവശ്യം-100 ച. മീറ്റർ വരെ ഹോട്ടൽ, റസ്റ്റോറന്റ്, ഷോപ്പുകൾ, ഗോഡൗൺ | 2356 |
| | 2 | 100 ച. മീറ്റർ മുകളിൽ ഹോട്ടൽ, റസ്റ്റോറന്റ്, ഷോപ്പുകൾ, ഗോഡൗൺ | 355 |
| | 3 | 200 ച. മീറ്റർ തറവിസ്തീർണ്ണമുള്ള സൂപ്പർ മാർക്കറ്റ്, ഷോപ്പിംഗ് മാൾ | 0 |
| | 4 | 200 ച. മീറ്ററിന് മുകളിൽ തറവിസ്തീർണ്ണമുള്ള സൂപ്പർ മാർക്കറ്റ്, ഷോപ്പിംഗ് മാൾ | 6 |
| II | 1 | ബങ്കുകൾ, പെട്ടികടകൾ, കമ്പ്യൂട്ടർ സെന്റർ,ഫ്യൂവൽ സ്റ്റേഷൻ | 9 |
| | 2 | ആഫീസ് ആവശ്യത്തിനുള്ളവ | 59 |
| III | | അസംബ്ലി കെട്ടിടം, കൺവെൻഷൻ സെന്റർ, ആഡിറ്റോറിയം, സിനിമ തിയേറ്റർ, കല്ല്യാണ മണ്ഡപം, ലോഡ്ജ് | 121 |
| IV | 1 | വ്യവസായം-ചെറുകിട വ്യവസായ സംരംഭങ്ങൾ, കൈത്തറി ഷെഡ്, തടിമില്ല് | 29 |
| | 2 | ഇതര വ്യവസായം | 22 |

എന്നാൽ ലൈസൻസ് രജിസ്റ്റർ പ്രകാരം ലൈസൻസ് എടുത്ത് പ്രവർത്തിക്കുന്ന വാണിജ്യസ്ഥാപനങ്ങൾ 451 എണ്ണം മാത്രമാണ്. ഗ്രാമപഞ്ചായത്തിലുള്ള മുഴുവൻ വാർഡുകളിലും ഫീൽഡ് വെരിഫിക്കേഷൻ നടത്തി വാർഡ് അടിസ്ഥാനത്തിൽ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കേണ്ടതും അനുമതിയില്ലാതെ യാതൊരു സ്ഥാപനവും പ്രവർത്തിക്കുന്നില്ലായെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

സി. ഉറവിട മാലിന്യ സംസ്കരണത്തിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് ഉറപ്പാക്കാതെ ലൈസൻസ് അനുവദിച്ചിരിക്കുന്നു.

സ.ഉ.(സാധാ)നം.2511/2017/തസ്വഭവ തിയതി 22.07.2017 പ്രകാരം ഉറവിട മാലിന്യ സംസ്കരണം ഫലപ്രദമായും കാര്യക്ഷമമായും നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിക്കുവാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സർക്കാർ നിർദ്ദേശം നൽകിയിരുന്നു. ഹോട്ടലുകൾ, ക്ലബ്ബുകൾ, കല്യാണ മണ്ഡപങ്ങൾ, ഹാളുകൾ, ഭക്ഷണശാലകൾ പ്രവർത്തിക്കുന്ന മാളുകൾ, റീടെയിൽ കേന്ദ്രങ്ങൾ, ഷോപ്പിംഗ് കോംപ്ലക്സുകൾ, ഭക്ഷ്യവസ്തുക്കൾ വിൽക്കുന്ന സിനിമാ തിയറ്ററുകൾ, വസ്ത്രശാലകൾ, പാർട്ടികളുമായി ബന്ധപ്പെട്ട് ഭക്ഷണം വിളമ്പുന്ന സ്ഥലങ്ങൾ, കാറ്ററിംഗ് യൂണിറ്റ്, പച്ചക്കറി-പഴം

വിപണന കടകൾ, മത്സ്യം, മാസം എന്നിവ വിൽക്കുന്ന കടകൾ, കാന്റീനുകൾ, എന്നിവിടങ്ങളിലെല്ലാം മാലിന്യങ്ങൾ തരംതിരിച്ച് ജൈവ മാലിന്യങ്ങൾ വേർതിരിച്ച് ശേഖരിച്ച് ഉറവിടത്തിൽ തന്നെ ഫലപ്രദമായി സംസ്കരിക്കുന്നതിന് ബയോബിൻ, എയ്റോബിക് ബിൻ, ബയോഗ്യാസ് പ്ലാന്റ് പോലുള്ള സംവിധാനങ്ങൾ സജ്ജീകരിക്കുന്നതിനും അത്തരത്തിൽ സംവിധാനം ഏർപ്പെടുത്താത്ത സ്ഥാപനങ്ങളുടെ ലൈസൻസ് റദ്ദാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാനും നിർദ്ദേശിച്ചിരുന്നു. ജൈവ, അജൈവ മാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ സംസ്കരിക്കുന്നതിനുള്ള സംവിധാനം ഉണ്ടെന്ന് ഉറപ്പാക്കി മാത്രമേ ലൈസൻസ് അനുവദിക്കാവൂ എന്നും അജൈവ മാലിന്യങ്ങൾ നിശ്ചിത ഫീസ് ഈടാക്കി തദ്ദേശ സ്ഥാപനത്തിന് ശേഖരിക്കാവുന്നതാണെന്നും സർക്കാർ വ്യക്തമാക്കിയിട്ടുണ്ട്. നിലവിലുള്ളതും പുതുതായി ലൈസൻസ് നൽകുന്നതുമായ സ്ഥാപനങ്ങളുടെ വാർഡ് തിരിച്ചുള്ള ലിസ്റ്റ് തയ്യാറാക്കി കമ്പ്യൂട്ടറൈസ് ചെയ്ത് പ്രസിദ്ധപ്പെടുത്തേണ്ടതാണെന്നും 1994ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 219A മുതൽ 219X വരെയുള്ള വകുപ്പുകൾ, കേന്ദ്ര സർക്കാരിന്റെ സോളിഡ് വേസ്റ്റ് ചട്ടങ്ങൾ, 2016 ലെ ചട്ടം 4 എന്നിവ നടപ്പാക്കുന്നുണ്ടെന്ന് സെക്രട്ടറിമാർ ഉറപ്പാക്കേണ്ടതാണും സർക്കാർ നിർദ്ദേശിച്ചിരുന്നു. ലൈസൻസ് അനുവദിക്കുമ്പോൾ മേൽ നിർദ്ദേശം പാലിച്ചതായി കാണുന്നില്ല. സർക്കാർ നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്.

<u>ഡി.കശാപ്പുശാലകൾക്കും ഇറച്ചിക്കടകൾക്കും ലൈസൻസ് നിർബന്ധമാക്കണം.</u>

1996-ലെ കേരള പഞ്ചായത്ത് രാജ് (കശാപ്പുശാലകളും ഇറച്ചിക്കടകളും) ചട്ടങ്ങൾ 38 പ്രകാരം ഒരു പഞ്ചായത്ത് പ്രദേശത്തിനുള്ളിൽ മൃഗത്തിന്റെയോ പക്ഷിയുടെയോ മാംസം വിൽക്കുന്നതിനുള്ള കട സ്ഥാപിക്കുന്നത് അതിനായി ഗ്രാമപഞ്ചായത്ത് അംഗീകരിച്ചിട്ടുള്ള സ്ഥലത്ത് ആയിരിക്കേണ്ടതും, ഇറച്ചിക്കട ചില്ലുവച്ച് മറച്ചതും ഈച്ച മുതലായ പ്രാണികൾ കടക്കാത്തതും, ധാരാളം വായു സഞ്ചാരമുള്ളതുമായിരിക്കേണ്ടതും വഴിയാത്രക്കാർ കാണാത്ത വിധത്തിൽ ഇറച്ചി സൂക്ഷിക്കേണ്ടതും , കടയുടെ ലൈസൻസി, തന്റെ പേര്, കടയുടെ നമ്പർ, വില നിരക്കുകൾ എന്നിവ വ്യക്തമാക്കിക്കൊണ്ടുള്ള ബോർഡ് അന്യർക്ക് കാണത്തക്കവിധം കടയുടെ മുൻപിൽ പ്രദർശിപ്പിക്കേണ്ടതു മാണ്. എന്നാൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ഇറച്ചിക്കടകൾക്ക് 1994 ലെ കേരള പഞ്ചായത്ത് രാജ് 229 മുതൽ 231 വരെയുള്ള വകുപ്പുകൾ, 1996-ലെ കേരള പഞ്ചായത്ത് രാജ് (കശാപ്പുശാലകളും ഇറച്ചിക്കടകളും)ചട്ടങ്ങൾ, ബഹു.പഞ്ചായത്ത് ഡയർക്റ്ററുടെ സർക്കുലറുകൾ (സർക്കുലർ നം.27560/ജെ2/2000/ തസ്വഭവ തീ.12-07-2000, സർക്കുലർ നം.1173/ഡിബി2/09/തസ്വഭവ തീ.17-09-2009, സർക്കുലർ നം. 66771/ഡി ബി 2/09/തസ്വഭവ തീയതി 08-01-2010, സർക്കുലർ നം. 25533/ഡി ബി 2/12/തസ്വഭവ തീയതി 06-04-2012) എന്നിവയിലെ നിബന്ധനകൾ പ്രകാരം ലൈസൻസ് നൽകിയിട്ടില്ല. ഉദാ- ലൈസൻസ് നം 31,47,50,71,93,310,329,379,392,409.

<u>ഇ. ലൈവ് സ്റ്റോക്ക് ഫാമുകൾ പരിശോധനാ റിപ്പോർട്ട് സൂക്ഷിച്ചിട്ടില്ല.</u>

2018-19 സാമ്പത്തികവർഷത്തിൽ താഴെ പറയുന്ന ലൈവ് സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് അനുവദിച്ചിട്ടുണ്ട്.

| ക്രമ നം. | ഫാമിന്റെ പേര് | ലൈസൻസിയുടെ പേര് | ലൈസൻസ് നം. |
|---|---|---|---|
| 1 | പോൾട്രീ ഫാം | വിഷ്ണു പ്രസാദ് ഹെബ്ബാർ | 1/2019-20 |

2012-ലെ കേരള പഞ്ചായത്ത് രാജ് (ലൈവ്സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ) ചട്ടങ്ങൾ, ചട്ടം 10 പ്രകാരം സെക്രട്ടറിയും മറ്റ് ഉദ്യോഗസ്ഥരും ലൈവ്സ്റ്റോക്ക് ഫാമിൽ വളർത്തപ്പെടുന്ന മൃഗങ്ങളുടെയോ പക്ഷികളുടേയോ എണ്ണം തിട്ടപ്പെടുത്തുന്നതിനോ, ഫാമിന്റെ ഉടമസ്ഥൻ അഥവാ നടത്തിപ്പുകാരൻ ഈ ചട്ടങ്ങളിലോ ഗ്രാമപഞ്ചായത്തിന്റെ അനുമതിയിലോ നിഷ്കർഷിച്ചിട്ടുള്ള നിബന്ധനകൾ പൂർണ്ണമായി പാലിക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനോ വേണ്ടി ആറുമാസത്തിലൊരിക്കൽ ലൈവ് സ്റ്റോക്ക് ഫാമിൽ പരിശോധന നടത്തി പരിശോധനാ റിപ്പോർട്ട് സൂക്ഷിക്കേണ്ടതാണ്. ആയത് സൂക്ഷിച്ചിട്ടില്ല.

<u>എഫ്. റേഷൻ കടകളിൽ നിന്നും ലൈസൻസ് ഫീ ഈടാക്കിയിട്ടില്ല.</u>

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 232, 233, 234, 254 വകുപ്പുകൾക്ക് അനുബന്ധമായി പുറപ്പെടുവിച്ചിട്ടുള്ള ലൈസൻസ് ചട്ടങ്ങളിൽ ലൈസൻസ് ആവശ്യമായ സ്ഥാപനങ്ങളുടെ പട്ടികയിൽ (പട്ടിക 1 ക്രമനം 149) പ്രകാരം ഭക്ഷ്യ-പൊതു വിതരണ വകുപ്പിന്റെ ഭാഗമായ റേഷൻ റീട്ടെയിൽ ഡിപ്പോകളെ ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ലൈസൻസ് രജിസ്റ്റർ പരിശോധിച്ചതിൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകൾ ഒന്നും തന്നെ ലൈസൻസ് എടുത്തതായി കാണുന്നില്ല. റേഷൻ കടകൾക്ക് ലൈസൻസ് അനുവദിക്കുവാനുള്ള മേൽ നടപടികൾ സ്വീകരിക്കേണ്ടതാണ്.

<u>ജി. കെട്ടിടങ്ങളുടെ നമ്പറും ഉപയോഗക്രമവും പരിശോധിക്കാതെ ഡി&ഒ ലൈസൻസ് അനുവദിച്ചു-ചട്ടലംഘനം.</u>

2018-19 സാമ്പത്തിക വർഷത്തിൽ ഡി & ഒ ലൈസൻസ് അനുവദിച്ചിട്ടുള്ള വിവിധ സ്ഥാപനങ്ങൾ സമർപ്പിച്ച അപേക്ഷകളിൽ പ്രസ്തുത സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതായി രേഖപ്പെടുത്തിയ കെട്ടിടങ്ങളെ സംബന്ധിച്ച വിവരങ്ങൾ സഞ്ചയ സോഫ്റ്റ്‌വെയറിൽ പരിശോധിച്ചപ്പോൾ ചില കെട്ടിടങ്ങളുടെ ഉപയോഗക്രമം വാണിജ്യമോ വ്യവസായമോ അല്ല

എന്നും പാർപ്പിടാവശ്യമാണെന്നും കണ്ടു. അതായത്, പാർപ്പിടാവശ്യം എന്ന ഉപയോഗക്രമത്തിൽ ഉൾപ്പെടുത്തി വസ്തുനികുതി നിർണ്ണയിച്ചിട്ടുള്ള കെട്ടിടങ്ങളിൽ വ്യവസായ/വാണിജ്യ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ട്. നികുതി നിർണ്ണയിച്ചിട്ടുള്ള ഉപയോഗക്രമം പരിശോധിച്ച് ആവശ്യമായ വിനിയോഗമാറ്റം നടത്താതെയാണ് ഡി. & ഒ. ലൈസൻസ് അനുവദിച്ചിട്ടുള്ളത്.

| ക്രമ നം | ഡി&ഒ ലൈസൻസ് നമ്പർ | അപേക്ഷ പ്രകാരമുള്ള കെട്ടിട നമ്പർ | ലൈസൻസ് അനുവദിക്കപ്പെട്ട സ്ഥാപനം | സഞ്ചയ പ്രകാരം കെട്ടിടത്തിന്റെ തരം. |
|---|---|---|---|---|
| 1 | 186/2019-20 | V-18 E | റൈസ് മില്ല്. | പാർപ്പിടം |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നം.23- തീയ്യതി 27-2-2021) ഓഡിറ്റ് നിർദേശങ്ങൾ പാലിക്കുന്നതാണ് എന്നും ചട്ടപ്രകാരമുള്ള നടപടികൾ സ്വീകരിച്ച് മാത്രമേ കശാപ്പുശാലകൾ, ഇറച്ചിക്കടകൾ, ലൈവ് സ്റ്റോക്ക് ഫാമുകൾ എന്നിവയ്ക്ക് ലൈസൻസ് അനുവദിക്കുകയുള്ളു എന്നും റേഷൻ കടകൾ, അബ്കാരി ഷോപ്പുകൾ എന്നിവയെ ലൈസൻസിന്റെ പരിധിയിൽ കൊണ്ടുവരുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ് എന്നും മറുപടി നൽകിയിട്ടുണ്ട്. തുടർനടപടികൾ സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-15 കെട്ടിടനിർമ്മാണ അപേക്ഷ തീർപ്പാക്കൽ/ രജിസ്റ്ററിന്റെ സൂക്ഷിപ്പ് എന്നിവയിലെ അപാകതകൾ

കെട്ടിട നിർമ്മാണ അപേക്ഷകൾ സ്വീകരിക്കുന്നതിലും, തുടർ നടപടികൾ കൈക്കൊള്ളുന്നതിലും കൂടുതൽ വ്യക്തതയും സുതാര്യതയും കാര്യക്ഷമതയും ഉണ്ടാകുന്നതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ച് 02.12.2015ൽ തദ്ദേശ സ്വയംഭരണ വകുപ്പ് പുറപ്പെടുവിച്ചിട്ടുള്ള 12900/ആർ.എ1/2015/ തസ്വഭവ നമ്പർ സർക്കുലറിലെ താഴെ പറയുന്ന നിർദ്ദേശങ്ങൾ പാലിച്ചതായി കാണുന്നില്ല.

(1).ഫ്രണ്ട് ഓഫീസിൽ നിന്നു നൽകുന്ന കറണ്ട് നമ്പറിന്റെ അടിസ്ഥാനത്തിൽ കെട്ടിട നിർമ്മാണ ഫയലിന് നമ്പർ നൽകേണ്ടതാണ്. പിന്നീട് പ്രസ്തുത ഫയലിലുണ്ടാകുന്ന വിനിമയങ്ങൾ, നോട്ടീസുകൾ , ഉത്തരവുകൾ, നടപടിക്രമങ്ങൾ, പെർമിറ്റ്, ഒക്യുപൻസി മുതലായവയെല്ലാം ഈ ഫയൽ നമ്പറിൽ നിന്നാണുണ്ടാകേണ്ടത്. കെട്ടിട നിർമ്മാണ അപേക്ഷാ ഫയലിൽ നോട്ടു ഭാഗവും കറസ്പോണ്ടൻസ് ഭാഗവും ഉണ്ടായിരിക്കേണ്ടതാണ്. ഇവയിൽ രേഖപ്പെടുത്തലുകൾ, ഫയൽ സംബന്ധമായ വിവരങ്ങൾ, മറ്റു രേഖകൾ എന്നിവ ക്രമാനുഗതമായി ഫയൽ നമ്പർ, പേജ് നമ്പർ എന്നിവ രേഖപ്പെടുത്തി ഫയലുകൾ ശരിയായ രീതിയിൽ സൂക്ഷിക്കേണ്ടതാണ്. എന്നാൽ ഇപ്രകാരമല്ല ഗ്രാമപഞ്ചായത്തിലെ പെർമിറ്റ് ഫയലുകൾ സൂക്ഷിച്ചിട്ടുള്ളത്.

(2).കുറിപ്പുകൾ അപേക്ഷയിൽ തന്നെ എഴുതുന്ന രീതി പൂർണ്ണമായും ഒഴിവാക്കേണ്ടതാണ്. ഫയൽ പേജുകൾ ശരിയായ സമയക്രമത്തിൽ റ്റാഗ് ചെയ്ത് ചേർക്കേണ്ടതാണ്. നോട്ട് ഫയലിന്റെ എല്ലാ പേജിലും ഫയൽ നമ്പരും, പേജു നമ്പരും രേഖപ്പെടുത്തേണ്ടതാണ്. എന്നാൽ ഇപ്രകാരമല്ല ഫയലുകൾ സൂക്ഷിച്ചിട്ടുള്ളത്.

(3).കെട്ടിട അപേക്ഷ രജിസ്റ്റർ പരിശോധിച്ചതിൽ നിർമ്മാണാനുമതിയുടെ 3 വർഷം സാധുതാ കാലയളവ് അവസാനിച്ചതിനു ശേഷവും അനവധി കെട്ടിടങ്ങളുടെ പൂർത്തീകരണ വിവരം രേഖപ്പെടുത്താതെയും നിർമ്മാണാനുമതികൾ നീട്ടി നൽകാതെയും പുതുക്കാതെയും തുടരുന്നതായി കാണുന്നു. ഈ കെട്ടിടങ്ങൾ പൂർത്തീകരിച്ചതായോ, നിർമ്മാണാനുമതിയുടെ സാധുതാ കാലയളവിനുള്ളിൽ അനുമതി നീട്ടി നൽകിയതായോ സാധുതാ കാലവളവ് അവസാനിച്ച ശേഷം അനുമതി പുതുക്കിയതായോ രേഖപ്പെടുത്തിയിട്ടില്ല. സാധുതാ കാലയളവ് അവസാനിച്ച ശേഷവും പുതുക്കാതെയും കാലാവധി നീട്ടി നൽകാതെയും തുടരുന്ന കെട്ടിട നിർമ്മാണ അനുമതികളിന്മേൽ പഞ്ചായത്ത് യാതൊരു നടപടികളും കൈക്കൊണ്ടിട്ടില്ല .

മേൽ വിവരിച്ച അപാകതകൾ കൂടാതെ കെട്ടിടനിർമ്മാണ പെർമ്മിറ്റ് സംമ്പന്ധിച്ച ഓഡിറ്റ് പരിശോധനയിൽ കണ്ട അപാകതകൾ താഴെ കൊടുക്കുന്നു

A)ബിൽഡിങ് റൂൾസ് സെക്ഷൻ 97 Aപ്രകാരമുള്ള രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

കേരള പഞ്ചായത്ത് രാജ് 2011 ലെ ബിൽഡിങ് റൂൾസ് 97 Aപ്രകാരം നിലവിലുള്ള കെട്ടിടങ്ങൾക്കുമേൽ ഒന്നാം നിലയുടെയോ, രണ്ടാം നിലയുടെയോ നിർമ്മാണങ്ങളും, കൂട്ടിച്ചേർക്കലുകളും ചട്ടങ്ങളിലെ വ്യവസ്ഥകൾ പ്രകാരം അനുവദിക്കാവുന്നതാണ്. എന്നാൽ ഇത്തരം കെട്ടിടങ്ങൾക്ക് പെർമിറ്റ് ലഭിച്ചതിനുശേഷം പിന്നീട് കൂട്ടിച്ചേർക്കലുകൾക്ക് അതിനനുസൃതമായി വസ്തു നികുതി നിർണ്ണയിക്കാതിരിക്കുന്നതിനുള്ള സാധ്യത നിലനിൽക്കുന്നുണ്ട്. തദ്ദേശ ഭരണം (ആർ ബി) വകുപ്പിന്റെ 01/03/2016 ലെ LSGD- RB 3/29/2016 – തസ്വഭവ നമ്പർ കത്ത് പ്രകാരം നിലവിലുള്ള കെട്ടിടങ്ങൾക്കുമേൽ നിർമ്മാണം/കൂട്ടിച്ചേർക്കലുകൾക്ക് പെർമിറ്റ് അനുവദിക്കുമ്പോൾ ഇത് സംബന്ധിച്ച്

വിശദവിവരങ്ങൾ രേഖപ്പെടുത്തുന്നതിന് ഒരു രജിസ്റ്റർ തുറന്ന് വിവരങ്ങൾ രേഖപ്പെടുത്തി പരിശോധനയ്ക്കായി സൂക്ഷിക്കണം എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഓഡിറ്റ് വർഷം ഗ്രാമപഞ്ചായത്തിൽ മേൽ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

B)പെർമിറ്റ് അപേക്ഷകളിൻമേൽ A.E യുടെ അന്വേഷണ റിപ്പോർട്ട് പൂർണ്ണമല്ല.

തദ്ദേശസ്വയംഭരണവകുപ്പിന്റെ 2/12/15-ലെ നം.12900/ആർ/2015/ത.സ്വ.ഭ.വ സർക്കുലർ പ്രകാരം പെർമിറ്റ് അപേക്ഷകളിൽ എഞ്ചിനിയറിംഗ് വിഭാഗം തയ്യാറാക്കുന്ന റിപ്പോർട്ടിൽ പ്ലോട്ടിന്റെ സർവേ നമ്പർ, വിസ്തീർണ്ണം, വില്ലേജ് എന്നിവയും കെട്ടിടത്തിന്റെ കൈവശ ഗണം/ഉപയോഗം, വിസ്തീർണ്ണം, എഫ്.എ.ആർ, നിലകളുടെ എണ്ണം, കവറേജ്, പാർക്കിംഗ് മുതലായ വിവരങ്ങൾ, നിർദ്ദിഷ്ട നിർമ്മാണം കെട്ടിട നിയമങ്ങളും മറ്റനുബന്ധ നിയമങ്ങളും പാലിക്കുന്നുണ്ടോയെന്നുള്ള വിശദമായ അഭിപ്രായം എന്നിവ ഉൾപ്പെടുത്തേണ്ടതും, പ്രസ്തുത റിപ്പോർട്ടിൽ സ്ഥലപരിശോധന നടത്തി അളവുകളും അതിരുകളും തിട്ടപ്പെടുത്തുന്നത്, സ്ഥലത്തിന്റെ പേര്, വാർഡ് നമ്പർ, സർവെ / റീസർവെ നമ്പർ, വിസ്തൃതി, വഴിയുടെ വീതി, സ്ഥലത്തിന്റെ തരം, ചുറ്റുവട്ടത്തെ വികസനം, പെർമിറ്റ് ഫീസ് സംബന്ധമായ കണക്കാക്കലുകൾ, പെർമിറ്റ് അനുവദിക്കുന്നത് സംബന്ധിച്ച് കൃത്യമായ ശുപാർശ മുതലായവയും ഉൾപ്പെടുത്തേണ്ടതാണ്. എന്നാൽ പെർമിറ്റ് ഫയൽ പരിശോധിച്ചതിൽ AE യുടെ അന്വേഷണ റിപ്പോർട്ടിൽ പ്രസ്തുത വിവരങ്ങൾ മുഴുവൻ രേഖപ്പെടുത്തുന്നില്ല. മേൽ വിവരങ്ങൾ എല്ലാം ഉൾക്കൊള്ളിച്ച് കൊണ്ട് ഒരു ഫോർമാറ്റ് ഉണ്ടാക്കി അതിൽ അന്വേഷണ റിപ്പോർട്ട് തയാറാക്കേണ്ടതാണ്.

(C).റെഗുലറൈസ്ഡ് കെട്ടിടങ്ങളുടെ രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

കേരള പഞ്ചായത്ത് രാജ് കെട്ടിട നിർമാണ ചട്ടങ്ങൾ 2011 -ലെ ചട്ടം 137 പ്രകാരം സെക്രട്ടറി ഒരു ലിഖിത ഉത്തരവിലൂടെ ക്രമവൽക്കരണം അനുവദിച്ചു കൊടുക്കുമ്പോൾ, ആയത് അനുബന്ധം - J ഫോറത്തിൽ സ്ഥിരമായി സൂക്ഷിക്കേണ്ട രേഖയായി ഒരു രജിസ്റ്ററിൽ ഇതു സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്തേണ്ടതാണ്. എന്നാൽ ക്രമവൽക്കരണത്തിനു വേണ്ടി നിരവധി അപേക്ഷകൾ ലഭിക്കുന്നുണ്ടെങ്കിലും നാളിതു വരെ പഞ്ചായത്തിൽ ക്രമവൽകൃത കെട്ടിടങ്ങളുടെ വിശദാംശങ്ങൾ ഉൾകൊള്ളുന്ന രജിസ്റ്റർ സൂക്ഷിച്ചു പോരുന്നില്ല. നിലവിൽ പെർമിറ്റ് രജിസ്റ്ററിൽ തന്നെയാണ് ആയത് കാണിക്കുന്നത്,ഇത് ക്രമപ്രകാരമല്ല. ക്രമവൽകരണ ഇനത്തിൽ 1,46,862 രൂപ ലഭിച്ചിട്ടുണ്ടെങ്കിലും രജിസ്റ്റർ സൂക്ഷിക്കാത്തതിനാൽ ആയതിന്റെ കൃത്യത പരിശോധിക്കാനായില്ല. കെട്ടിട നിർമാണ ക്രമവൽകരണം സംബന്ധിച്ച് ചട്ടങ്ങൾ നിഷ്കർഷിക്കുന്ന രജിസ്റ്ററുകൾ സൂക്ഷിക്കാത്തതിന് വിശദീകരണം നല്കേണ്ടതാണ്.

(D).അനധികൃത നിർമ്മാണ സാധ്യത നിരീക്ഷിക്കുന്നില്ല-

സ്ഥാപനത്തിൽ പെർമിറ്റ് രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെങ്കിലും കെട്ടിടങ്ങൾ നിർമ്മാണം പൂർത്തീകരിക്കുമ്പോഴോ പുതുക്കുമ്പോഴോ രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ വരുത്തുന്നില്ല. ഇതുകൊണ്ട് തന്നെ പെർമിറ്റ് കാലാവധിക്കുള്ളിൽ നിർമ്മാണം പൂർത്തീകരിക്കുകയോ പുതുക്കുകയോ ചെയ്യാത്ത പെർമിറ്റുകൾ നിരീക്ഷണവിധേയമാക്കാനോ അനധികൃത നിർമ്മാണമുണ്ടെങ്കിൽ നടപടികൾ സ്വീകരിക്കാനോ കഴിയുന്നില്ല. നിലവിലുള്ള കെട്ടിടങ്ങളുടെ കൂട്ടിച്ചേർക്കലിനുള്ള പെർമിറ്റുകളുടെ കാര്യത്തിൽ പ്രത്യേകിച്ചും പൂർത്തീകരണ വിവരം ഗ്രാമപഞ്ചായത്തിനെ അറിയിക്കേണ്ടത് കെട്ടിട ഉടമയെ സംബന്ധിച്ച് അത്യാവശ്യമായ കാര്യമല്ലാത്തതിനാൽ കംപ്ലീഷൻ പ്ലാൻ സമർപ്പിക്കണമെന്നില്ല. എന്നാൽ സ്ഥാപനത്തെ സംബന്ധിച്ചിടത്തോളം പഴയനിരക്കിൽ കണക്കാക്കിയ നികുതിക്കു പകരം കെട്ടിടത്തിനു മുഴുവൻ പുതിയ നിരക്കിൽ നികുതി കണക്കാക്കി ഈടാക്കാനുള്ള സാധ്യതയുണ്ടാകുന്നു. ഇത്തരം കെട്ടിടങ്ങളുടെ കാര്യത്തിൽ പെർമിറ്റ് കാലാവധിക്കു ശേഷം സൈറ്റ് പരിശോധന നടത്തിയാൽ മാത്രമാണ് നിജസ്ഥിതി കണ്ടെത്താനാവുക. രജിസ്റ്റർ പൂർണ്ണമല്ലാത്തതിനാൽ ഇത്തരം പരിശോധന നടത്തപ്പെടാത്തത് നികുതി ഇനത്തിൽ വൻതുക സ്ഥാപനത്തിന് നഷ്ടപ്പെട്ടുകൊണ്ടിരിക്കുകയുമാണ്. സ്ഥാപന പരിധിക്കുള്ളിലെ കെട്ടിടനിർമ്മാണ നിയന്ത്രണം സാധ്യമാകുന്നത് ഫീൽഡ് തല പരിശോധനയിലൂടെയാണ്.എന്നാൽ ഇത് സാധ്യമാകുന്നതിന് ഉതകുന്നതരത്തിൽ ഒരു ഓഫീസ് ഉത്തരവ് സ്ഥാപനത്തിൽ നിലവിലില്ല. ഇതുകൊണ്ട് തന്നെ ഫീൽഡ് ഡ്യൂട്ടിക്ക് ഉത്തരവാദിത്വമുള്ള വാർഡ് ക്ലാർക്കുമാർക്ക് അവരുടെ ഉത്തരവാദിത്വം തിരിച്ചറിയാൻ കഴിയാതെ വന്നിട്ടുണ്ട്.കെട്ടിടനിർമ്മാണം ഉൾപ്പടെ ഫീൽഡിൽ നടക്കുന്ന നിയമലംഘനങ്ങൾ റിപ്പോർട്ട് ചെയ്യേണ്ട പ്രാഥമിക ഉത്തരവാദിത്യം നിറവേറ്റുന്നതിന് പകരം നികുതി പിരിവ് , പരാതികളിന്മേൽ അന്വേഷണം തുടങ്ങിയ കർത്തവ്യങ്ങൾക്കാണ് ഇവര് ഫീൽഡ് സന്ദർശനം നടത്തുന്നത്. ക്രമവൽകരണ ഇനത്തിൽ 137- കെട്ടിടങ്ങളിൽ നിന്നായി 1,46,862 രൂപ ഓഡിറ്റ് വർഷം ഈടാക്കിയിട്ടുണ്ട്. അനധികൃത നിർമ്മാണങ്ങളുടെ ബാഹുല്യമുണ്ടായിട്ടും ഓഡിറ്റ് കാലയളിൽ ഒരു അനധികൃതനിർമ്മാണം പോലും റിപ്പോർട്ട് ചെയ്യിട്ടില്ലെന്നത് മേൽ പശ്ചാത്തലത്തിൽ കാണേണ്ടതാണ്.

മേൽ അപാകതകൾക്ക് വിശദീകരണം നല്കേണ്ടതാണ് (ഓഡിറ്റ് എൻക്വയറി നം 20-തീയ്യതി 27-2-2021). അനധികൃത നിർമ്മാണങ്ങൾക്കെതിരെയും, പെർമിറ്റ് അപേക്ഷകളിൻമേൽ നിശ്ചിത സമയപരിധിക്കകവും നടപടി സ്വീകരിക്കേണ്ടതും, തുടർ നടപടി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-16 ഒഴിഞ്ഞ് കിടക്കുന്നതു മൂലം വസ്തുനികുതി ഇളവ് - നികുതിയിളവ് കിഴിച്ചിട്ടുള്ള വസ്തു നികുതി

അടവാക്കിയിട്ടില്ല.

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും)ചട്ടം21, എന്നിവ പ്രകാരം സാധാരണയായി വാടകയ്ക്ക് കൊടുക്കുന്നതോ, ഉടമസ്ഥൻ തന്നെ താമസിക്കുന്നതോ ആയ കെട്ടിടം ഒരു അർദ്ധ വർഷത്തിൽ ഒഴിഞ്ഞും വാടകയ്ക്ക് കൊടുക്കാതെയും കിടന്നിരുന്നാൽ ആ അർദ്ധവർഷത്തേയ്ക്കുള്ള നികുതി ഇളവ് ചെയ്ത് കിട്ടുന്നതിന് ഉടമസ്ഥന് അവകാശമുണ്ടായിരിക്കുന്നതാണ്. ഇതിനായി കെട്ടിടത്തിന്റെ ഉടമസ്ഥനോ അയാളുടെ ഏജന്റോ കെട്ടിടം ഒഴിഞ്ഞും വാടകയ്ക്ക് കൊടുക്കപ്പെടാതെയും കിടക്കുകയാണെന്നോ, നോട്ടീസ് കൊടുക്കുന്ന അർദ്ധവർഷത്തിലോ, തുടർന്നുള്ള അർദ്ധവർഷത്തിലോ ഒരു പ്രത്യേക തിയ്യതി മുതൽ കെട്ടിടം ഒഴിയുകയും വാടകയ്ക്ക് കൊടുക്കപ്പെടാതെയും ചെയ്യുമെന്ന് നേരത്തേ തന്നെ സെക്രട്ടറിയ്ക്ക് നോട്ടീസ് നൽകേണ്ടതാണ്. ഇത്തരത്തിൽ നേരത്തേ തന്നെ നോട്ടീസ് നൽകാതെ ഈയിളവ് ലഭിക്കുന്നതല്ല. മേൽ വിവരിച്ച ചട്ടത്തിൽ ഉപചട്ടം മൂന്ന് അനുസരിച്ച് ഇപ്രകാരം അനുവദിക്കുന്ന ഏതൊരിളവും ഫാറം.11 ലുള്ള നികുതിയിളവ് രജിസ്റ്ററിൽ ചേർക്കേണ്ടതാണ്. ഫാറം.11 ലെ രജിസ്റ്ററിൽ വാർഷിക വസ്തു നികുതി, അപേക്ഷകനിൽ നിന്നും നോട്ടീസ് ലഭിച്ച തിയ്യതി, കെട്ടിടം ഒഴിഞ്ഞു കിടക്കുന്ന കാലയളവും ദിവസങ്ങളും, നികുതിയിളവ് അനുവദിക്കുന്ന ദിവസങ്ങൾ, അനുവദിച്ച നികുതിയിളവ് (പരമാവധി 50% അർദ്ധ വാർഷിക നികുതി) എന്നിവ ഉൾപ്പെട്ടിരിക്കണം. മേൽ വിവരിച്ച ചട്ടത്തിലെ ഫോറം 11 പ്രകാരം നികുതിയിളവിന് അർഹമായത് പരമാവധി അർദ്ധവർഷ നികുതിയാണ്. എന്നാൽ ഓഡിറ്റ് വർഷം പഞ്ചായത്തിലെ നാല് വാർഡുകളിലായി 9,45,225രൂപ വസ്തുനികുതി ഇളവ് അനുവദിച്ചിട്ടുണ്ട് എന്നാൽ ഫാറം.11 ലുള്ള നികുതിയിളവ് രജിസ്റ്റർ തയ്യാറാക്കാത്തതിനാൽ ആയതിന്റെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല, കൂടാതെ താഴെ വിവരിച്ച കെട്ടിടത്തിന് ഓഡിറ്റ് വർഷം നികുതി ഇളവ് അനിവദിച്ചതായി കാണുന്നു.

പള്ളിക്കര ഗ്രാമ പഞ്ചായത്തിലെ കീക്കാൻ വില്ലേജിൽ BRDC യുടെ ഉടമസ്ഥതയിലുള്ള സ്ഥലത്ത് ലീസ് വ്യവസ്ഥയിൽ ശ്രീ. പി. കെ. നജീബ്, ഡയറക്ടർ, Green Gateway Limited, തിരുവനന്തപുരം എന്നയാൾ 19756.86m2 റിസോർട്ട് കെട്ടിടം 2015-16-രണ്ടാം അർദ്ധവർഷം മുതൽ വസ്തു നികുതി അടവാക്കി വരുന്നുണ്ട്. ഈ കെട്ടിടത്തിന് 2019-20 വർഷം നികുതിയിളവ് അനുവദിച്ചതായി കാണുന്നു. ഒന്നാം അർദ്ധവർഷത്തെ 50% വസ്തു നികുതി അടവാക്കിയിട്ടുണ്ട്. എന്നാൽ രണ്ടാം അർദ്ധവർഷത്തെ നികുതി അടവാക്കിയതായി കാണുന്നില്ല. രണ്ടു അർദ്ധ വർഷങ്ങളിലേയ്ക്കും നികുതി ഇളവിനു അപേക്ഷിക്കുമ്പോൾ ഒഴിഞ്ഞു കിടക്കുന്നദിവസത്തിന് ആനുപാതികമായി പരമാവധി അർദ്ധവാർഷിക നികുതി ഇളവാണ് അനുവദനീയമായിട്ടുള്ളത്. രണ്ടാം അർദ്ധ വർഷം അടവാക്കേണ്ട നികുതിയുടെ 50%-വും ഒഴിവാക്കിയതായി കാണുന്നു എന്നാൽ നികുതി ഇളവ് ലഭിച്ചതിനു ശേഷമുള്ള വസ്തു നികുതി മേൽ കെട്ടിട ഉടമ അടവാക്കിയതായി കാണുന്നില്ല. കെട്ടിടങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ താഴെ കൊടുക്കുന്നു,

| കെട്ടിട നം | കെട്ടിടത്തിന്റെഅളവ് | നിശ്ചയിച്ചനികുതി | ഗ്രന്ഥശാലവരി | ആകെ |
|---|---|---|---|---|
| XVI /247 T | 329.68m2 | 30,331 | 1517 | 31,848 |
| XVI /247U | 329.68m2 | 30,331 | 1517 | 31,848 |
| XVI /247V | 329.68m2 | 30,331 | 1517 | 31,848 |
| XVI /247W | 329.68m2 | 30,331 | 1517 | 31,848 |
| XVI /247X | 329.68m2 | 30,331 | 1517 | 31,848 |
| XVI /247Y | 329.68m2 | 30,331 | 1517 | 31,848 |
| XVI /247Z | 329.68m2 | 30,331 | 1517 | 31,848 |
| XVI /247A1 | 329.68m2 | 30,331 | 1517 | 31,848 |
| XVI /247A2 | 329.68m2 | 30,331 | 1517 | 31,848 |
| XVI /247A3 | 329.68m2 | 30,331 | 1517 | 31,848 |
| XVI /247A4 | 329.68m2 | 30,331 | 1517 | 31,848 |
| XVI /247A5 | 329.68m2 | 30,331 | 1517 | 31,848 |
| XVI /247A6 | 1060.23 M2 | 97,542 | 4878 | 1,02,420 |
| XVI /247G1 | 738.15 M2 | 67,910 | 3396 | 71,306 |
| XVI /247H1 | 158.52 M2 | 12,682 | 635 | 13,317 |
| XVI /247H2 | 158.52 M2 | 12,682 | 635 | 13,317 |
| XVI /247H3 | 158.52 M2 | 12,682 | 635 | 13,317 |
| XVI /247H4 | 158.52 M2 | 12,682 | 635 | 13,317 |
| | | | | |

| | | | | |
|---|---|---|---|---|
| XVI /247H5 | 158.52 M2 | 12,682 | 635 | 13,317 |
| XVI /247H6 | 158.52 M2 | 12,682 | 635 | 13,317 |
| XVI /247H7 | 158.52 M2 | 12,682 | 635 | 13,317 |
| XVI /247H8 | 158.52 M2 | 12,682 | 635 | 13,317 |
| XVI /247H9 | 158.52 M2 | 12,682 | 635 | 13,317 |
| XVI /247H10 | 158.52 M2 | 12,682 | 635 | 13,317 |
| XVI /247H11 | 158.52 M2 | 12,682 | 635 | 13,317 |
| XVI /247H12 | 158.52 M2 | 12,682 | 635 | 13,317 |
| XVI /247H13 | 158.52 M2 | 12,682 | 635 | 13,317 |
| XVI /247H14 | 158.52 M2 | 12,682 | 635 | 13,317 |
| XVI /247H15 | 158.52 M2 | 12,682 | 635 | 13,317 |
| XVI /247H16 | 158.52 M2 | 12,682 | 635 | 13,317 |
| XVI /247H17 | 158.52 M2 | 12,682 | 635 | 13,317 |
| XVI /247H18 | 158.52 M2 | 12,682 | 635 | 13,317 |
| XVI /247H19 | 158.52 M2 | 12,682 | 635 | 13,317 |
| XVI /247 I 1 | 505.88 M2 | 46,541 | 2328 | 48,869 |
| XVI /247 I 2 | 505.88 M2 | 46,541 | 2328 | 48,869 |
| XVI /247 I 3 | 505.88 M2 | 46,541 | 2328 | 48,869 |
| XVI /247 I 4 | 505.88 M2 | 46,541 | 2328 | 48,869 |
| XVI /247 I 5 | 505.88 M2 | 46,541 | 2328 | 48,869 |
| XVI /247K1 | 322.71 M2 | 29,690 | 1485 | 31,175 |
| XVI /247K2 | 322.71 M2 | 29,690 | 1485 | 31,175 |
| XVI /247K3 | 322.71 M2 | 29,690 | 1485 | 31,175 |
| XVI /247K4 | 322.71 M2 | 29,690 | 1485 | 31,175 |
| XVI /247K5 | 322.71 M2 | 29,690 | 1485 | 31,175 |
| XVI /247K6 | 322.71 M2 | 29,690 | 1485 | 31,175 |
| XVI /247L1 | 1228.36 M2 | 1,13,010 | 5651 | 1,18,661 |
| XVI /247M1 | 2289.13m2 | 1,92,287 | 965 | 2,01,902 |
| XVI /247N1 | 2548.74m2 | 2,34,485 | 11725 | 2,46,210 |
| XVI /247 O 1 | 534.38m2 | 38,476 | 1924 | 40,400 |
| | ആകെ നികുതി | | | 18,47,493 |
| | അർദ്ധ വർഷ നികുതി | | | 9,23,747 |

കെട്ടിട ഉടമസ്ഥൻ നികുതിയിളവ് കിഴിച്ചുള്ള രണ്ടാം അർദ്ധ വർഷത്തേ വസ്തു നികുതി അടവാക്കിയിട്ടുണ്ടെങ്കിൽ ആ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം 12- തീയ്യതി 26-2-2021).

## 1-17 തൊഴിൽ നികുതി അപാകതകൾ.

2019-20 സാമ്പത്തിക വർഷത്തിൽ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ,അർദ്ധവാർഷിക വരുമാന പത്രികകൾ എന്നിവ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ കാണുകയുണ്ടായി. വിശദവിവരം ചുവടെകൊടുക്കുന്നു.

1) 2019-20 വർഷത്തെ തൊഴിൽ നികുതി പത്രികകൾ പരിശോധിച്ചതിൽ നിന്നും ജീവനക്കാരുടെ വരുമാനം സംബന്ധിച്ച ബോണസ്/ ഫെസ്റ്റിവെൽ അലവൻസ് എന്നീ മാർഗ്ഗങ്ങളിലൂടെ ലഭിക്കുന്ന വരുമാനം ഉൾപ്പെടുത്താതെയാണ് ജീവനക്കാരുടെയും വരുമാനം സംബന്ധിച്ച സ്റ്റേറ്റ്മെന്റ് വാങ്ങിയിരിക്കുന്നത്. ഇക്കാര്യം ബന്ധപ്പെട്ട സ്ഥാപന മേധാവികളെ രേഖാമൂലം അറിയിച്ച് പരാമർശിത വരുമാന ഇനങ്ങൾ കൂടി ഉൾപ്പെടുത്തുമ്പോൾ ചുവടെ പട്ടികയിൽ ചേർത്ത ജീവനക്കാരുടെ വരുമാന സ്ലാബ് മാറുന്നുണ്ടോ എന്ന് പരിശോധിക്കുവാനും, ഉണ്ടെങ്കിൽ കുറവ് വന്ന നികുതി ഈടാക്കി ഗ്രാമ പഞ്ചായത്തിൽ ഒടുക്കുവാനും വേണ്ട നടപടി സ്വീകരിക്കേണ്ടതാണ്.

| ക്രമനം | ജീവനക്കാരുടെ പേര്/ഉദ്യോഗ പേര് | സ്ഥാപനത്തിന്റെ പേര് | അർദ്ധവർഷം |
|---|---|---|---|
| 1 | കൃഷ്ണജ കെ , LPSA | GUPS കുട്ടക്കനി | ഒന്നം, രണ്ടും അർദ്ധവർഷം |
| 2 | പ്രീത പി, LPSA | | |
| 3 | റീനി. എം, LPSA | | |
| 4 | രഞ്ജിത സി പി, LPSA | | |
| 5 | അനില എ, LPSA | | |
| 6 | ചിഞ്ചു പി, LPSA | | |
| 7 | സൗമ്യ കെ, LPSA | | |
| 8 | ശ്യാമ എം,ഓഫീസ് അസിസ്റ്റന്റ് | GUPS അഗസാരഹോള | ഒന്നം, രണ്ടും അർദ്ധവർഷം |
| 9 | മായാദേവി, സ്റ്റാഫ് നേഴ്സ് | പി എച്ച് സി-പള്ളിക്കര | ഒന്നം, രണ്ടും അർദ്ധവർഷം |
| 10 | ഷാനി കെ എം,ഓഫീസ് അസിസ്റ്റന്റ് | GMUPS പള്ളിക്കര | ഒന്നം, രണ്ടും അർദ്ധവർഷം |
| 11 | പൂർണ്ണിമ എ, ഓഫീസ് അസിസ്റ്റന്റ് | GHS തച്ചങ്കാട് | ഒന്നം, രണ്ടും അർദ്ധവർഷം |
| 12 | രമ്യ കെ വി, ഓഫീസ് അസിസ്റ്റന്റ് | | |
| 13 | ബാലകൃഷ്ണൻ കെ വി, FTM | | |

<u>2) സ്ഥാപനത്തിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല</u>

2019-20 വർഷത്തിലെ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ പരിശോധിച്ചതിൽ താഴെ കൊടുത്തിരിക്കുന്ന സ്ഥാപനങ്ങൾ അവയുടെ സ്ഥാപന തൊഴിൽ നികുതി അടച്ചതായി കാണുന്നില്ല. വിശദ വിവരം കൊടുക്കുന്നു.

1) സപ്ലൈകോ പെരിയാട്ടടുക്കം - രണ്ടാം അർദ്ധവർഷം

2) അക്ഷയസെന്റർ പള്ളിക്കര- ഒന്നം, രണ്ടും അർദ്ധവർഷം

3) ബി.എസ്.എൻ.എൽ. ഓഫീസ് - ഒന്നം, രണ്ടും അർദ്ധവർഷം

4) പള്ളിക്കര പെട്രോൾ പമ്പ് - ഒന്നം, രണ്ടും അർദ്ധവർഷം

മേൽപറഞ്ഞ സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കി വിശദവിവരങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

3) അംഗീകൃത കരാറുകാരിൽ നിന്നും തൊഴിൽ ഈടാക്കിയിട്ടില്ല.

1994-ലെ കോരള പഞ്ചായത്ത് രാജ് നിയമത്തിലെ 204(Ii)എ (I)വകുപ്പ് പ്രകാരം ഒരു പഞ്ചായത്ത് പ്രദേശത്ത് അറുപത് ദിവസത്തിൽ കുറയാതെ താമസിച്ച് തൊഴിലിൽ ഏർപ്പെടുന്ന കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണ്. എന്നാൽ പഞ്ചായത്ത് പ്രദേശത്ത് താമസക്കാരായ അഞ്ച് അംഗീകൃത കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

1) പ്രദ്യുമ്ന ബി.കെ, പി.ഡബ്ല്യു.ഡി. കോൺട്രാക്ടർ

2) ബോവാസ് അഥവ ചന്ദ്രബോസ്, പി.ഡബ്ല്യു.ഡി. കോൺട്രാക്ടർ

3) മണികണ്ഠൻ പി, പി.ഡബ്ല്യു.ഡി. കോൺട്രാക്ടർ

4) ഷഹസാദ് ഹുർക്കാർ എ.വൈ, പി.ഡബ്ല്യു.ഡി. കോൺട്രാക്ടർ

5) അനിൽ കുമാർ കെ ടി, പി.ഡബ്ല്യു.ഡി. കോൺട്രാക്ടർ

മേൽ കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കി ആയതിന്റെ വിശദ വിവരങ്ങൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

4) ശാരീരിക അവശത സ്ഥിരീകരിക്കുന്നതിനായുള്ള രേഖകൾ ഹാജരാക്കിയിട്ടില്ല.

2019-20 വർഷത്തെ ജീവനക്കാരുടെ തൊഴിൽ നികുതി റിട്ടേണുകൾ പ്രകാരം ചില ജീവനക്കാർക്ക് ശാരീരിക അവശത ഉണ്ടെന്ന കാരണത്താൽ നികുതി അടവാക്കുന്നതിൽ ഇളവ് നൽകിയിട്ടുണ്ട്. എന്നാൽ ശാരീരിക അവശത സ്ഥിരീകരിക്കുന്നതിനായുള്ള രേഖകൾ റിട്ടേണിനൊപ്പം സമർപ്പിച്ചിട്ടില്ല. ഏതാനും ഉദാഹരണങ്ങൾ താഴെക്കൊടുക്കുന്നു.

| ക്രമ നം. | ജീവനക്കാരന്റെ പേരും തസ്തികയും | സ്ഥാപനം | നികുതി അടവാക്കേണ്ടുന്ന കാലയളവ് |
|---|---|---|---|
| 1 | ലളിത കെ വി<br>അഗ്രിക്കൾച്ചർ അസിസ്റ്റന്റ് ഗ്രേഡ് -11 | കൃഷിഭവൻ പള്ളിക്കര | 2019-20 ഒന്നും,രണ്ടും അർദ്ധ വർഷം |
| 2 | ഗോവിന്ദൻ ടി വി<br>പി.ടി.എസ് | വെറ്റിനറി ഡിസ്പെൻസറി തച്ചങ്കാട് | 2019-20 ഒന്നും,രണ്ടും അർദ്ധ വർഷം |
| 3 | സി വി സുരേഷ് | പനയാൽ സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് | 2019-20 ഒന്നും,രണ്ടും അർദ്ധ വർഷം |

മേൽ അപാകതകൾ പരിശോധിച്ച് പരാമർശിത രേഖകൾ/വിശദീകരണങ്ങൾ ഓഡിറ്റിന് ലഭ്യമാക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം.28/01-03-20121).

## 1-18 ജി.എസ്.ടി കോമ്പൻസേഷൻ അനുവദിക്കുന്നതിന്റെ നടപടിക്രമങ്ങൾ പൂർത്തിയാക്കിയിട്ടില്ല.

01.11.2017 ലെ സ.ഉ(അച്ചടി) നം. 87/2017/തസ്വഭവ പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്തു നടപ്പാക്കുന്ന കരാറുകാർക്ക് ജി.എസ്.ടി കോമ്പൻസേഷൻ അനുവദിക്കുന്നത് സംബന്ധിച്ച് ഉത്തരവായിട്ടുണ്ട്. ഫിനാൻസ് വകുപ്പിന്റെ 01.03.2019 ലെ സർക്കുലർ നമ്പർ 18/2019/ഫിൻ പ്രകാരം ജി.എസ്.ടി കോമ്പൻസേഷൻ അനുവദിക്കുന്നതിനുള്ള രീതി വിശദമാക്കുകയും ചെയ്തിട്ടുണ്ട്. ഇതനുസരിച്ച് കേരള പൊതുമരാമത്ത് വകുപ്പ് ചീഫ് എഞ്ചിനീയറുടെ 06.03.2019 ലെ CE/Admin/PLA//EMP/1014/(A)/05 നമ്പർ സർക്കുലർ മുഖേന 15.03.2019 മുതൽ നിലവിൽ വന്ന പുതുക്കിയ കോസ്റ്റ് ഇൻഡക്സ് അടിസ്ഥാനമാക്കി എസ്റ്റിമേറ്റുകൾ തയ്യാറാക്കിയ 10 പ്രവൃത്തികൾക്ക് 2019-20 ൽ ജി.എസ്.ടി കോമ്പൻസേഷൻ അനുവദിച്ചിട്ടുണ്ട്.

01.11.2017 ലെ സ.ഉ(അച്ചടി) നം. 87/2017/തസ്വഭവ ഉത്തരവിന്റെ തുടർ ഉത്തരവായി 29.09,2018 ൽ പുറപ്പെടുവിച്ച ജി.ഒ(ആർ.ടി)നം.2532/2018/തസ്വഭവ ഉത്തരവിൽ ജി.എസ്.ടി കോമ്പൻസേഷൻ ക്ലെയിം ചെയ്യുന്നതിനായി കരാറുകാർ തയ്യാറാക്കി സമർപ്പിക്കേണ്ട സെൽഫ് ഡിക്ലറേഷന്റെ മാതൃക (Statement Of

Final Settlement Of Contract Amount And Declaration By The Contractor) അംഗീകരിച്ച് ഉത്തരവായിട്ടുണ്ട്.

2019-20 ൽ ജി.എസ്.ടി കോമ്പൻസേഷൻ അനുവദിച്ച പ്രവൃത്തികളുടെ കരാറുകാരിൽ നിന്നും ഈ മാതൃകയിലുള്ള ഡിക്ലറേഷൻ അസിസ്റ്റന്റ് എഞ്ചിനീയർ കൈപ്പറ്റിയിട്ടില്ല. ആയതിനാൽ ഈ പ്രവൃത്തികളിൽ ജി.എസ്.ടി കോമ്പൻസേഷൻ അനുവദിച്ചതിന്റെ നടപടിക്രമങ്ങൾ പൂർത്തിയായിട്ടില്ല. ജി.എസ്.ടി കോമ്പൻസേഷൻ കൈപ്പറ്റിയ കരാറുകാരിൽ നിന്നും സെൽഫ് ഡിക്ലറേഷൻ വാങ്ങി പരിശോധനയ്ക്ക് വിധേയമാക്കേണ്ടതും തുകയിൽ ക്രമീകരണങ്ങൾ വേണ്ട പക്ഷം അവ നടപ്പിലാക്കേണ്ടതുമാണ്.

2019-20 ൽ ജി.എസ്.ടി കോമ്പൻസേഷൻ അനുവദിച്ചതിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രവൃത്തിയുടെ വിവരങ്ങൾ | അനുവദിച്ച ജി.എസ്.ടി കോമ്പൻസേഷൻ |
|---|---|---|
| 1 | പ്രൊജക്റ്റ് നമ്പർ-SO 124/20- കുന്നുച്ചി സാംസ്കാരിക നിലയം- പുതുക്കിപ്പണിയൽ<br>കരാറുകാരൻ- ബോവാസ് Alias ചന്ദ്രബോസ് | 26,850 |
| 2 | പ്രൊജക്റ്റ് നമ്പർ SO 177/20- കാട്ടാമ്പള്ളി അങ്കണവാടി മെയിന്റനൻസ്, ബേബി ടോയ്ലറ്റ്<br>കരാറുകാരൻ- ബി.എ.അബ്ബാസ് | 14,396 |
| 3 | പ്രൊജക്റ്റ് നമ്പർ- SO 70/2020- കാട്ടിയടുക്കം കുട്ടപ്പുന്ന റോഡ് പുനരുദ്ധാരണം | 39,580 |
| 4 | പ്രൊജക്റ്റ് നമ്പർ SO 80/20- നരിക്കുണ്ട്- കുതിരക്കോട് റോഡ് കോൺക്രീറ്റ്<br>കരാറുകാരൻ- കെ.എ.അബ്ദുള്ള | 44,443 |
| 5 | പ്രൊജക്റ്റ് നമ്പർ- 98/2020- തൊട്ടിപ്പള്ളി തെക്ക് പടിഞ്ഞാറ് പുത്തൂർ റോഡ് കോൺക്രീറ്റ്<br>കരാറുകാരൻ- കെ.എ.അബ്ദുള്ള | 37,926 |
| 6 | പ്രൊജക്റ്റ് നമ്പർ- 111/20- പറയങ്ങാനം ബിസ്മില്ല റോഡ് കോൺക്രീറ്റ്<br>കരാറുകാരൻ- കെ.എ.അബ്ദുള്ള | 36,552 |
| 7 | പ്രൊജക്റ്റ് നമ്പർ- 100/20- തെക്കേക്കുന്ന് തറവാട് റോഡ് | 23,718 |

| | | |
|---|---|---|
| | കോൺക്രീറ്റ് കരാറുകാരൻ- കെ.എ.അബ്ദുള്ള | |
| 8 | പ്രൊജക്ട് നമ്പർ-182/20- പെരുന്തട്ട വയൽ ലിങ്ക് റോഡ് കോൺക്രീറ്റ് കരാറുകാരൻ- കെ.എ.അബ്ദുള്ള | 38,809 |
| 9 | പ്രൊജക്ട് നമ്പർ-162/20- പാണ്ഡ്യാല റെയിൽവേ റോഡ് കോൺക്രീറ്റ് കരാറുകാരൻ- കെ.എ.അബ്ദുള്ള | 25,576 |
| 10 | പ്രൊജക്ട് നമ്പർ- 162/20- വെളുത്തോളി കുന്നത്തുവയൽ കാൽച്ചാമരം റോഡ് കരാറുകാരൻ- ഷാഹുൽ ഹമീദ്.ടി.എ | 35,998 |
| | ആകെ | 3,23,848 |

## 1-19 ഭവന നിർമ്മാണം പൂർത്തീകരിച്ചില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ വി.ഇ.ഒ

ലൈഫ് ഭവന പദ്ധതി പ്രകാരം നിർമ്മാണമാരംഭിച്ച ചുവടെ ചേർത്ത ഗുണഭോക്താക്കൾ നാളിതുവരെയായിട്ടും ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടില്ലാത്തതായി കാണുകയുണ്ടായി. നിർമ്മാണം പൂർത്തീകരിക്കാത്ത വീടുകൾ നിലവിലുള്ള സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ച് എത്രയും വേഗം പൂർത്തീകരിക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ.നം | ഗുണഭോക്താവിന്റെ പേര് | യൂണിറ്റ് കോസ്റ്റ് | നാളിതുവരെ കൈപ്പറ്റിയ തുക | നൽകാൻ അവശേഷിക്കുന്ന തുക | വിടിന്റെ ഇപ്പോഴത്തെ സ്റ്റേജ് |
|---|---|---|---|---|---|
| 1 | ഷക്കീല പള്ളിക്കര | 4,00000/- | 4,0000/- | 3,60,000/- | തറ നിർമ്മാണം |
| 2 | സുഹറ പള്ളിക്കര | 4,00000/- | 3,00000/- | 1,00000/- | മേൽക്കൂര നിർമ്മാണം |
| 3 | ഓമന ബേക്കൽ | 4,00000/- | 2,96,000/- | 1,04,000/- | മേൽക്കൂര നിർമ്മാണം |
| 4 | ഹാജിറ പനയാൽ | 4,00000/- | 2,40,000/- | 1,60,000/- | ഭിത്തി നിർമ്മാണം |
| 5 | ദേവു കെ.വി | 4,00000/- | 2,40,000/- | 1,60,000/- | ഭിത്തി നിർമ്മാണം |
| 6 | അംബിക പള്ളിക്കര | 4,00000/- | 2,00,000/- | 2,00,000/- | ഭിത്തിനിർമ്മാണം |
| 7 | ദായിസ് പള്ളിക്കര | 4,00000/- | 1,40,000/- | 2,60,000/- | ഭിത്തിനിർമ്മാണം |
| 8 | സബിത എം. പള്ളിക്കര ബേക്കൽ | 4,00000/- | 3,00,000/- | 1,00,000/- | ഭിത്തി നിർമ്മാണം |

| | | | | | |
|---|---|---|---|---|---|
| 9 | നിഷ ബി പള്ളിക്കര | 4,00000/- | 1,40,000/- | 2,60,000/- | മേൽക്കൂര നിർമ്മാണം |
| 10 | മരിയാംകുഞ്ഞി പനയാൽ | 4,00000/- | 3,00000/- | 1,00,000/- | മേൽക്കൂര നിർമ്മാണം |
| 11 | ഫൗസിയ പള്ളിക്കര | 4,00000/- | 3,00,000/- | 1,00,000/- | മേൽക്കൂര നിർമ്മാണം |
| 12 | ശ്രീജ പനയാൽ | 4,00000/- | 2,00,000/- | 2,00,000/- | മേൽക്കൂര നിർമ്മാണം |
| 13 | റംലത്ത് | 4,00000/- | 3,00,000/- | 1,00,000/- | മേൽക്കൂര നിർമ്മാണം |
| | | ആകെ നൽകിയ തുക | 29,96,000/- | | |
| | | ആകെ നൽകാൻ അവശേഷിക്കുന്ന തുക | | 22,04,000/- | |

മേൽ ഗുണഭോക്താക്കളുടെ വീട് പണി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വിശദ വിവരങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

<u>1-20 ക്ഷീര സംഘങ്ങൾ മുഖേന അളന്ന പാലിന്റെ വിവരങ്ങൾ ഹാജരാക്കിയിട്ടില്ല.</u>

| | |
|---|---|
| പ്രോജക്ട് നം. | SO107/20 |
| പ്രോജക്ടിന്റെ പേര് | ക്ഷീര സംഘങ്ങൾക്ക് മുഖേന വിതരണം ചെയ്യുന്ന പാലിന് സബ്സിഡി |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഡയറി ഫാം ഇൻസ്ട്രക്ടർ |
| അടങ്കൽ | 14,50,000/-രൂപ |
| ചെലവ് തുക | 13,06,198/- രൂപ<br>5,50,000/-(പൊതു വിഭാഗം,സാധാരണം)<br>5,00,000/-(ബ്ലോക്ക് പഞ്ചായത്ത് വിഹിതം)<br>2,56,198/-(ജില്ലാ പഞ്ചായത്ത് വിഹിതം) |
| ബിൽ നമ്പർ, തീയതി | 01/19-20 –3,04,688/-രൂപ, 25-10-2019 |
| | 02/19-20 –1,62,938/-രൂപ, 25-10-2019 |
| | 03/19-20 –3,37,077/-രൂപ, 28-10-2019 |
| | 04/19-20 –54,269/-രൂപ, 18-01-2020 |
| | 05/19-20 –82,374/-രൂപ, 01-02-2020 |
| | 06/19-20 –1,08,654/-രൂപ, 09-02-2020 |
| | 07/19-20 –99,959/-രൂപ, 13-03-2020 |
| | 08/19-20 –92,420/-രൂപ, 13-03-2020 |
| | 09/19-20 –63,819/-രൂപ, 13-03-2020 |

നിർവ്വഹണ ഉദ്യോഗസ്ഥൻ ഡയറി ഫാം ഇൻസ്ട്രക്ടർ 2019-20 വർഷം പള്ളിക്കര ഗ്രാമ പഞ്ചായത്തിൽ നടപ്പിലാക്കിയ ക്ഷീര സംഘങ്ങൾ മുഖേന വിതരണം ചെയ്യുന്ന പാലിന് സബ്സിഡി (SO107/20) എന്ന പദ്ധതി പ്രകാരം 13,06,198/- രൂപ ചെലവഴിച്ചിട്ടുണ്ട്. പദ്ധതിയുമായി ബന്ധപ്പെട്ട് ചുവടെ ചേർത്ത രേഖകളും വിശദാംശങ്ങളും പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

| ക്രമ | ബിൽ നമ്പർ/ | തുക | ക്ഷീര സഹകരണ | കാരണം |
|---|---|---|---|---|

| നം. | തീയതി | | സംഘത്തിന്റെ പേര് | |
|---|---|---|---|---|
| 1 | 03/19-20<br>28-10-2019 | 3,37,077/- | കരിച്ചേരി ഉവക്കൽ ക്ഷീര സഹകരണ സംഘം | ഗുണഭോക്താക്കൾ പാൽ അളന്നത് സംബന്ധിച്ച രേഖകൾ ലഭ്യമാക്കേണ്ടതാണ്. |
| 2 | 06/19-20<br>09-02-2020 | 1,08,654/- | | |
| 3 | 07/19-20<br>13-03-2020 | 99,959/ | | |
| 4 | 08/19-20<br>13-03-2020 | 92,420/ | അമ്പങ്ങാട് ക്ഷീര സഹകരണ സംഘം | |
| ആകെ | | 6,38,110/-രൂപ | | |

തുക ചെലവഴിച്ചതുമായി ബന്ധപ്പെട്ട് മേൽ ചൂണ്ടികാണിച്ച അപാകതകൾ പരിഹരിക്കുന്നതിനാവശ്യമായ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കുന്നതുവരെ ചെലവ് തുക 6,38,110/-രൂപ തടസ്സത്തിൽ വെക്കുന്നു. (എൻക്വയറി നം.08 തീയതി 25-02-2021 )

## 1-21 വിവാഹ ധനസഹായ വിതരണം (എസ്.സി.പി) - അപാകത

| | |
|---|---|
| പ്രോജക്ട് നം. | SO20/20 |
| പ്രോജക്ടിന്റെ പേര് | പട്ടികജാതി പെൺകുട്ടികൾക്ക് വിവാഹ ധനസഹായം |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടി<br>പള്ളിക്കര ഗ്രാമപഞ്ചായത്ത് |
| അടങ്കൽ | 6,00,000/-രൂപ (വികസന ഫണ്ട്-എസ്.സി.പി) |
| ചെലവ് തുക | 3,75,000/-രൂപ |
| ബിൽ നമ്പർ, തീയതി | 01/19-20 –2,25,000/-രൂപ, 17-08-2019<br>03/19-20 - 75,000/-രൂപ, 17-08-2019<br>04/19-20 - 75,000/-രൂപ, 20-08-2019<br>ആകെ = 3,75,000/-രൂപ |

ഗ്രാമ പഞ്ചായത്തിലെ സാമ്പത്തിക ശേഷി കുറഞ്ഞ പട്ടികജാതിയിൽപ്പെട്ട പെൺകുട്ടികളുടെ വിവാഹത്തിന് രക്ഷിതാക്കൾക്ക് സാമ്പത്തിക സഹായം നൽകുന്ന ഈ പദ്ധതിയിൽ മേൽ സൂചിപ്പിച്ച 3 ബില്ലുകൾ പ്രകാരം ആകെ 3,75,000/-രൂപ രൂപ 5 ഗുണഭോക്താക്കൾക്കായി അനുവദിച്ചിട്ടുണ്ട്.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര്, അഡ്രസ്സ് | അപേക്ഷാ തിയ്യതി | വിവാഹ തിയ്യതി | തുക |
|---|---|---|---|---|
| 1 | ലീല W/O രമേശൻ, പാലാത്താട് ഹൗസ്,പനയാൽ പി ഒ | ഇല്ല | 08-05-2019 | 75,000/- |
| 2 | മൈനാവതി W/O സാമിക്കുട്ടി മഠത്തിൽ കോളനി ബേക്കൽ ഫോർട്ട് പി ഒ | ഇല്ല | 12-05-2019 | 75,000/- |
| 3 | കല്യാണി എം W/O മോഹനൻ എം.എസ്, കുറിച്ചിക്കുന്ന് ഹൗസ്, ബേക്കൽഫോർട്ട് പി ഒ | 27-05-2019 | 11-05-2019 | 75,000/- |
| 4 | സുമലത D/O രത്നാകരൻ, പൂവഞ്ചൽ ഹൗസ്,മൈലാട്ടി പി ഒ | ഇല്ല | 10-05-2019 | 75,000/- |
| 5 | പ്രേമ D/O രാമൻ മഠത്തിൽ ഹൗസ് ബേക്കൽഫോർട്ട് പി ഒ | 31-05-2019 | 01-04-2018 | 75,000/- |

ഈ പദ്ധതി നടപ്പിലാക്കിയതിൽ താഴെപ്പറയുന്ന അപാകതകളുണ്ട്.

1) നിലവിൽ ജില്ലാ പഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത്, പട്ടികജാതി വികസന വകുപ്പ് എന്നിവ മുഖേന സമാനമായ പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്. മേൽ ഗുണഭോക്താക്കൾക്ക് പരാമർശിത സ്ഥാപനങ്ങളിൽ നിന്നും വിവാഹ ധനസഹായം ലഭിച്ചിട്ടില്ലായെന്നത് സംബന്ധിച്ച സാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

2) ഈ പദ്ധതിക്ക് അപേക്ഷ സമർപ്പിക്കേണ്ടത് വിവാഹത്തിന് 15 ദിവസം മുമ്പോ, വിവാഹം കഴിഞ്ഞ് 180 ദിസവത്തിനകമോ ആണ്. പക്ഷെ ക്രമ നമ്പർ 5 പ്രകാരമുള്ള ഗുണഭോക്താവിന്റെ അപേക്ഷ സ്വീകരിച്ചത് ഈ കാലാവധിക്ക് ശേഷമാണ്.

3) ക്രമ നം.1,2,4, എന്നീ ഗുണഭോക്താക്കളുടെ അപേക്ഷകളിൽ അപേക്ഷ തീയ്യതി ഇല്ല.

തുക ചെലവഴിച്ചതുമായി ബന്ധപ്പെട്ട് മേൽ ചൂണ്ടികാണിച്ച അപാകതകൾ പരിഹരിക്കുന്നതിനാവശ്യമായ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കുന്നതുവരെ ചെലവ് തുക 3,75,000/-രൂപ ഓഡിറ്റിൽ തടസ്സത്തിൽ വെക്കുന്നു. (25-02-2021 ന് നൽകിയ ഓഡിറ്റ് എൻക്വയറി നം.05 )

## 1-22 വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് വിതരണം(എസ്.സി.പി)- അപാകതകൾ

| | |
|---|---|
| പ്രോജക്ട് നം. | SO24/20 |
| പ്രോജക്ടിന്റെ പേര് | പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി<br>പള്ളിക്കര ഗ്രാമപഞ്ചായത്ത് |
| അടങ്കൽ | 1,33,912/-രൂപ (വികസന ഫണ്ട്-എസ്.സി.പി) |
| ചെലവ് തുക | 1,33,912/-രൂപ |
| ബിൽ നമ്പർ, തീയതി | 06/19-20 -1,33,912/-രൂപ 21-11-2019 |

2019-20 സാമ്പത്തിക വർഷത്തിൽ സ്കൂളുകളിൽ പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് വാങ്ങൽ പദ്ധതിക്കായി വികസന ഫണ്ടിൽ (എസ്.സി.പി) നിന്നും, 1,33,912/-രൂപ ചെലവഴിച്ചിട്ടുണ്ട്. കെൽട്രോൺ തിരുവനന്തപുരം എന്ന സ്ഥാപനത്തിന്റെ ഇൻവോയ്സ് നമ്പർ ITP/12356/19-20 തീയ്യതി 31-03-2020 പ്രകാരം 4 ലാപ് ടോപ്പാണ് വാങ്ങിയത്. പദ്ധതിയുടെ ഗുണഭോക്താക്കളായ 4 വിദ്യാർത്ഥികളുടെ അപേക്ഷകളും, അനുബന്ധ രേഖകളും പരിശോധിച്ചതിൽ , ചുവടെ ചേർത്ത രേഖകളുടെ അഭാവം ശ്രദ്ധയിൽപ്പെടുകയുണ്ടായി.

| ക്രമ നമ്പർ | വിദ്യാർത്ഥിയുടെ പേര് | ലാപ്ടോപ്പ് കൈപ്പറ്റിയ വിദ്യാർത്ഥികൾ അപേക്ഷയോടൊപ്പം ഹാജരാക്കാത്ത രേഖകൾ |
|---|---|---|
| 1 | വിശാഖ് കുമാർ എം<br>S/O സാവിത്രി വിജയൻ<br>കുട്ടപ്പന | 1) ജില്ലാ പഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത്,പട്ടികജാതി വികസന വകുപ്പ് എന്നീ സ്ഥാപനങ്ങളിൽ നിന്നും ഇതേ ആനുകൂല്യം മുമ്പ് ലഭിച്ചിട്ടില്ല എന്ന സാക്ഷ്യപത്രം<br>2)ഹാജരാക്കിയ ജാതി സർട്ടിഫിക്കറ്റിൽ ഉദുമ ഗ്രാമ പഞ്ചായത്ത് പരിധിയിൽപ്പെട്ട വിദ്യാർത്ഥി എന്നാണുള്ളത്. ആയതിനാൽ ഉദുമ ഗ്രാമ പഞ്ചായത്ത് പരിധിയിൽ താമസക്കാരന് ഗ്രാമപഞ്ചായത്തിന്റെ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടുത്തി ലാപ്ടോപ്പ് വിതരണം ചെയ്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. |
| 2 | അതുൽകൃഷ്ണൻ | ജില്ലാ പഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത്,പട്ടികജാതി വികസന വകുപ്പ് എന്നീ സ്ഥാപനങ്ങളിൽ നിന്നും ഇതേ ആനുകൂല്യം മുമ്പ് ലഭിച്ചിട്ടില്ല എന്ന സാക്ഷ്യപത്രം |
| 3 | ഹരിത കെ പി<br>D/O<br>പ്രബോധിനി<br>കെ പി | ജില്ലാ പഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത്,പട്ടികജാതി വികസന വകുപ്പ് എന്നീ സ്ഥാപനങ്ങളിൽ നിന്നും ഇതേ ആനുകൂല്യം മുമ്പ് ലഭിച്ചിട്ടില്ല എന്ന സാക്ഷ്യപത്രം |
| 4 | രവീണ എം ആർ<br>D/O രവി എം | ജില്ലാ പഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത്,പട്ടികജാതി വികസന വകുപ്പ് എന്നീ സ്ഥാപനങ്ങളിൽ നിന്നും ഇതേ ആനുകൂല്യം മുമ്പ് ലഭിച്ചിട്ടില്ല എന്ന സാക്ഷ്യപത്രം |

| | | |
|---|---|---|
| | മാത്തിൽ<br>പള്ളിക്കര | |

തുക ചെലവഴിച്ചതുമായി ബന്ധപ്പെട്ട് മേൽ ചൂണ്ടികാണിച്ച അപാകതകൾ പരിഹരിക്കുന്നതിനാവശ്യമായ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കുന്നതുവരെ ചെലവ് തുക 1,33,912/- രൂപ ഓഡിറ്റിൽ തടസ്സത്തിൽ വെക്കുന്നു. (25-02-2021 ന് നൽകിയ ഓഡിറ്റ് എൻക്വയറി നം.04)

## 1-23 വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് വിതരണം(ടി.എസ്.പി) - അപാകതകൾ

| | |
|---|---|
| പ്രോജക്ട് നം. | SO23/20 |
| പ്രോജക്ടിന്റെ പേര് | പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടി<br>പള്ളിക്കര ഗ്രാമപഞ്ചായത്ത് |
| അടങ്കൽ | 2,00,868/-രൂപ (വികസന ഫണ്ട്-ടി.എസ്.പി) |
| ചെലവ് തുക | 2,00,868/-രൂപ |
| ബിൽ നമ്പർ, തീയതി | 05/19-20 –2,00,868/-രൂപ 21-11-2019 |

2019-20 സാമ്പത്തിക വർഷത്തിൽ സ്കൂളുകളിൽ പഠിക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് വാങ്ങൽ പദ്ധതിക്കായി വികസന ഫണ്ടിൽ (ടി.എസ്.പി) നിന്നും, 2,00,868/-രൂപ ചെലവഴിച്ചിട്ടുണ്ട്. കെൽട്രോൺ തിരുവനന്തപുരം എന്ന സ്ഥാപനത്തിന്റെ ഇൻവോയ്സ് നമ്പർ ITP/12326 തീയ്യതി 31-03-2020 പ്രകാരം 6 ലാപ് ടോപ്പാണ് വാങ്ങിയത്. പദ്ധതിയുടെ ഗുണഭോക്താക്കളായ 6 വിദ്യാർത്ഥികളുടെ അപേക്ഷകളും, അനുബന്ധ രേഖകളും പരിശോധിച്ചതിൽ ചുവടെ ചേർത്ത രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ലാത്തതായി കാണുകയുണ്ടായി.

| ക്രമ നമ്പർ | വിദ്യാർത്ഥിയുടെ പേര് | ഹാജരാക്കാത്ത രേഖകൾ |
|---|---|---|
| 1 | ശിബിന എ.പി D/Oബാലൻ എ ചെർക്കപ്പാറചാലിൽ | ജില്ലാ പഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത്, പട്ടികവർഗ്ഗ വികസന വകുപ്പിൽ എന്നീ സ്ഥാപനങ്ങളിൽ നിന്നും ഇതേ ആനുകൂല്യം മുൻമ്പ് ലഭിച്ചിട്ടില്ല എന്ന സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല |
| 2 | ജിഷിത ബി D/Oബാലൻ കെ വെള്ളത്തോളി | -ടി- |
| 3 | മനു കെ S/O പുഷ്പ ടി | -ടി- |
| 4 | ശിൽപ ആർ കെ | 1)ജില്ലാ പഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത്, പട്ടികവർഗ്ഗ വികസന വകുപ്പിൽ എന്നീ സ്ഥാപനങ്ങളിൽ നിന്നും ഇതേ ആനുകൂല്യം മുൻമ്പ് ലഭിച്ചിട്ടില്ല എന്ന സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല<br>2) ജാതിസർട്ടിഫിക്കറ്റ് |
| 5 | ജിസ്ന എം പാക്കം | ജില്ലാ പഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത്, പട്ടികവർഗ്ഗ വികസന വകുപ്പിൽ എന്നീ സ്ഥാപനങ്ങളിൽ നിന്നും ഇതേ ആനുകൂല്യം |

| | | |
|---|---|---|
| | | മുൻമ്പ് ലഭിച്ചിട്ടില്ല എന്ന സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല |
| 6 | കാവ്യ കെ<br>D/O കുഞ്ഞിരാമൻ<br>വെള്ളത്തോളി | -ടി- |

മറ്റ് സ്ഥാപനങ്ങളിൽ നിന്നും സമാന ആനുകൂല്യം ലഭിച്ചിട്ടില്ല എന്നത് തെളിയിക്കുന്നതിന് ബന്ധപ്പെട്ട അധികാരികൾ നല്കുന്ന സാക്ഷ്യപത്രം, ക്രമ.നം 4 പ്രകാരമുള്ള ഗുണഭോക്താവിന്റെ ജാതി സർട്ടിഫിക്കറ്റ് എന്നിവ പരിശോധനയ്ക്ക് ഹാജരാക്കുന്നതുവരെ ചെലവ് തുക 2,00,868/-രൂപ ഓഡിറ്റിൽ തടസ്സത്തിൽ വെക്കുന്നു. (25-02-2021 ന് നൽകിയ ഓഡിറ്റ് എൻക്വയറി നം.07)

1-24 വിദ്യാർത്ഥികൾക്ക് ഫർണിച്ചർ വിതരണം (ടി.എസ്.പി)- രേഖകൾ അപൂർണ്ണം

| | |
|---|---|
| പ്രോജക്റ്റ് നം. | SO27/20 |
| പ്രോജക്റ്റിന്റെ പേര് | പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ഫർണീച്ചർ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി<br>പള്ളിക്കര ഗ്രാമപഞ്ചായത്ത് |
| അടങ്കൽ | 1,00,000/-രൂപ (വികസന ഫണ്ട്- ടി.എസ്.പി) |
| ചെലവ് തുക | 1,00,000/-രൂപ |
| ബിൽ നമ്പർ, തീയതി | 10/19-20 –1,00,000/-രൂപ, 21-01-2020 |

ഗ്രാമ പഞ്ചായത്തിന്റെ 2019-20 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി പ്രോജക്റ്റ് നമ്പർ SO27/20 പ്രകാരം ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള വിവിധ സ്കൂളികളിലായി പഠിക്കുന്ന 20പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് സ്റ്റീൽ മേശയും, സ്റ്റീൽ കസേരയും നൽകൽ പദ്ധതിക്കായി വികസന ഫണ്ടിൽ (ടി.എസ്.പി) നിന്ന് 1,00,000/-രൂപ ചെലവഴിച്ചിട്ടുണ്ട്. ആർട്ട്കോ കോഴിക്കോട് എന്ന സ്ഥാപനത്തിന്റെ ഇൻവോയ്സ് നമ്പർ.225 തിയ്യതി 20-10-2019 പ്രകാരം 3274/- രൂപ വിലയുള്ള 20 സ്റ്റീൽ മേശകളും, 963/- രൂപ വിലയുള്ള 20 സ്റ്റീൽ കസേരകളും (Armed) ആണ് വാങ്ങിയത്. ആർട്ട്കോ കോഴിക്കോട് എന്ന സ്ഥാപനത്തിന്റെ പേരിലുള്ള അക്കൗണ്ടിലേക്ക് തുക ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടുണ്ട്.(അക്കൗണ്ട് നം.67099281397). ചുവടെ ചേർത്ത വിദ്യാർത്ഥികൾക്കാണ് ഫർണീച്ചർ അനുവദിച്ചിട്ടുള്ളത്

| ക്രമ നം. | വിദ്യാർത്ഥികളുടെ പേര് |
|---|---|
| 1 | രജീഷ് ആർ S/O രാഘവൻ സി.കെ ചെറുക്കപ്പാറ ചാലിൽ |
| 2 | സോന സി D/Oരവി സി.പി, ചെറുക്കപ്പാറ ചാലിൽ |
| 3 | അഞ്ജലി കെ.D/O നാരായണൻ, വെള്ളത്തോളി |
| 4 | സുധി എൻ, S/O മാധവൻ വെള്ളത്തോളി |
| 5 | മമിത്ത് സി, S/O ഉണ്ണികൃഷ്ണൻ |
| 6 | രജിഷ ആർ S/O രാഘവൻ സി.കെ ചെറുക്കപ്പാറ ചാലിൽ |
| 7 | അനശ്വര കെ D/O ശാരദ ആർ |
| 8 | ശ്രീഹരി പി S/O ശ്രീധരൻ പി |
| 9 | ജിഷ്ണ പി S/O ദാമോധരൻ പി |
| 10 | പ്രജീഷ് എസ് S/O കുമാരൻ |
| 11 | പ്രജിത D/O കുമാരൻ എസ് |
| | |

| | |
|---|---|
| 12 | ധനേഷ് കെ |
| 13 | അക്ഷയ് കുമാർ പി S/O കുമാരൻ കെ പെരിയാട്ടടുക്കം |
| 14 | വൈഗ കെ D/O വേണു, തോക്കാനംമൊട്ട |
| 15 | ശ്രീപ്രിയ പി D/O ശ്രീധരൻ കെ ജെ |
| 16 | അശ്വൻ ജെ S/O ജ്യോതിഷ് എസ് പി |
| 17 | അമൃത D/O ഭാർഗവി |
| 18 | അൻഷിത കെ എസ് |
| 19 | വിഷ്ണു എം S/O മണി എൻ കായക്കുന്ന് |
| 20 | വൈഷ്ണവ് വി S/O വേണു വി പി വെളുത്തോളി |

പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

1)നിലവിൽ ജില്ലാ പഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത്, പട്ടികവർഗ്ഗ വകുപ്പ് എന്നിവ മുഖേന സമാനമായ പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്. ആയതിനാൽ 20 ഗുണഭോക്താക്കൾക്ക് മേൽ സ്ഥാപനങ്ങളിൽ നിന്നും മേശയും കസേരയും ലഭിച്ചിട്ടില്ലായെന്നത് സംബന്ധിച്ച സാക്ഷ്യപത്രം ബന്ധപ്പെട്ട പട്ടികവർഗ്ഗ വികസന ഓഫീസറിൽ നിന്നും ലഭ്യമാക്കി പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

2) പട്ടികയിലെ ക്രമ നമ്പർ 5-ലെ മമിത്ത് സി എന്ന വിദ്യാർത്ഥി ഹാജരാക്കിയ ജാതി സർട്ടിഫിക്കറ്റിൽ ലോക്കൽബോഡി പുല്ലൂർ പെരിയ ഗ്രാമ പഞ്ചായത്ത് എന്നാണുള്ളത്. ആയതിനാൽ പള്ളിക്കര ഗ്രാമ പഞ്ചായത്ത് പരിധിയിൽ താമസക്കാരനല്ലാത്ത ഗുണഭോക്താവിനെ ഗ്രാമപഞ്ചായത്തിന്റെ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടുത്തി ഫർണ്ണിച്ചർ വിതരണം ചെയ്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

3) പട്ടികയിലെ ക്രമ നമ്പർ 13 -ൽ അക്ഷയ് കുമാർ പി എന്ന വിദ്യാർത്ഥി പട്ടികജാതിയിൽ ഉൾപ്പെടുന്ന ജാതി സർട്ടിഫിക്കറ്റാണ് ഹാജരാക്കിയിട്ടുള്ളത്. പട്ടികവർഗ്ഗത്തിൽപ്പെടാത്ത വിദ്യാർത്ഥിക്ക് ഫർണ്ണിച്ചർ വിതരണം ചെയ്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

4) പട്ടികയിലെ ക്രമ നമ്പർ 15 -ൽ ശ്രീപ്രിയ എന്ന വിദ്യാർത്ഥിനി പട്ടികവർഗ്ഗത്തിൽപ്പെട്ട വിദ്യാർത്ഥിനിയാണെന്ന് തെളിയിക്കുന്ന ജാതിസർട്ടിഫിക്കറ്റ് പരിശോധയ്ക്ക് ഹാജരാക്കിയിട്ടില്ല. ജാതിസർട്ടിഫിക്കറ്റ് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

5) പട്ടികയിലെ ക്രമ നമ്പർ 20 -ൽ വൈഷ്ണവ് വി എന്ന വിദ്യാർത്ഥി 38/38/2019 തീയ്യതി 15-07-2019 പ്രകാരം പഞ്ചായത്ത് അംഗീകരിച്ച ഗുണഭോക്തൃപ്പട്ടികയിൽ ഉൾപ്പെട്ടില്ല. പഞ്ചായത്തിന്റെ സ്റ്റോക്ക് രജിസ്റ്ററിലെ പേജ് നമ്പർ 49-ൽ ക്രമനമ്പർ 20 പ്രകാരം ഈ വിദ്യാർത്ഥി ഫർണീച്ചറുകൾ കൈപ്പറ്റിയിട്ടുണ്ട്. ഈ വാദ്യാർത്ഥിയുടെ അപേക്ഷയും ബന്ധപ്പെട്ട മറ്റ് രേഖകളും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. അംഗീകരിച്ച ഗുണഭോക്തൃപ്പട്ടികയിൽ ഉൾപ്പെടാത്ത വിദ്യാർത്ഥിക്ക് ഫർണ്ണിച്ചർ വിതരണം ചെയ്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് മേൽ ചൂണ്ടികാണിച്ച അപാകതകൾ പരിഹരിക്കുന്നതിനാവശ്യമായ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കുന്നതുവരെ ചെലവ് തുകയായ 1,00,000/-രൂപ ഓഡിറ്റിൽ തടസ്സത്തിൽ വെക്കുന്നു. (25-02-2021 ന് നൽകിയ ഓഡിറ്റ് എൻക്വയറി നം.06 )

## 1-25 വിദ്യാർത്ഥികൾക്ക് ഫർണിച്ചർ വിതരണം(എസ്.സി.പി)- അപാകത

| | |
|---|---|
| പ്രോജക്ട് നം. | SO26/20 |
| പ്രോജക്ടിന്റെ പേര് | പട്ടികജാതി വിദ്യാർത്ഥികൾക്ക് ഫർണിച്ചർ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി പള്ളിക്കര ഗ്രാമപഞ്ചായത്ത് |
| | |

| | |
|---|---|
| അടങ്കൽ | 50,000/-രൂപ<br>(വികസന ഫണ്ട്-എസ്.സി.പി) |
| ചെലവ് തുക | 50,000/-രൂപ |
| ബിൽ നമ്പർ, തീയതി | 09/19-20 –50,000/-രൂപ, 21-01-2020 |

ഗ്രാമ പഞ്ചായത്തിന്റെ 2019-20 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി പ്രോജക്ട് നമ്പർ S026/20 പ്രകാരം ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള വിവിധ സ്കൂളുകളിലായി പഠിക്കുന്ന 10 പട്ടികജാതി വിദ്യാർത്ഥികൾക്ക് സ്റ്റീൽ മേശയും, സ്റ്റീൽ കസേരയും നൽകൽ പദ്ധതിക്കായി വികസന ഫണ്ടിൽ (എസ്.സി.പി) നിന്ന് 50,000/-രൂപ ചെലവഴിച്ചിട്ടുണ്ട്. ആർട്ട്കോ ലിമിറ്റഡ് കോഴിക്കോട് എന്ന സ്ഥാപനത്തിന്റെ ഇൻവോയ്സ് നമ്പർ.226 തിയ്യതി 27-11-2019 പ്രകാരം 3,274/-രൂപ വിലയുള്ള 10 സ്റ്റീൽ മേശകളും, 963/-രൂപ വിലയുള്ള 10 സ്റ്റീൽ കസേരകളും (Armed) ആണ് വാങ്ങിയത്. ആർട്ട്കോ ലിമിറ്റഡ് കോഴിക്കോട് എന്ന സ്ഥാപനത്തിന്റെ പേരിലുള്ള അക്കൗണ്ടിലേക്ക് തുക ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തു (അക്കൗണ്ട് നം.67099281397). ചുവടെ ചേർത്ത വിദ്യാർഥികൾക്കാണ് ഫർണീച്ചർ അനുവദിച്ചിട്ടുള്ളത്.

| ക്രമ നം. | വിദ്യാർത്ഥികളുടെ പേര് |
|---|---|
| 1 | ശരൺ കെ.എസ് S/O കൃഷ്ണൻ മൗവ്വൽ കോളനി |
| 2 | ശിവപ്രിയ കെ. D/O ഷാജു എം എസ് ,<br>തായൽ മൗവ്വൽ |
| 3 | പവൻ , പള്ളിക്കര മഠ ഹരിജൻ കോളനി |
| 4 | സനുഷ പി, ചക്ലിയ കോളനി, നെല്ലിയടുക്കം |
| 5 | വിജിഷ എം, കുട്ടപ്പുന്ന |
| 6 | ലിബീഷ് എം S/Oരമേശൻ എം, |
| 7 | അർജുൻ കെ.പി S/O എം രാമൻ തായൽ മൗവ്വൽ |
| 8 | ധനുഷ് എം S/O ഉഷാകുമാരി മഠത്തിൽ ഹൗസ് ബേക്കൽഫോർട്ട് |
| 9 | മിഥുൻരാജ് S/O രാജേഷ്, മഠത്തിൽ ഹൗസ് ബേക്കൽഫോർട്ട് |
| 10 | മനു ടി, S/O ബേബി ,മഠത്തിൽ ഹൗസ്<br>ബേക്കൽഫോർട്ട് |

ഈ പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട രേഖകളുടെ സൂക്ഷ്മപരിശോധനയിൽ താഴെപ്പറയുന്ന അപാകതകളുണ്ട്.

1)നിലവിൽ ജില്ലാ പഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത്, പട്ടികജാതി വികസന വകുപ്പ് എന്നിവ മുഖേന സമാനമായ പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്. ആയതിനാൽ 10 ഗുണഭോക്താക്കൾക്ക് മേൽ സ്ഥാപനങ്ങളിൽ നിന്നും മേശയും കസേരയും ലഭിച്ചിട്ടില്ലായെന്നത് സംബന്ധിച്ച സാക്ഷ്യപത്രം ബന്ധപ്പെട്ട പട്ടികജാതി വികസന വകുപ്പ് ഓഫീസറിൽ നിന്നും ലഭ്യമാക്കി പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

2) പട്ടികയിലെ ക്രമ നമ്പർ 3-ൽ പവൻ എന്ന വിദ്യാർത്ഥി തീരുമാനം നം.39/39/2019 തീയ്യതി 15-07-2019 പ്രകാരം പഞ്ചായത്ത് അംഗീകരിച്ച ഗുണഭോക്തൃപ്പട്ടികയിൽ ഉൾപ്പെട്ടില്ല. അംഗീകരിച്ച ഗുണഭോക്തൃപ്പട്ടികയിൽ ഉൾപ്പെട്ടാത്ത വിദ്യാർത്ഥിക്ക് ഫർണ്ണിച്ചർ വിതരണം ചെയ്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

3) പട്ടികയിലെ ക്രമ നമ്പർ 4-ൽ സനുഷ പി, എന്ന വിദ്യാർത്ഥിനി തീരുമാനം നം.39/39/2019 തീയ്യതി 15-07-2019 പ്രകാരം പഞ്ചായത്ത് അംഗീകരിച്ച ഗുണഭോക്തൃപ്പട്ടികയിൽ ഉൾപ്പെട്ടില്ല. അംഗീകരിച്ച ഗുണഭോക്തൃപ്പട്ടികയിൽ ഉൾപ്പെടാത്ത വിദ്യാർത്ഥിക്ക് ഫർണ്ണിച്ചർ വിതരണം ചെയ്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

4) പട്ടികയിലെ ക്രമ നമ്പർ 5 -ൽ വിജിഷ എം, ഹാജരാക്കിയ ജാതിസർട്ടിഫിക്കറ്റിൽ ലോക്കൽബോഡി ഉദുമ ഗ്രാമ പഞ്ചായത്ത് എന്നാണുള്ളത്. ആയതിനാൽ പള്ളിക്കര ഗ്രാമ പഞ്ചായത്ത് പരിധിയിൽപ്പെടാത്ത വിദ്യാർത്ഥിനിയെ ഗ്രാമപഞ്ചായത്തിന്റെ ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെടുത്തി ഫർണ്ണിച്ചർ വിതരണം ചെയ്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

പ്രൊജക്ട് തുക ചെലവഴിച്ചതുമായി ബന്ധപ്പെട്ട് മേൽ ചൂണ്ടികാണിച്ച അപാകതകൾ പരിഹരിക്കുന്നതിനാവശ്യമായ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കുന്നതുവരെ ചെലവ് തുക 50,000/-രൂപ ഓഡിറ്റിൽ തടസ്സത്തിൽ വെക്കുന്നു. (25-02-2021 ന് നൽകിയ ഓഡിറ്റ് എൻക്വയറി നം.03 )

## 1-26 പ്രസിഡന്റിന്റെ ദുരിതാശ്വാസനിധി പ്രവർത്തനം നിശ്ചലാവസ്ഥയിൽ

കേരളാ പഞ്ചായത്ത് രാജ് (ദുരിതാശ്വാസനിധി രൂപീകരണവും, വിനിയോഗവും) ചട്ടങ്ങൾ 2003ലെ ചട്ടം 3 പ്രകാരം പള്ളിക്കര ഗ്രാമപഞ്ചായത്തിൽ പ്രസിഡന്റിന്റെ ദുരിതാശ്വാസനിധി രൂപികരിച്ചിട്ടുണ്ട്. പള്ളിക്കര സർവീസ് കോ ഓപ്പറേറ്റിവ് ബാങ്കിന്റെ മെയിൻ ശാഖയിൽ ഇതിനായി ഒരു അക്കൗണ്ട് തുടങ്ങിയിരുന്നു. (അക്കൗണ്ട് നമ്പർ 9044 ). 23.8.2018 വരെ ഈ അക്കൗണ്ടിൽ നിന്നും ഇടപാടുകൾ നടന്നിരുന്നു. ഈ അക്കൗണ്ടിൽ നിന്നും അവസാനമായി സഹായധനം അനുവദിച്ചത് ശ്രീമതി.ശോഭ, W/O വേണുഗോപാലൻ, കരുവാത്തോട്, പാക്കം എന്നിവർക്കാണ്. (5000/- രൂപ, വൗച്ചർ നം.21800384/21.8.2018). ഇതിനുശേഷം ഈ അക്കൗണ്ടിൽ അവശേഷിച്ചത് 830 രൂപയാണ്. 23.8.2018 ന് ശേഷം ദുരിതാശ്വാസനിധി അക്കൗണ്ടിൽ അവശേഷിച്ച 830 രൂപയുടെ പലിശയല്ലാത്തെ മറ്റൊരു തുകയും ഈ അക്കൗണ്ടിൽ വരവായി വന്നിട്ടില്ല. പ്രസിഡന്റിന്റെ ദുരിതാശ്വാസനിധിയുടെ പ്രവർത്തനം ചലനാത്മകമാക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-27 മഹാത്മാ ഗാന്ധി പ്രതിമ നിർമ്മാണം -വിഹിതം നല്കിയത് -വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

ഫണ്ട് - തനത് ഫണ്ട്

വൗച്ചർ നം.21900437/ 04-10-2019-50,000/-രൂപ.

ചെക്ക് നം.863747/ 03-10-2019

കാസർഗോഡ് കളക്ടേറ്റിന് മുന്നിൽ മഹാത്മാ ഗാന്ധിയുടെ പ്രതിമ സ്ഥാപിക്കുന്നതിന് ജില്ലയിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ തനത് ഫണ്ടിൽ നിന്ന് ഒരു ലക്ഷം രൂപ വീതം സംഭാവന നൽകുന്നതിന് 08-07-3019 തീതിയിലെ സ.ഉ(സാധാ)നം.1414/2019/തസ്വഭവ ഉത്തരവ് പ്രകാരം ഉത്തരവായിരുന്നു. പ്രസ്തുത തുക ജില്ലാ കളക്ടറുടെ പേരിൽ എസ്.ബി.ഐ. കളക്ടേറ്റ് ശാഖയിലുള്ള 67201181832 (IFSC.SBIN0070880) നമ്പർ അക്കൗണ്ടിൽ നിക്ഷേപിക്കുന്നതിന് ജില്ലാ കളക്ടറുടെ 27-07-2019 തീയതിയിലെ DCKSGD/10679/2019-F7 നമ്പർ കത്ത് പ്രകാരം നിർദ്ദേശിച്ചിട്ടുണ്ട്. ഈ നിർദ്ദേശ പ്രകാരം ഗ്രാമപഞ്ചായത്തിന്റെ 08-08-2019 തീയതിയിലെ 28/28/2019 നമ്പർ തീരുമാന പ്രകാരം 50,000/-രൂപ സംഭാവന നൽകുന്നതിന് തീരുമാനിച്ചു. ആയത് പ്രകാരം ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും

03-10-2019 തീയതിയിലെ ചെക്ക് നം.863747 പ്രകാരം പ്രസ്തുത തുക ജില്ലാ കളക്ടറുടെ പേരിലുള്ള മേൽ പരാമർശിത അക്കൗണ്ടിലേയ്ക്ക് കൈമാറിയിട്ടുണ്ട് . ഈ തുകയുടെ വിനിയോഗ സാക്ഷ്യപത്രം നാളിതു വരെ പഞ്ചായത്തിന് ലഭ്യമായിട്ടില്ല. തുകയുടെ വിനിയോഗ സാക്ഷ്യപത്രവും, തുകയുടെ കൈപ്പറ്റ് രസീതിയും പരിശോധനയ്ക്ക് ലഭ്യമാക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.
(27-02-2021 ന് നൽകിയ ഓഡിറ്റ് എൻക്വയറി നം.15 )

## 1-28 അപകടാവസ്ഥയിലായ മരങ്ങൾ മുറിച്ച് നീക്കിയത്- രേഖകൾ ഹാജരാക്കിയിട്ടില്ല

ഗ്രാമപഞ്ചായത്തിന്റെ 20-ാംവാർഡിലെ GHSS പാക്കം മുതൽ വെളുത്തോളി വരെയുള്ള ഭാഗങ്ങളിൽ അപകടാവസ്ഥയിലായ മരങ്ങൾ മുറിച്ച് നീക്കുന്നതിന് 2019-20 വർഷത്തിൽ താഴെപ്പറയും പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

ഫണ്ട് - തനത് ഫണ്ട്

വൗച്ചർ നം.21900330/ 13-08-2019-3,000/-രൂപ.

ചെക്ക് നം.101061/ 13-08-2019

ഗ്രാമപഞ്ചായത്തിന്റെ 20-ാംവാർഡിലെ GHSS പാക്കം മുതൽ വെളുത്തോളി വരെയുള്ള റോഡിനരികിലെ അപകടാവസ്ഥയിലായ മരങ്ങൾ മുറിച്ച് നീക്കുന്നതിനുള്ള പ്രവൃത്തി നടത്തിയതിന് 08-08-2019 തീയതിയിലെ 14/19(2)പഞ്ചായത്ത് തീരുമാന പ്രകാരം രഞ്ജിത് കുമാർ S/Oഭാസ്കരൻ, കരുവക്കോട്, പാക്കം എന്നവർക്ക് 3,000/-രൂപ നൽകിയിട്ടുണ്ട്. എന്നാൽ മുറിച്ച് മാറ്റിയ മരങ്ങളുടെ മൂല്യം വനം വകുപ്പ് അധികാരികൾ മുഖേന നിർണ്ണയിച്ച് , ലേല നടപടികൾ സ്വീകരിച്ച് വില്പന നടത്തിയിട്ടുണ്ടോയെന്നത് സംബന്ധിച്ച വിശദാംശം ബന്ധപ്പെട്ട ഫയലിൽ ലഭ്യമല്ല. മേൽ പ്രകാരം മുറിച്ച് മാറ്റിയ മരങ്ങൾ വില്പന നടത്തിയിട്ടില്ലെങ്കിൽ അവയുടെ നിലവിലെ അവസ്ഥ സംബന്ധിച്ച വിവരങ്ങളും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ഓഡിറ്റ് എൻക്വയറി നം.16/27-02-2021 പ്രകാരം വിശദാംശങ്ങൾ നല്കുവാൻ ആവശ്യപ്പെട്ടെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. അതിനാൽ ചെലവ് തുക 3,000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-29 കോട്ടപ്പാറ കാനം -ജൈവ വൈവിധ്യ സംരക്ഷണ പദ്ധതി -ചെലവ് രേഖകൾ അപൂർണ്ണം.

പ്രൊ.നം.180/2019-20, നിർവ്വഹണ ഉദ്യോഗസ്ഥൻ - ഗ്രാമപഞ്ചായത്ത് സെക്രട്ടറി.

ഫണ്ട്- മറ്റുള്ളവ ( ജൈവസംരക്ഷണ ബോർഡ് വിഹിതം).

ഗ്രാമ പഞ്ചായത്തുകളിലെ ജൈവ വൈവിധ്യ സംരക്ഷണ പദ്ധതികൾ പ്രോത്സാഹിപ്പിക്കുന്നതിനായി സംസ്ഥാന ജൈവ സംരക്ഷണ ബോർഡ് തെരഞ്ഞെടുത്ത ഗ്രാമ പഞ്ചായത്തുകളിൽ നടപ്പിലാക്കുന്ന പദ്ധതിയുടെ ഭാഗമായി ജൈവ സംരക്ഷണ ബോർഡ് സെക്രട്ടറിയുടെ ഉത്തരവ് നം 2469/എ5/2017 KSBB തി.3.01.2018 പ്രകാരം ഗ്രാമ പഞ്ചായത്തിന് 4,20,000 രൂപ അനുവദിച്ചിരുന്നു. പദ്ധതി നടത്തിപ്പിന്റെ ഭാഗമായി ഗ്രാമ പഞ്ചായത്തിലെ കോട്ടപ്പാറ കാനം സംരക്ഷിക്കുന്നതിനുള്ള വിവിധ പദ്ധതികളാണ് ഗ്രാമ പഞ്ചായത്ത് ആവിഷ്കരിച്ചത്. പദ്ധതിയുടെ ഭാഗമായി ഓഡിറ്റ് വർഷം 76,015 രൂപ ചെലവഴിച്ചിട്ടുണ്ട്. പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് ചുവടെ ചേർത്ത ന്യൂനത ശ്രദ്ധയിൽപ്പെടുകയുണ്ടായി

പദ്ധതി നടപ്പാക്കുന്ന കോട്ടപ്പാറ കാനം പ്രദേശം അളന്ന് തിട്ടപ്പെടുത്തുന്നതിന് സർവ്വേ ചാർജ്ജ്, അനുബന്ധ ചെലവുകൾ എന്നിവയ്ക്കായി ചെക്ക്.നം 289382/ തി.27.11..2019 പ്രകാരം 13,000 രൂപ പഞ്ചായത്ത് തല ജൈവ സംരക്ഷണ സമിതി കോ ഓർഡിനേറ്റർക്ക് നൽകിയിട്ടുണ്ട്. ഇതിൽ 10,000 രൂപ സ്ഥലത്തിന്റെ അളവ് കൂലി ഇനത്തിൽ ഗുഡ് ലാൻഡ് ഡിജിറ്റൽ സർവ്വേ, കള്ളാർ എന്ന സ്ഥാപനത്തിന് നല്കിയതിന്റെ ബില്ല് ഫയലിൽ ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ ഇതോടൊപ്പം ഹാജരാക്കിയ പദ്ധതിപ്രദേശത്തിന്റെ സർവ്വേ സ്കെച്ച് ഹോസ്ദുർഗ്ഗ് താലൂക്ക് സർവ്വേയർ തയ്യാറാക്കി, ഹോസ്ദുർഗ്ഗ് തഹസിൽദാർ (ഭൂരേഖ) 26.11.2019 ലെ എഫ്1/12,075/19 കത്ത് പ്രകാരം നൽകിയിട്ടുള്ളതാണ്. റവന്യൂ വകുപ്പിന്റെ കീഴിലുള്ള താലൂക്ക് സർവ്വേയർ മുഖേന സർവ്വേ നടത്തുന്നതിന് സർക്കാർ അംഗീകരിച്ചിട്ടുള്ള ഫീസ് സർക്കാർ ഖജനാവിലേയ്ക്കാണ് ഒടുക്കേണ്ടിയിരുന്നത്. സ്വകാര്യ സ്ഥാപനത്തിന് ഫീസ് നൽകി സർവ്വേ നടത്തുകയും സ്കെച്ച് താലൂക്ക് സർവ്വേയർ അനുവദിക്കുകയും ചെയ്യുവാൻ ഉണ്ടായ സാഹചര്യം വ്യക്തമാക്കേണ്ടതാണ്. സർവ്വേ

നടത്തിയ സ്വകാര്യ സ്ഥാപനം സർവ്വേ ഫലമായി തയ്യാറാക്കിയ സ്ഥലത്തിന്റെ സ്കെച്ച് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടുമില്ല.

മേൽ അപാകതകൾ പരിശോധിച്ച് ബന്ധപ്പെട്ട രേഖകൾ സഹിതം മറുപടി ലഭ്യമാക്കുന്നത് വരെ 13,000/-രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.(ഓഡിറ്റ് എൻക്വയറി നം 02- തീയ്യതി 25-2-2021).

## 1-30 തെരുവ് വിളക്ക് സ്ഥാപിക്കൽ - സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല

പ്രൊ.നം.195/2019-20

നിർവ്വഹണ ഉദ്യോഗസ്ഥൻ - ഗ്രാമപഞ്ചായത്ത് സെക്രട്ടറി,
ഫണ്ട്- തനത് ഫണ്ട്

ചെക്ക് നം .5272230/19/8/2019 ₹ 9,99,682/ ഇൻവോയ്സ്.നം. 18/17/6/2019

ഗ്രമ പഞ്ചായത്തിലെ വിവിധ വാർഡുകളിൽ സ്ഥാപിക്കുന്നതിനായി 24 W LED തെരുവ് വിളക്കുകൾ 360 എണ്ണം വാങ്ങിയ വകയിൽ നികുതികൾ കിഴിച്ച് 9,99,682 രൂപ പിലിക്കോട് ഗ്രാമ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന ഗ്രാമ കിരണം എൽ.ഇ.ഡി നിർമ്മാണ യൂണിറ്റിന് നൽകിയിട്ടുണ്ട്. പദ്ധതി നടത്തിപ്പിൽ നിലവിലുള്ള സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല. വിശദവിവരം താഴെ കൊടുക്കുന്നു,

എ). സ.ഉ(സാധ)നം-2111/2018 തസ്വഭവ, തി.01/8/2018 സർക്കാർ ഉത്തരവ് പ്രകാരം കുടുംബശ്രീയുടെ കീഴിൽ പ്രവർത്തിക്കുന്ന ഗ്രാമ കിരണം യൂണിറ്റിൽ നിന്നും കാസറഗോഡ് ജില്ലയിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് തെരുവ് വിളക്കുകൾ വാങ്ങുന്നതിന് അനുമതി നൽകിയിട്ടുണ്ട്. ഈ ഉത്തരവ് പ്രകാരം വാങ്ങുന്ന ഉല്പന്നത്തിന്റെ സാമ്പിൾ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ സമീപത്തെ ഗവ.എഞ്ചിനിയറിങ്ങ് കോളേജ് മുഖേന ഗുണനിലവാര പരിശോധന നടത്തണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ഗ്രാമ പഞ്ചായത്ത് ഇത്തരത്തിൽ ഗുണനിലവാര പരിശോധന നടത്തിയതിന്റെ രേഖകൾ ഫയലിൽ ലഭ്യമല്ല. എൽ.ഇ.ഡി നിർമ്മാണ യൂണിറ്റ് കണ്ണൂർ ഗവ.എഞ്ചിനിയറിങ്ങ് കോളേജ് മുഖേന 22.10.2018 പരിശോധന നടത്തിയതിന്റെ സർട്ടിഫിക്കറ്റ് കോപ്പിയാണ് ഫയലിൽ സൂക്ഷിച്ചിട്ടുള്ളത്.

ബി). സ്റ്റോർപർച്ചേസ് മാനുവലിലെ ഖണ്ഡിക 19.3 ൽ സ.ഉ(പി) നം.7/2019 എസ്.പി.ഡി, തിയ്യതി. 26.04.2019 പ്രകാരം വരുത്തിയ ഭേദഗതി അനുസരിച്ച് കേരളത്തിലെ സർക്കാർ സ്ഥാപനങ്ങൾ 25,000 രൂപയ്ക്ക് മുകളിൽ നടത്തുന്ന എല്ലാ വാങ്ങലുകളും GeM മുഖേന നടത്തണമെന്ന് നിർബന്ധമാക്കിയിട്ടുണ്ട്. എന്നാൽ മേൽ പദ്ധതിപ്രകാരമുള്ള വാങ്ങൽ നടപടിയിൽ GeM മുഖേന വാങ്ങണമെന്ന സർക്കാർ നിർദ്ദേശം പാലിച്ചിട്ടില്ല. ഇക്കാര്യത്തിൽ നല്കിയ ഓഡിറ്റ് എൻക്വയറി നം02- തീയ്യതി 25-2-2021- ന് മറുപടി നല്കിയിട്ടില്ല. ഖണ്ഡികയിൽ വിവരിച്ച അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-31 പാക്കം കുടിവെള്ള പദ്ധതി - നാളിതുവരെ പ്രവൃത്തി ആരംഭിച്ചിട്ടില്ല-പുതുക്കിയ കരാർ ഉടമ്പടി തയ്യാറാക്കിയിട്ടില്ല.

പ്രൊ.നം.266/2019-20, നിർവ്വഹണ ഉദ്യോഗസ്ഥൻ - ഗ്രാമപഞ്ചായത്ത് സെക്രട്ടറി

ഫണ്ട്- തനത് ഫണ്ട്, ചെക്ക് നം . 5272282/25.02.2020 ₹ 10,00,000/-

നിർവ്വഹണ ഏജൻസി- കേരള വാട്ടർ അതോറിറ്റി

ഗ്രാമ പഞ്ചായത്തിലെ പാക്കം പ്രദേശത്തെ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനായി ആവിഷ്കരിച്ച പാക്കം കുടിവെള്ള പദ്ധതിയ്ക്കായി 2016-17 വർഷം 7 ലക്ഷം രൂപയും , 2018-19 വർഷം 3.60 ലക്ഷം രൂപയും കേരള വാട്ടർ അതോറിറ്റിയിൽ ഗ്രാമ പഞ്ചായത്ത് നിക്ഷേപിച്ചിരുന്നു. പദ്ധതിയ്ക്കാവശ്യമായ കുടിവെള്ള ലഭ്യത കുറവായതിനാൽ BRDC കുടിവെള്ള പദ്ധതിയിൽ നിന്നും പൈപ്പ് ലൈൻ നീട്ടി പദ്ധതി നടപ്പാക്കുന്നതിനായി 37.70 ലക്ഷം രൂപയുടെ പുതുക്കിയ എസ്റ്റിമേറ്റ് KWA എക്സിക്യൂട്ടീവ് എഞ്ചിനിയർ 07/12/2019 ന് ഗ്രാമ പഞ്ചായത്തിന് നല്കുകയും പദ്ധതിയ്ക്കാവശ്യമായ ബാക്കി തുക 27.10 ലക്ഷം രൂപ നല്കുവാൻ നിർദ്ദേശിക്കുകയും ചെയ്തു. ഇതു പ്രകാരം 2019-20 വർഷം പ്രൊ.നം.266/2019-20 10,00,000 രൂപ ജല അതോറിറ്റിക്ക് നല്കുകയും , 2017-18 വർഷം മറ്റൊരു പദ്ധതിയ്ക്കായി ഗ്രാമ പഞ്ചായത്ത് നിക്ഷേപിച്ച 13.5 ലക്ഷം രൂപയിൽ അവശേഷിക്കുന്ന തുക ഈ പദ്ധതിയിലേയ്ക്ക് മാറ്റി വകയിരുത്തുവാനും, പുതുക്കിയ എസ്റ്റിമേറ്റ് പ്രകാരം അവശേഷിക്കുന്ന ബാക്കി തുക നിർദ്ദേശാനുസരണം നൽകുമെന്നും, ഗ്രാമ പഞ്ചായത്ത് 6.1.2020 ലെ ഭരണ സമിതി തീരുമാന പ്രകാരം ജല അതോറിറ്റിയെ അറിയിക്കുകയുമുണ്ടായി. എന്നാൽ നാളിതുവരെ പദ്ധതി നിർമ്മാണം ആരംഭിച്ചത് സംബന്ധിച്ച വിവരങ്ങളൊന്നും തന്നെ ബന്ധപ്പെട്ട ഫയലിൽ ലഭ്യമല്ല.

പദ്ധതിയുടെ എസ്റ്റിമേറ്റ് റിവൈസ് ചെയ്ത സാഹചര്യത്തിൽ കേരള ജല അതോറിറ്റിയുമായി പുതുക്കിയ കരാറുടമ്പടി തയ്യാറാക്കേണ്ടതുണ്ടെങ്കിലും ആയത് ബന്ധപ്പെട്ട ഫയലിൽ സൂക്ഷിച്ചിട്ടില്ല. പദ്ധതി എത്രയും വേഗം

പൂർത്തീകരിക്കുവാനാവശ്യമായ നടപടികൾ ഭരണ സമിതി തലത്തിൽ സ്വീകരിക്കുവാൻ ശുപാർശ ചെയ്യുന്നു.

അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം 02- തീയ്യതി 25-2-2021-ന് മറുപടി ലഭ്യമാക്കിയിട്ടില്ല. മറുപടി ലഭ്യമാക്കുന്നതു വരെ പദ്ധതിയ്ക്കായി ഓഡിറ്റ് വർഷം നടത്തിയ 10,00,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-32 ഗ്രാമപഞ്ചായത്ത് ഓഫീസിലെ കമ്പ്യൂട്ടറുകളുടെയും, അനുബന്ധ ഉപകരണങ്ങൾ എന്നിവയുടെ വാർഷിക മെയിന്റനൻസ് കോൺട്രാക്ട് പദ്ധതി - രേഖകൾ അപൂർണ്ണം

നിർവ്വഹണ ഉദ്യോഗസ്ഥൻ- സെക്രട്ടറി
പ്രൊജക്ട് നമ്പർ - S0004/20
തനത് ഫണ്ട് - അടങ്കൽ - 2,40,000/- രൂപ

ചെലവ് - 1,43,339/- രൂപ

ചെക്ക് നം.5272226/Dt.30.7.2019- 1,30,744രൂപ. (76,405/- രൂപ + 54,339/- രൂപ)

ചെക്ക് നം.5272240/Dt.27.9.2019- 12,595/- രൂപ

ഗ്രാമപഞ്ചായത്തിലെ കമ്പ്യൂട്ടർ, ഫോട്ടോസ്റ്റാറ്റ് മെഷീൻ, യു.പി.എസ് എന്നിവയ്ക്ക് വാർഷിക മെയിന്റനൻസ് കോൺട്രാക്ട് സ്വീകരിക്കാനുള്ളതാണ് ഈ പദ്ധതി. കമ്പ്യൂട്ടറുകളുടെ വാർഷിക മെയിന്റനൻസിനായി കെൽട്രോണുമായാണ് കാരാറിൽ ഒപ്പ് വെച്ചത്. ഇതിനായി വൗച്ചർ നം.21800218/13.7.2018 പ്രകാരം ആകെ 76,405/- രൂപ കെൽട്രോൺ സമർപ്പിച്ച ഇൻവോയ്സ് നം. CLT/04146/Dt.30.8.2019 പ്രകാരം നൽകിയിട്ടുണ്ട് (അക്കൗണ്ട് നം.10622324516-SBI). 19.7.2019-ന് കെൽട്രോണുമായി കരാറിൽ ഒപ്പ് വെച്ചിട്ടുണ്ട്. ചെക്ക് നം.5272226/Dt.30.7.2019- പ്രകാരം പിൻവലിച്ച 1,30,744 രൂപയിലെ 54,339/- രൂപ ചെലവഴിച്ചത് ഫോട്ടോസ്റ്റാറ്റ് മെഷീൻ, യു.പി.എസ് എന്നിവയ്ക്ക് വാർഷിക മെയിന്റനൻസ് കോൺട്രാക്ട് സ്വീകരിക്കാനാണ്. വെൽകെയർ സൊല്യൂഷൻസിന്റെ 10.7.2019- ലെ കത്ത് പ്രകാരം ആകെ 54,339/- രൂപ ഫോട്ടോസ്റ്റാറ്റ് മെഷീന് വേണ്ടിയും (അക്കൗണ്ട് നം.40422111000016,KGB), കൂടാതെ ഹൈക്കോൺ ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡിന്റെ 30.8.2019 ലെ കത്ത് പ്രകാരം 12,595/- രൂപ യു.പി.എസിന് വാർഷിക മെയിന്റനൻസ് കോൺട്രാക്ട് സ്വീകരിക്കാൻ വേണ്ടിയും (അക്കൗണ്ട് നം.00572530000086,HDFC) സ്ഥാപനങ്ങളുടെ ബാങ്ക് അക്കൗണ്ടിലേക്ക് നിക്ഷേപം നടത്തിയിട്ടുണ്ട്.

വെൽകെയർ സൊല്യൂഷൻസ്, എന്ന സ്ഥാപനവുമായി ഒപ്പിട്ട കരാറിൽ (തീയ്യതി രേഖപ്പെടുത്തിയിട്ടില്ല) കോൺട്രാക്ട് സമയ പരിധി രേഖപ്പെടുത്തിയിട്ടുള്ളത് 1.1.2019 മുതൽ 31.12.2019 വരെ എന്നാണ്, എന്നാൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയും വെൽകെയർ സൊല്യൂഷൻസുമായി കരാർ 4.9.2019-ശേഷമാണെന്ന് കരാർ ഉടമ്പടി തയ്യാറാക്കിയ സ്റ്റാമ്പ് പേപ്പറിൽ നിന്നും വ്യക്തമാണ്. വെൽകെയർ സൊല്യൂഷൻസിന് തുക കൈമാറിയത് തീയ്യതി 1.8.2019 നും, കരാർ ചമച്ചത് 4.9.2019- ശേഷമാണെന്നിരിക്കെ കോൺട്രാക്ട് സമയ പരിധി 1.1.2019 മുതൽ 31.12.2019 വരെയായി രേഖപ്പെടുത്തുവാനുണ്ടായ സാഹചര്യം വ്യക്തമാക്കേണ്ടതാണ്.ഹൈക്കോൺ ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനമായി ഒപ്പിട്ട കരാർ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

അപാകതയ്ക്കുമേൽ വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം 02- തീയ്യതി 25-2-2021) മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ വെൽകെയർ സൊല്യൂഷൻസിന് നല്കിയ 54,339/- രൂപ, ഹൈക്കോൺ ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡിന് നല്കിയ 12,595/- രൂപ എന്നിവ പ്രകാരമുള്ള ആകെ 66,934/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-33 കേരള സംസ്ഥാന വൈദ്യുതി ബോർഡ്- ഡെപ്പോസിറ്റ് പ്രവർത്തികൾ- പൂർത്തീകരിച്ചതിന്റെ വിവരങ്ങൾ ഹാജരാക്കിയിട്ടില്ല.

ഗ്രാമ പഞ്ചായത്ത് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ വിവിധ വൈദ്യുതീകരണ പദ്ധതികൾക്കായി, കേരളാ സംസ്ഥാന വൈദ്യുതി ബോർഡിൽ 6,76,542-രൂപ താഴെപ്പറയും പ്രകാരം ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. ഈ പദ്ധതികൾ പൂർത്തീകരിച്ചതിന്റെ വിവരങ്ങൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

| വൗച്ചർ നം./ തിയ്യതി | തുക | പ്രൊജക്ട് നം./പേര് | ഡെപ്പോസിറ്റ് ചെയ്തത്. |
|---|---|---|---|
| ചെക്ക് നം- SB/XY | 6,19,548 | S0003/2020, ട്രാൻസ്ഫോമറിന്റെ കപ്പാസിറ്റി വർദ്ധിപ്പിക്കൽ | അസി.എക്സി. എഞ്ചിനീയർ(ഇ), കേരളാ |

| | | | |
|---|---|---|---|
| No5272223/ തീ- 18.7.2019 | | | സംസ്ഥാന വൈദ്യുതി ബോർഡ്, മാവുങ്കാൽ |
| ബില്ല് നം-36/ തീ.17,7,2019 | 56,994 | 186/20, മാസ്റ്റിഗ്ഗ് പ്രദേശത്തേക്ക് തെരുവ് വിളക്ക്- ഇലക്ട്രിക്ക് ലൈൻ വലിക്കൽ | അസി.എഞ്ചിനീയർ, കേരളാ സംസ്ഥാന വൈദ്യുതി ബോർഡ്, ചിത്താരി |
| ആകെ | 6,76,542 | | |

ഓഡിറ്റ് എൻക്വയറി നം.2/25.2.2021 പ്രകാരം ഈ പ്രവർത്തികൾ പൂർത്തീകരിച്ചതിന്റെ വിശദവിവരങ്ങൾ ആവശ്യപ്പെട്ടതിന് മറുപടി നൽകിയിട്ടില്ല. അതിനാൽ ആകെ 6,76,542 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. പ്രവൃത്തികൾ പൂർത്തീകരിച്ചതിന്റെ വിശദവിവരങ്ങൾ ഹാജരാക്കേണ്ടതാണ്.

## 1-34 കാർഷിക മേഖലയിൽ പദ്ധതി നടത്തിപ്പ് സംബന്ധിച്ച് കൃത്യമായ മോണിറ്ററിങ്ങ് നടത്തുന്നില്ല

2019-20 വർഷത്തിൽ കൃഷി ഓഫീസർ വിവിധ പദ്ധതികൾ നിർവ്വഹണം നടത്തിയിട്ടുണ്ട്. പദ്ധതി നടത്തിപ്പ് സംബന്ധിച്ച് കൃത്യമായ മോണിറ്ററിങ്ങ് നടത്തിയത് സംബന്ധിച്ച രേഖകൾ നിർവ്വഹണ ഉദ്യോഗസ്ഥ ലഭ്യമാക്കിയിട്ടില്ല. പ്രോജക്ട് നിർവഹണം പൂർത്തിയാകുമ്പോൾ നിർവഹണോദ്യോഗസ്ഥൻ ഒരു പൂർത്തീകരണ സാക്ഷ്യപത്രം തയ്യാറാക്കേണ്ടതും ഇതിൽ പ്രോജക്ടിന്റെ ഭൗതിക ലക്ഷ്യങ്ങളും കൈവരിച്ച നേട്ടങ്ങളും വ്യക്തമായി രേഖപ്പെടുത്തേണ്ടതുമാണ് (2018-19 പദ്ധതി മാർഗരേഖ ഖണ്ഡിക 14.6, 14.7, 14.8 എന്നിവ കാണുക). തൻ വർഷം നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശം ചുവടെ ചേർക്കുന്നു. ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പ് തയ്യാറാക്കിയ മോണിറ്ററിംഗ് സർട്ടിഫിക്കറ്റ് പരിശോധനയ്ക്ക് ലഭ്യമാക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

| ക്രമ നമ്പർ | പദ്ധതി നം & പദ്ധതിയുടെ പേർ | ബിൽ നം & തിയതി | NEFT മുഖാന്തിരം നൽകിയ തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|---|---|
| 1 | 05/ ഹരിതം പള്ളിക്കര നെൽ കൃഷി വികസനം | 1/08.05.2019 | 1,365 | 1 |
| 2 | | 11/22.02.2020 | 19,305 | 16 |
| 3 | | 14/22.2.2020 | 30,250 | 13 |
| 4 | | 15/26.03.2020 | 70,870 | 49 |
| 5 | | 16/26.03.2020 | 65,640 | 45 |
| 6 | | 17/22.02.2020 | 34,680 | 14 |
| 7 | | 8/30.03.2020 | 8,50,850 | 418 ബ്ലോക്ക് പഞ്ചായത്ത് വിഹിതം (ബിൽ മറിയത്ത് 26.05.2020) |
| 8 | | 7/16.11.2019 | 8,51,870 | ജില്ലാ പഞ്ചായത്ത് വിഹിതം ,ഗുണഭോക്താക്കളുടെ എണ്ണം ലഭ്യമാക്കിയിട്ടില്ല (ബിൽ മറിയത്ത് 26.05.2020) |
| 9 | 29/കവുങ്ങു കൃഷി വികസനം | 6/6.11.2019 | 17,32,98 | 120 |
| | | 10/22.02.2020 | 41,640 | 32 |
| 10 | 25/തെങ്ങു കൃഷി വികസനം | 4/28.09.2019 | 6,63,285 | 214 |
| 11 | | 5/06.04.2019 | 3,65,745 | 140 |
| 12 | | 9/13.03.2020 | 1,61,063 | 62 |
| 13 | | 1805.03.2020/ | 19,207 | 8 |
| 14 | | 22/30.03.2020 | 41,402 | 16 |
| 15 | 53/ഹരിതം പള്ളിക്കര പച്ചക്കറി കൃഷി | 24.04.2020 | 17,2420 | 128 |
| 16 | 260/മഴവെള്ളകൊയ്ത്ത് കിണർ റിചാർജ്ജിംഗ് | 30.03.2020 | 1,36,000 | 17 |
| 17 | 57/ജൈവജീവിതം | 02/31.01.2019 | 7,50,000 | 417 |

| | | | | |
|---|---|---|---|---|
| | ഇടവിള കൃഷി | | | |
| 18 | 45/ടെറസിലും മുറ്റത്തും ഗ്രോ ബാഗ് പച്ചക്കറി കൃഷി | 24/30.3.2020 | 16,500 | ഗുണഭോക്താക്കളുടെ എണ്ണം ലഭ്യമാക്കിയിട്ടില്ല |
| 19 | | 12/13.3.2020 | 1,35,000 | ഗുണഭോക്താക്കളുടെ എണ്ണം ലഭ്യമാക്കിയിട്ടില്ല |
| 20 | 35/ഹരിതം പള്ളിക്കര നെൽ കൃഷി വികസനം | 2/31.08.2019 | 1,32,875 | നെൽ വിത്ത് വിതരണം |
| 21 | 65/ഫാഷൻ ഫ്രൂട്ട് കൃഷി | 20/30.03.2020 | 8,125 | 25 |

പദ്ധതി നടത്തിപ്പിൽ കൃത്യമായ മോണിറ്ററിംഗ് നടക്കുന്നുണ്ട് എന്ന് ഭരണസമിതി ഉറപ്പുവരുത്തേണ്ടതാണ്.

## 1-35 തൊഴിലുറപ്പ് പദ്ധതി മെറ്റീരിയൽ പർച്ചേസ് -സ്രോതസ്സുകളിൽ നിന്നും കുറവു ചെയ്യേണ്ട നികുതികൾ കുറവു ചെയ്തതായി കാണുന്നില്ല-

2017 ലെ സെൻട്രൽ ഗുഡ്സ് ആന്റ് സർവീസസ് ടാക്സ് ആക്ടിലെ വകുപ്പ് 51, കേന്ദ്ര സർക്കാരിന്റെ Central Board Of Indirect Taxes And Customs ന്റെ 13.09.2018 ലെ 50/2018 നമ്പർ നോട്ടിഫിക്കേഷൻ, കേന്ദ്ര റവന്യൂ വകുപ്പിന്റെ 14.09.2018 ലെ സർക്കുലർ നം 65/39/2018-DOR എന്നിവ പ്രകാരം 2,50,000 രൂപയിൽ അധികരിക്കുന്ന കരാർ തുകകൾ നൽകുമ്പോൾ 2% ജി.എസ്.ടി സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത് അടക്കേണ്ടതുണ്ട്. എന്നാൽ പഞ്ചായത്ത് തൊഴിലുറപ്പ് പദ്ധതിപ്രകാരം നടപ്പിലാക്കിയ പ്രവൃത്തികളിൽ സാധനങ്ങൾ വാങ്ങിയ വകയിൽ 2.5 ലക്ഷം രൂപയ്ക്ക മുകളിൽ ഉള്ള പേമെന്റുകൾ നടത്തുമ്പോൾ ജി.എസ്.ടി തുക കുറവ് ചെയ്ത് അടച്ചിട്ടുള്ളതായി കാണുന്നില്ല. കൂടാതെ 1961 ലെ ആദായ നികുതി നിയമത്തിലെ വകുപ്പ് 194 സി പ്രകാരം ഒരു സാമ്പത്തിക വർഷം ഒരു കരാറിൽ 30,000 രൂപയിൽ കൂടുതൽ തുക കരാറുകാരന് പേമെന്റ് നടത്തുമ്പോൾ 1% തുക (സ്ഥാപനങ്ങളിൽ നിന്നും 2%) സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത് ആദായ നികുതി വകുപ്പിന് അടക്കേണ്ടതാണ്. എന്നാൽ ചുവടെ ചേർത്ത പ്രവൃത്തികളിൽ ആദായ നികുതി സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത് അടച്ചതായി കാണുന്നില്ല. പ്രവൃത്തികളുടെയും, സാമഗ്രികൾ വാങ്ങിയ വകയിൽ കരാറുകാരുടെ അക്കൗണ്ടുകളിലേക്ക് നിക്ഷേപിച്ച തുകകളുടെയും സ്രോതസ്സിൽ നിന്നും കുറവു ചെയ്യേണ്ടിയിരുന്ന ജി.എസ്.ടി യുടെയും (1% എസ്.ജി.എസ്.ടി, 1% സി.ജി.എസ്.ടി) ആദായ നികുതിയുടേയും (1%) വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രവൃത്തിയുടെ പേര് | കരാറുകാരൻ | മെറ്റീരിയൽ തുക | FTO നം & തിയതി | ഈടാക്കേണ്ട GST | ഈടാക്കേണ്ട IT |
|---|---|---|---|---|---|---|
| 1 | അമ്പങ്ങാട് മാപ്പിളങ്ങാട് റോഡ് കോൺക്രീറ്റ് | നാരായണൻ .ഒ | 1,81,167 | 584493 തി.18.02.2020 | 7,029/- | 3515 /- |
| | | | 1,70,289 | 584502 തി.18.02.2020 | | |
| 2 | പെരിയാട്ടടുക്കം നീരാറ്റി മുതുവത്ത് റോഡ് കോൺക്രീറ്റ് | നാരായണൻ .ഒ | 1,81,167 | 584473 തി.18.02.2020 | 6982/- | 3491/- |
| | | | 1,67,937 | 584482 തി.18.02.2020 | | |
| 3 | ഗോപാലകൃഷ്ണ ക്ഷേത്രം ലിങ്ക് റോഡ് കോൺക്രീറ്റ് | പ്രദ്യുമ്ന ബി. കെ | 1,57,440 | 11420 തി.13.04.2020 | 7951/- | 3976/- |
| | | | 1,00,540 | 11419തി.13.04.2020 | | |
| | | | 139600 | 11418തി .13.04.2020 | | |
| 4 | കരിച്ചേരി പാലം രാമംകുണ്ട് പാലം റോഡ് റോഡ് കോൺക്രീറ്റ് | Uduma Labour Contract Co-Operative Society | 3,73,357 | 60654 തി.22.05.2020 | 7467/- | 7467/- (സ്ഥാപനമായതിനാൽ 2% നികുതി) |
| 5 | കരിച്ചേരി പറമ്പ് നിട്ടാങ്കോട് | Uduma Labour Contract | 2,81,792 | 55683 തി.21.05.2020 | 5636/- | 5636/- (സ്ഥാപനമായതിനാൽ 2% നികുതി) |

| | | | | | | |
|---|---|---|---|---|---|---|
| | റോഡ് റോഡ് കോൺക്രീറ്റ് | Co-Operative Society | | | | |
| 6 | ചെരുമ്പ വേങ്ങപ്പള്ളം റോഡ് നിർമ്മാണം | നാരായണൻ .ഒ | 1,90,970 | 69352തി.28.03.2020 | 7370/- | 3685/- |
| | | | 1,77,561 | 693536 തി28.03.2020 | | |
| | | | | ആകെ | 42,435/- | 27,770/- |

നികുതികൾ ഈടാക്കാത്തതിന് കാരണങ്ങൾ വിശദമാക്കാൻ ആവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.13/24.02.2021) സെക്രട്ടറി മറുപടി നൽകിയിട്ടില്ല. ആയതിനാൽ ആദായ നികുതി, ജി.എസ്.ടി എന്നീയിനങ്ങളിൽ കേന്ദ്ര സംസ്ഥാന സർക്കാരുകൾക്കുണ്ടായ നഷ്ടം ഉത്തരവാദികളിൽ നിന്നും ഈടാക്കി നികത്തേണ്ടതാണ്.

<u>തൊഴിലുറപ്പ് പദ്ധതി പൊതു അവലോകനം</u>

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 229 | 851122 | 851351 | 378956 | 472395 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 21020387 | 21020387 | 21020387 | 0 |
| ആകെ | 229 | 21871509 | 21871738 | 21399343 | 472395 |

മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയ്ക്കായി 2019-20 വർഷം 505 പദ്ധതികളുൾപ്പെടുന്ന 8,93,25,501/- കോടി രൂപ അടങ്കലുള്ള ആക്ഷൻ പ്ലാൻ ഗ്രാമ പഞ്ചായത്ത് തയ്യാറാക്കി അംഗീകാരം നേടിയിരുന്നു. തൻ വർഷം 196 പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളത് തൻ വർഷം വിവിധ പദ്ധതികളിലായി ആകെ 75,482 തൊഴിൽ ദിനങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്. നൂറുദിനം തൊഴിൽ ദിനം ലഭിച്ച 179 കുടുംബങ്ങളുണ്ട്.

## 1-36 ബിഡ് സമർപ്പണ ഫീസ് പഞ്ചായത്തിന് കൈമാറിയിട്ടില്ല

പഞ്ചായത്തിലെ വിവിധ മരാമത്ത് പ്രവൃത്തികളുടെ ഇ-ടെണ്ടർ നടത്തുമ്പോൾ ബിഡ്ഡർമാർ ഓൺലൈൻ ആയി അടക്കുന്ന ബിഡ് സമർപ്പണ ഫീസ് ക്രഡിറ്റ് ചെയ്യപ്പെടുന്നത് അസിസ്റ്റന്റ് എഞ്ചിനീയറുടെ പേരിൽ എസ്.ബി.ഐ, ഹോസ്ദുർഗ് ശാഖയിലെ അക്കൗണ്ടിലാണ്. (അക്കൗണ്ട് നം 67293490999). ഈ അക്കൗണ്ടിന്റെ 01/08/2020 മുതൽ 01/03/2021 വരെയുള്ള സ്റ്റേറ്റ്മെന്റ് മാത്രമാണ് അസിസ്റ്റന്റ് എഞ്ചിനീയർ പരിശോധനയ്ക്ക് ഹാജരാക്കിയത്. സ്റ്റേറ്റ്മെന്റ് പ്രകാരം ഈ അക്കൗണ്ട് 10/09/2014 ലാണ് ആരംഭിച്ചിട്ടുള്ളത്. നാളിതു വരെ ഈ അക്കൗണ്ടിലെ ഇടപാടുകൾ പഞ്ചായത്തിന്റെയോ നിർവഹണ ഉദ്യോഗസ്ഥന്റെയോ കണക്കുകളിൽ ഉൾപ്പെട്ടിട്ടില്ല.

15.08.2020 ലെ മുന്നിരിപ്പ് 33765 രൂപയടക്കം ഈ അക്കൗണ്ടിൽ 01/03/2021 ൽ 1,36,505 രൂപ നീക്കിയിരിപ്പുണ്ട്. ഓഡിറ്റിന് ഹാജരാക്കിയ സ്റ്റേറ്റ്മെന്റ് പ്രകാരം ഈ അക്കൗണ്ടിൽ ഇ-ടെണ്ടറുകളിലെ ബിഡ് സമർപ്പണ ഫീസുകൾ മാത്രമേ വരവു വന്നിട്ടുള്ളൂ. പിൻവലിക്കലുകൾ ഒന്നും നടത്തിയിട്ടില്ല.ഈ അക്കൗണ്ടിൽ നാളിതു വരെ വരവു വന്നിട്ടുള്ള ബിഡ് സമർപ്പണ ഫീസ് കണക്കാക്കി പഞ്ചായത്തിന്റെ അക്കൗണ്ടിലേക്ക് വരവു വെക്കേണ്ടതാണ്. തുടർന്നുള്ള കാലയളവിൽ പ്രതിമാസം ഈ അക്കൗണ്ടിൽ വരവു വരുന്ന ബിഡ് സമർപ്പണ ഫീസ് പഞ്ചായത്തിന് കൈമാറുന്ന തരത്തിലുള്ള സംവിധാനം ഏർപ്പെടുത്തേണ്ടതാണ്.

## 1-37 അങ്കണവാടി റിപ്പയർ പ്രവൃത്തി- ടെണ്ടർ നിരക്ക് കുറവു ചെയ്യാത്തതിനാൽ നഷ്ടം

പ്രോജക്ട് നം 170/2020- പാക്കം അങ്കണവാടി റിപ്പയർ

ഫണ്ട്- 1,30,000 (മെയിന്റനൻസ് ഫണ്ട്- റോഡിതരം)

കരാറുകാരൻ- ശ്രീ.ഇസ്മയിൽ ഷബാദ്.ഇ.എം

കരാർ നിരക്ക്- 5.6% കുറവ്

ഈ പ്രവത്തിയുടെ അളവ് പുസതകം നമ്പർ 194/18-19 ലെ പേജ് 17 പ്രകാരം 98,001 രൂപയുടെ പ്രവൃത്തി പൂർത്തിയാക്കിയ കരാറുകാരന് 09.05.2019 ലെ 1920075200890043220 നമ്പർ ബില്ലിൽ ചുവടെ ചേർത്ത പ്രകാരം പേമെന്റ് നടത്തിയിട്ടുണ്ട്.

ആകെ പ്രവൃത്തി മൂല്യം- 98,001

(-) ആദായ നികുതി- 980

(-) ക്ഷേമനിധി വിഹിതം- 980

നെറ്റ് തുക കരാറുകാരന് നൽകിയത്- 96,041

ഗ്രോസ് ചെലവ്- 98,001 രൂപ

പ്രവൃത്തിയുടെ പേമെന്റ് നടത്തുമ്പോൾ ടെണ്ടർ നിരക്ക് കുറച്ചിട്ടില്ല. 5.6% കുറഞ്ഞ നിരക്ക് ബാധകമാക്കി പേമെന്റ് നടത്തിയിരുന്നെങ്കിൽ 92,513 രൂപയുടെ ഗ്രോസ് ചെലവ് മാത്രമേ പഞ്ചായത്തിന് വഹിക്കേണ്ടിവരുമായിരുന്നുള്ളൂ. (98,001- 5,488 (5.6%). ടെണ്ടർ നിരക്ക് കുറക്കാത്തതിനാൽ പഞ്ചായത്തിന് 5,488 രൂപയുടെ അധികച്ചെലവ് സംഭവിച്ചിട്ടുണ്ട്. ഈ തുക പ്രവൃത്തിയുടെ അന്തിമബില്ല് തയ്യാറാക്കി പേമെന്റ് നടത്തിയ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്.

## 1-38 എസ് എസ് എ പദ്ധതിക്ക് കൂടുതൽ തുക നൽകിയത്-

നിർവ്വഹണ ഉദ്യോഗസ്ഥൻ – ഹെഡ്മാസ്റ്റർ ജി.എം.യു.പി.എസ്., പള്ളിക്കര

പള്ളിക്കര ഗ്രാമ പഞ്ചായത്തിലെ 2019-20 വർഷത്തെ എസ്.എസ്.എ. പദ്ധതിയുടെ അടങ്കൽ തുക 1,24,65,000 രൂപയാണ്. എന്നാൽ പഞ്ചായത്തിന്റെ 31-03-2020 വരെയുള്ള ചെലവ് 47,83,000 രൂപയാണ്. പഞ്ചായത്ത് നൽകേണ്ട 40 ശതമാന വിഹിതം 49,86,000 രൂപയാണ്. പഞ്ചായത്ത് താഴെ വിവരിച്ച പ്രകാരം 25,00,000 രൂപ ( വികസന ഫണ്ട്) എസ്.എസ്.എ. ക്ക് കൈമാറിയിട്ടുണ്ട്.

| ബിൽ നം/തീയതി | തുക | അക്കൗണ്ട് നം |
|---|---|---|
| 1/2019-20<br>തീയതി 21-08-2019 | 9,00,000 | 0726101120370<br>(ജില്ലാ പ്രോജക്ട് ഓഫീസർ<br>എസ്.എസ്.എ. കാസറഗോഡ്) |
| 2/2019-20<br>തീയതി 24-08-2019 | 9,00,000 | |
| 3/2019-20<br>തീയതി 20-09-2019 | 7,00,000 | |
| ആകെ | 25,00,000 | |

മൊത്തംചെലവ് തുകയുടെ 40 ശതമാനമായ 19,13,200 രൂപയാണ് നൽകേണ്ടിയിരുന്നത്. എന്നാൽ 5,86,800 രൂപ കൂടുതൽ നൽകിയിട്ടുണ്ട്. കൂടുതൽ നൽകിയ തുക 5,86,800 രൂപ 2020-21 വർഷത്തെ വിഹിതത്തിൽ ക്രമീകരിക്കേണ്ടതാണ്.

## 1-39 ഹോമിയോ ഡിസ്പെൻസരിക്ക് മരുന്ന് പൂർണമായി ലഭിച്ചിട്ടില്ല-

പ്രോജക്ട് നം 62/20 പ്രകാരം പള്ളിക്കര ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങുന്നതിനായി

ബിൽ നം 1/2019-20 തീയതി 15-10-2019 പ്രകാരം 5,00,000 രൂപ വികസന ഫണ്ട് ഹോമിയോപ്പതിക് കോ-ഓപ്പറേറ്റിവ് ഫാർമസി ആലപ്പുഴ എന്ന സ്ഥാപനത്തിനു നൽകിയിട്ടുണ്ട് (ഇൻവോയ്സ് നം 2176 തിയതി 28-01-2020) . എന്നാൽ ഓഡിറ്റ് തീയതിവരെ (26-02-2021) 3,20,522 രൂപയുടെ മരുന്ന് മാത്രമാണ് ഡിസ്പെൻസറിക്ക് ലഭിച്ചത്. ബാക്കി 1,79,478 രൂപയുടെ മരുന്ന് എത്രയും പെട്ടെന്ന് ലഭ്യമാക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്..

1-40 ക്യാഷ്ബുക്കിൽ വരവ് ചെലവ് ചേർത്തിട്ടില്ല-

2019-20 വർഷം പള്ളിക്കര പി എച്ച് സി യുടെ കണ്ടിജൻസി ചെലവിനായി 64,414 രൂപ പഞ്ചായത്തിൽനിന്നും നൽകിയിട്ടുണ്ട്. ഈ തുക മൊത്തം ചെലവ് ചെയ്തിട്ടുണ്ട്, എന്നാൽ ഈ തുകകൾ ക്യാഷ് ബുക്കിൽ വരവിലും ചെലവിലും ചേർത്തിട്ടില്ല. ഗ്രാമ പഞ്ചായത്തിൽ നിന്നും ലഭ്യമാകുന്ന മുഴുവൻ ഫണ്ടുകളുടേയും വരവ് ചെലവ് വിവരങ്ങൾ ക്യാഷ് ബുക്കിൽ ഉൾപ്പെടുത്തുവാൻ ശ്രദ്ധിക്കേണ്ടതാണ്. നിർവ്വഹണ ഉദ്യോഗസ്ഥന്റെ ക്യാഷ് ബുക്കിൽ ഉൾപ്പെടുത്താത്ത തുകയുടെ വിശദ വിവരം താഴെ നൽകുന്നു.

| ചെക്ക് നം/തീയതി | തുക | വിവരം |
|---|---|---|
| 5272220 തീയതി 09-07-2019 | 50,000 | ചെലവ് ചെയ്തു |
| 101675 തീയതി 24-02-2020 | 16,414 | ചെലവ് ചെയ്തു |
| 116402 തീയതി 13-04-2020 | 6,547 | ചെലവ് ചെയ്തു |
| ആകെ | 72,961 | |

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

3-1 അങ്കണവാടി റിപ്പയർ പ്രവൃത്തി- ടെണ്ടർ നിരക്ക് കുറവു ചെയ്യാത്തതിനാൽ നഷ്ടം

പ്രോജക്ട് നം 170/2020- പാക്കം അങ്കണവാടി റിപ്പയർ

ഫണ്ട്- 1,30,000 (മെയിന്റനൻസ് ഫണ്ട്- റോഡിതരം)

കരാറുകാരൻ- ശ്രീ.ഇസ്മയിൽ ഷബാദ്.ഇ.എം

കരാർ നിരക്ക്- 5.6% കുറവ്

ഈ പ്രവത്തിയുടെ അളവ് പുസതകം നമ്പർ 194/18-19 ലെ പേജ് 17 പ്രകാരം 98,001 രൂപയുടെ പ്രവൃത്തി പൂർത്തിയാക്കിയ കരാറുകാരന് 09.05.2019 ലെ 1920075200890043220 നമ്പർ ബില്ലിൽ ചുവടെ ചേർത്ത പ്രകാരം പേമെന്റ് നടത്തിയിട്ടുണ്ട്.

ആകെ പ്രവൃത്തി മൂല്യം- 98,001

(-) ആദായ നികുതി- 980

(-) ക്ഷേമനിധി വിഹിതം- 980

നെറ്റ് തുക കരാറുകാരന് നൽകിയത്- 96,041

ഗ്രോസ് ചെലവ്- 98,001 രൂപ

പ്രവൃത്തിയുടെ പേമെന്റ് നടത്തുമ്പോൾ ടെണ്ടർ നിരക്ക് കുറച്ചിട്ടില്ല. 5.6% കുറഞ്ഞ നിരക്ക് ബാധകമാക്കി പേമെന്റ് നടത്തിയിരുന്നെങ്കിൽ 92,513 രൂപയുടെ ഗ്രോസ് ചെലവ് മാത്രമാണ് വരുന്നത് (98,001- 5,488 (5.6%). ടെണ്ടർ നിരക്ക് കുറക്കാത്തതിനാൽ പഞ്ചായത്തിന് 5,488 രൂപയുടെ അധികച്ചെലവ് സംഭവിച്ചിട്ടുണ്ട്. ഈ തുക പ്രവൃത്തിയുടെ അന്തിമബില്ല് തയ്യാറാക്കി പേമെന്റ് നടത്തിയ അസിസ്റ്റന്റ് എഞ്ചിനീയർ, പ്രവൃത്തിയുടെ ബില്ല് പരിശോധിച്ച് അംഗീകാരം നൽകിയ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവരിൽ നിന്നും ഈടാക്കേണ്ടതാണ്.

## ഭാഗം -4

### 4-1 വാർഷീക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2019-20 | 22.02.2021 &23.02.2021 | - |

### 4-2 സംയുക്തപ്രോജക്കുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| ക്രമ നം | വിഹിതംനൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | മുന്നിരിപ്പ് ഉൾപ്പെടെ | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|---|---|
| 1 | ജില്ല പഞ്ചായത്ത് കാസർഗോഡ് | 2019-20 | 350000 | 350000 | 7/20 ശാരിരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥി കൾക്ക് സ്കോളർഷിപ്പ് | 350000 | 0 |
| 2 | ബ്ലോക്ക് പഞ്ചായത്ത് കാഞ്ഞങ്ങാട് | 2019-20 | 100000 | 100000 | 6/20 അങ്കണവാടി പോഷഹാകാരം | 100000 | 0 |
| 3 | ബ്ലോക്ക് പഞ്ചായത്ത് കാഞ്ഞങ്ങാട് | 2019-20 | 163262 | 163262 | 7/20 ശാരിരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥി കൾക്ക് സ്കോളർഷിപ്പ് | 163262 | 0 |
| 4 | ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 1760000 | 1760000 | 14/20 ലൈഫ് ഭവന പദ്ധതി | 1760000 | 0 |

| | | | | | | | |
|---|---|---|---|---|---|---|---|
| | കാഞ്ഞങ്ങാട് | | | | | | |
| 5 | ബ്ലോക്ക് പഞ്ചായത്ത് കാഞ്ഞങ്ങാട് | 2019-20 | 30280 | 30280 | 5/20 ഹരിതം പള്ളിക്കര നെൽകൃഷി വ്യാപനം | 30250 | 30 |
| 6 | ജില്ല പഞ്ചായത്ത് കാസർഗോഡ് | 2019-20 | 34680 | 34680 | 5/20 ഹരിതം പള്ളിക്കര നെൽകൃഷി വ്യാപനം | 34680 | 0 |
| 7 | ജില്ല പഞ്ചായത്ത് കാസർഗോഡ് | 2019-20 | 256198 | 256198 | 107/20 ക്ഷീരസംഘങ്ങൾ മുഖേന വിതരണം ചെയ്യുന്ന പാലിന് സബ്സിഡി | 256198 | 0 |
| 8 | ബ്ലോക്ക് പഞ്ചായത്ത് കാഞ്ഞങ്ങാട് | 2019-20 | 500000 | 500000 | 107/20 ക്ഷീരസംഘങ്ങൾ മുഖേന വിതരണം ചെയ്യുന്ന പാലിന് സബ്സിഡി | 500000 | 0 |
| 9 | ജില്ല പഞ്ചായത്ത് കാസർഗോഡ് | 2019-20 | 156250 | 156250 | 210/20 ലൈഫ് ഭവന നിർമ്മാണ പദ്ധതി പട്ടികജാതി | 136250 | 0 |
| 10 | ബ്ലോക്ക് പഞ്ചായത്ത് കാഞ്ഞങ്ങാട് | 2019-20 | 160000 | 160000 | 255/20 ലൈഫ് ഭവന പദ്ധതി (പട്ടികജാതി) | 160000 | 0 |
| 11 | ജില്ല പഞ്ചായത്ത് കാസർഗോഡ് | 2019-20 | 200000 | 200000 | 31/20 അഗതി കേരളം പദ്ധതി | 200000 | 0 |
| 12 | ജില്ല പഞ്ചായത്ത് കാസർഗോഡ് | 2019-20 | 100000 | 100000 | 56/20 പാലിയേറ്റീവ് പരിചരണം | 100000 | 0 |
| 13 | ജില്ല പഞ്ചായത്ത് കാസർഗോഡ് | 2019-20 | 30000 | 30000 | 208/20 വൈകല്യ സൗഹൃദ ഭവന നിർമ്മാണം | 30000 | 0 |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ/ വൗച്ചർ/ ചെക്ക് നമ്പർ | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| KSEB | PROJ.NO.3 Raising Capacity Of Transfomer | 21900239 18/7/2019 | 6,19,548 | 6,19,548 | - |

| | | | | | |
|---|---|---|---|---|---|
| | (Plastic Recycle Unit ) | | | | |
| KWA | Project No.266/19-20 Pakkam Drinking Water Project Depositing Balance Amount | 21900891 Dt 24/02/2020 | 10,00,000 | 10,00,000 | . |
| KSEB | 186/20, മാസ്റ്റിഗ്ഡ്ഡ പ്രദേശത്തേക്ക് തെരുവ് വിളക്ക്-ഇലക്ട്രിക്ക് ലൈൻ വലിക്കൽ | ബില്ല് നം-36/ തീ.17,7,2019 | 56,994 | 56,994 | . |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരം

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾ നടത്തുന്നതിനായി മൊബിലൈസേഷൻ അഡ്വാൻസ് ഇനത്തിൽ ഗുണഭോക്തൃസമിതികൾക്ക് നൽകിയ തുകയുടെ വിവരം ചുവടെ കൊടുക്കുന്നു

| ക്രമ നമ്പർ | കൺവീനറുടെ പേര് | പ്രവൃത്തിയുടെ പേര് | ബിൽ/ വൗച്ചർ/ ചെക്ക് നമ്പർ | മുൻകൂർ നൽകിയ തുക | അഡ്ജസ്റ്റ് ചെയ്ത തുക | ബാക്കി |
|---|---|---|---|---|---|---|
| ഇല്ല | | | | | | |

## 4-5 വായ്പ / വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷത്തിൽ വായ്പയിനത്തിൽ ലഭിച്ച തുകയുടെ വിവരവും വായ്പയിനത്തിലുള്ള തിരിച്ചടവിന്റെ വിവരവും ചുവടെ കൊടുക്കുന്നു.

| വായ്പയുടെ പേര് / ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തീയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടക്കാൻ ബാക്കി ഉണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | വർഷാവസാനം തിരിച്ചടക്കാന ബാക്കിയുള്ള തു |
|---|---|---|---|---|---|
| ഇ .എം.എസ് ഭവന പദ്ധതി(പനയാൽ സർവീസ് സഹകരണ ബാങ്ക്) | ജി.ഒ.(എം.എസ്) നമ്പർ 83/13/1540 തസ്വഭവ തീയതി 1.1.3.2013 | 14780000 | 10280000 | 1500000 | 8780000 |
| ലൈഫ് ഭവന പദ്ധതി | ജി.ഒ.(എം.എസ്) നമ്പർ 2278 തസ്വഭവ തീയതി 1.8.8.2018 | 23399325 | 23399325 | 3372354 | 20026971 |

## 4-6 സ്ഥിര നിക്ഷേപങ്ങളുടെ വിവരം

| വർഷം | 2019-20 |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | ഇല്ല |
| തൻവർഷം നിക്ഷേപിച്ച തുക | ഇല്ല |
| ആകെ | ഇല്ല |
| തന്നാണ്ടിൽ പിൻവലിച്ച തുക | ഇല്ല |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപം | ഇല്ല |

## 4-7 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറി ഇനത്തിൽ തൻ വർഷം ലഭിച്ച തുകയുടെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം / ഖണ്ഡിക | ഈടാക്കിയ തുക ₹ | ഒടുക്കിയ ആളുടെ പേര്, ഉദ്യോഗപ്പേരും | രശീത് നമ്പർ തീയ്യതി |
|---|---|---|---|---|
| 2013-14 | ലഭ്യമാക്കിയില്ല | 4715 | ബി.വിജയഭാനു, സെക്രട്ടറി | 119030101909/ 18-06-2019 |
| ആകെ | | 4715 | | |

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

ഗ്രാമ പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1998-99- | 39 | 1999-2000 | Iv-80-എ | കമ്പ്യൂട്ടർ പരിശീലനം ഗുണഭോക്തൃ വിഹിതം പിരിക്കാത്തത് | പ്രസ്തുത തടസ്സത്തിന് സർക്കാർ സാധൂകരണം നല്കിയിട്ടുണ്ട് .ഇക്കാര്യം സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറെഅറിയിപ്പിച്ചിട്ടുണ്ട്. നിയമ സഭ സമിതിയിൽ നിന്നും തുടർ നിർദ്ദേശങ്ങൾ പ്രതീക്ഷിക്കുന്നു (LFAC |

| | | | | | |
|---|---|---|---|---|---|
| | | | | | 2006-08, 7മത് റിപ്പോർട്ട് ഖ.37) |
| 1998-99- | 41 | 1999-2000 | lv-80-ബി | വെറ്റിനറി സർജ്ജൻ നടപ്പാക്കിയ പദ്ധതികൾ സംബന്ധിച്ച് | പദ്ധതിയ്ക്കായി അനുവദിച്ച തുകയുടെ ചെലവ് സംബന്ധിച്ച രേഖകൾ ഭാഗീകമായി പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടുണ്ട്. വിവരം സംസ്ഥാന ഓഡിറ്റ് ഡയറക്ടറെ 04-01-2018ന് ധരിപ്പിച്ചിട്ടുണ്ട്. ഇതിന്മേലുള്ള നടപടി വിശദീകരണ പത്രിക സൂക്ഷ്മ പരിശോധന റിപ്പോർട്ട് 26.11.2019ന് ഡയറക്ടേറ്റി ലേയ്ക്ക് അയച്ചിട്ടുണ്ട്.(LFAC2006-08, 7മത് റിപ്പോർട്ട് ഖ.42). |
| തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലെ നിഷ്ക്രിയാ സ്ഥികൾ അവലോകനം ( 2011-12,12-13 ഓഡിറ്റ് റിപ്പോർട്ട് ) | 3-5 | 2014-15 | 4-1-4 | ഖരമാലിന്യ സംസ്കരണ പ്ലാന്റ് പ്രവർത്തന രഹിതം.ലോറി ഉപയോഗിക്കുന്നില്ല. (പേജ്.25)(തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലെ നിഷ്ക്രിയാ സ്ഥികൾ അവലോകനം) | ലഭ്യമാക്കിയ മറുപടി പരിശോധിച്ച് നംഃകെ..എസ്.എ / കെ.എസ്.ഡി.11 /965/2019. തീ:17-10-2019. പ്രകാരം വസ്തുതാ പരിശോധന റിപ്പോർട്ട് ഹെഡ്ഡോഫീ സിലേക്ക് അയച്ചിട്ടുണ്ട്. |
| 2014-15 | 2-3 | 2016-17 | അധ്യായം.2 അനുബന്ധം4 | തൊഴിൽ നികുതി പരാമർശങ്ങൾ | മറുപടി ലഭ്യമാക്കിയില്ല പരാമർശം തുടരുന്നു |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

(ബി) സർചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 7,77,98,607 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 7,72,95,251 |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 5,488 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 33,07,366 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | - | 5,488 | ബാബുരാജൻ.എൻ.ഡി, അസിസ്റ്റന്റ് എഞ്ചിനീയർ (റിട്ടയേർഡ്) |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-20 | 6,38,110 | സുകുമാരൻ.എ ഡയറി ഫാം ഇൻസ്ട്രക്ടർ |
| 1-21 | 3,75,000 | ജോർജ്ജ് വി.എ അസിസ്റ്റന്റ് സെക്രട്ടറി |
| 1-22 | 1,33,912 | ജോർജ്ജ് വി.എ അസിസ്റ്റന്റ് സെക്രട്ടറി |
| 1-23 | 2,00,868 | ജോർജ്ജ് വി.എ അസിസ്റ്റന്റ് സെക്രട്ടറി |
| 1-24 | 1,00,000 | ജോർജ്ജ് വി.എ അസിസ്റ്റന്റ് സെക്രട്ടറി |
| 1-25 | 50,000 | ജോർജ്ജ് വി.എ അസിസ്റ്റന്റ് സെക്രട്ടറി |
| 1-27 | 50,000 | രാധാകൃഷ്ണൻ.കെ.എം സെക്രട്ടറി |
| 1-28 | 3,000 | രാധാകൃഷ്ണൻ.കെ.എം സെക്രട്ടറി |
| 1-29 | 13,000 | രാധാകൃഷ്ണൻ.കെ.എം സെക്രട്ടറി |
| 1-31 | 10,00,000 | രാധാകൃഷ്ണൻ.കെ.എം സെക്രട്ടറി |
| 1-32 | A)54,339<br>B)12,595 | ജോർജ്ജ് വി.എ സെക്രട്ടറി(ഇൻചാർജ്ജ്), രാധാകൃഷ്ണൻ.കെ.എം സെക്രട്ടറി |
| 1-33 | 6,76,542 | ജോർജ്ജ് വി.എ സെക്രട്ടറി(ഇൻചാർജ്ജ്) |
| ആകെ | 33,07,366 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ബാബുരാജൻ.എൻ.ഡി, അസിസ്റ്റന്റ് എഞ്ചിനീയർ | റിട്ടയേർഡ് | നെല്ലിപ്പറമ്പിൽ വീട്, കാറളം പി.ഒ, തൃശ്ശൂർ പിൻ- 680711 |

## 4-11 തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 1980-81 | എൽ.എഫ്.കെ.എസ്.ഡി.5/539/03(9) തിയ്യതി.16.08.03 | 1 | |
| 1983-84 | എൽ.എഫ്.കെഎസ്.ഡി.5/539/03(10) തിയ്യതി.16.08.03 | 2 | |
| 1985-86 | എൽ.എഫ്.കെഎസ്.ഡി.5/539/03(12) തിയ്യതി.16.08.03 | 2 | |
| 1987-88 1988-89 | എൽ.എഫ്.കെഎസ്.ഡി.5/539/03(13) തിയ്യതി.16.08.03 | 3 | |
| 1989-90 1990-91 | എൽ.എഫ്.കെഎസ്.ഡി.5/539/03(14) തിയ്യതി.16.08.03 | 2 | |
| 1991-92to 1994-95 | എൽ.എഫ്.കെ.എസ്.ഡി.5/211/00, തിയ്യതി.26.02.03 | 2 | |
| 1995-96 | എൽ.എഫ്.കെ.എസ്.ഡി.5/691/00, തിയ്യതി.26.02.03 | 1 | |
| 1996-97 | എൽ.എഫ്.കെഎസ്.ഡി.5/539/03(15) തിയ്യതി.16.08.03 | 2 | |
| 1998-99 | എൽ.എഫ്.കെഎസ്.ഡി.5/539/03(17) തിയ്യതി.16.08.03 | 2 | |
| 1999-00 | എൽ.എഫ്.കെ.എസ്.ഡി.5/75/01, തിയ്യതി.09.01.01 | 1 | |
| 2000-01 | എൽ.എഫ്.കെ.എസ്.ഡി.5/599/01, തിയ്യതി.25.03.03 | 18 | |
| 2001-02 | എൽ.എഫ്.കെ.എസ്.ഡി.4/759/03, തിയ്യതി.15.11.04 | 4 | |

| | | | |
|---|---|---|---|
| (Plan) | | | |
| 2001-02 (Final) | എൽ.എഫ്.കെ.എസ്.ഡി.4/129/05, തിയ്യതി.05.06.07 | 6 | |
| 2002-03 | എൽ.എഫ്.കെ.എസ്.ഡി.3/20/07, തിയ്യതി.30.05.09 | 26 | |
| 2003-04 | എൽ.എഫ്.കെ.എസ്.ഡി.4/111/08, തിയ്യതി.02.12.10 | 7 | |
| 2004-05 | എൽ.എഫ്.കെ.എസ്.ഡി.6/599/11, തിയ്യതി.18.08.11 | 7 | |
| 2005-06 | എൽ.എഫ്.കെ.എസ്.ഡി.3/113/08, തിയ്യതി.12.12.08 | 15 | |
| 2006-07 | എൽ.എഫ്.കെ.എസ്.ഡി.3/803/08,തിയ്യതി.22.8.09/14.03.11 | 9 | |
| 2007-08 | എൽ.എഫ്.കെ.എസ്.ഡി.3/326/10, തിയ്യതി.23.12.10/03.05.11 | 8 | |
| 2008-09 | എൽ.എഫ്.കെ.എസ്.ഡി.3/327/10, തിയ്യതി.03.05.11 | 12 | |
| 2009-10 2010-11 | എൽ.എഫ്.കെ.എസ്.ഡി.3/327/10, തിയ്യതി.23.04.13 | 14 | |
| 2011-12 2012-13 | എൽ.എഫ്.കെ.എസ്.ഡി.9/1048/14, തിയ്യതി.06.05.15 | 7 | |
| 2013-14 | എൽ.എഫ്.കെ.എസ്.ഡി.9/867/15, തിയ്യതി.11.11.15 | 15 | |
| 2014-15 | എൽ.എഫ്.കെ.എസ്.ഡി.8/720/16, തിയ്യതി.18.07.16 | 22 | |
| 2015-16 | കെ.എസ്.എ-കെ.എസ്.ഡി /8/1234/ 2016തീയതി. 13-12-2016 | 36 | |
| 2016-17 | കെ.എസ്.എ-കെ.എസ്.ഡി /8 /803/ 2017തീയതി. 17-07-2017 | 28 | |
| 2017-18 | കെ.എസ്.എ-കെ.എസ്.ഡി /8 /1304/ 2018തീയതി. 7-12-2018 | 9 | |
| 2018-19 | നം.കെ.എസ്.എ.കെ.എസ്.ഡി-8/991/2019.തീയതി: 14-10-2019. | 20 | |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്.
സംസ്ഥാന ഓഡിറ്റ് വകുപ്പ്.

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കാസർഗോഡ് ജില്ലയിലെ പള്ളിക്കര ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കാസർഗോഡ് ജില്ലയിലെ പള്ളിക്കര ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# അനുബന്ധം 3

## റസീറ്റ് ആന്റ് പേമെന്റ് സ്റ്റേറ്റ്മെന്റ്

| | | | |
|---|---|---|---|
| | Pallikkara Grama Panchayat RECEIPT & PAYMENT STATEMENT | | |
| | For the period from 01-April-2019 to 31-March-2020 | | |
| Code.No | Description of Items | Schedule No | Amount |
| | RECEIPTS | | |
| | Opening Balance | | |
| Bank | Bank | RP-40(a) | 35338578.00 |
| Cash | Cash | RP-40(a) | 102852.00 |
| | Operating | | |
| 110000000 | Tax Revenue | RP-1 | 1385535.00 |
| 130000000 | Rental income from Panchayat Properties | RP-3 | 50000.00 |
| 140000000 | Fees & User Charges | RP-4 | 1004801.00 |
| 150000000 | Sale & Hire Charges | RP-5 | 266228.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 58533824.00 |
| 171000000 | Interest Earned | RP-9 | 475325.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 8045718.00 |
| 350000000 | Other Liabilities | RP-36 | 33100.00 |
| | Non Operating | | |
| 180000000 | Other Income | RP-10 | 5053.00 |
| 311000000 | Earmarked Funds | RP-29 | 48.00 |
| 340000000 | Deposits Received | RP-34 | 12941.00 |
| 350000000 | Other Liabilities | RP-36 | 450182.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 7520852.00 |
| 460000000 | Loans, Advances and Deposits | RP-47 | 15000.00 |
| | Grand total | | 113240037.00 |
| | PAYMENTS | | |
| | Operating | | |
| 210000000 | Establishment Expenses | RP-11 | 4013370.00 |
| 220000000 | Administrative Expenses | RP-12 | 997649.00 |
| 230000000 | Operations & Maintenance | RP-13 | 2012671.00 |
| 250000000 | Decentralised Plan Programme- Productive Sector | RP-15 | 5266959.00 |
| 251000000 | Decentralised Plan Programme- Service Sector | RP-16 | 27544476.00 |
| 252000000 | Decentralised Plan Programme- Infrastructure Sector | RP-17 | 511261.00 |
| 253000000 | Decentralised Plan Programme- Projects not included in Sector Division | RP-18 | 727711.00 |
| 254000000 | Expenditures of Transferred institutions and State Sponsored | RP-19 | 1354800.00 |
| | Schemes | | |
| 255000000 | Maintenance Projects | RP-20 | 6213538.00 |
| 256000000 | Other Revenue Grants and Funds - Revenue Expenses | RP-21 | 32207.00 |
| 260000000 | Grants, Contributions and Compensations from Own Fund | RP-22 | 335500.00 |
| 280000000 | Prior Period item | RP-26 | -9902.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 89403.00 |
| 350000000 | Other Liabilities | RP-36 | 5751613.00 |
| | Non Operating | | |
| 240000000 | Interest & Finance Charges | RP-14 | 1000143.00 |
| 280000000 | Prior Period Item | RP-26 | -5600.00 |
| | | | |

| | | | |
|---|---|---|---|
| 330000000 | Secured Loans | RP-32 | 3240000.00 |
| 340000000 | Deposits Received | RP-34 | 5000.00 |
| 350000000 | Other Liabilities | RP-36 | 1460614.00 |
| 410000000 | Fixed Assets | RP-38 | 13273613.00 |
| 460000000 | Loans, Advances and Deposits | RP-47 | 3480225.00 |
| | Closing Balance | | |
| Bank | Bank | RP-40(b) | 35944786.00 |
| Cash | Cash | RP-40(b) | 0.0 |
| | Grand Total | | 113240037.00 |

## അനുബന്ധം 4

## ഇൻകം ആൻഡ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്

| | | | |
|---|---|---|---|
| | Pallikkara Grama Panchayat<br>INCOME & EXPENDITURE<br>STATEMENT | | |
| | For the period from 01-April-2019 to 31-March-2020 | | |
| Code.No | Description of Items | Schedule No | Amount |
| | INCOME | | |
| 110000000 | Tax Revenue | I-1 | 8636907.00 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 278300.00 |
| 140000000 | Fee & User Charges | I-4(b) | 1168701.00 |
| 150000000 | Sale & Hire Charges | I-5(b) | 266228.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 105139705.00 |
| 171000000 | Interest Earned | I-8 | 475325.00 |
| 180000000 | Other Income | I-9 | 81369.00 |
| | Total Income | | 116046535.00 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10(b) | 11395969.00 |
| 220000000 | Administrative Expenses | I-11(b) | 1126183.00 |
| 230000000 | Operations & Maintenance | I-12(b) | 2046397.00 |
| 240000000 | Interest & Finance Charges | I-13 | 1000143.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 8149259.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 50577154.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 368600.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(c) | 972033.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(d) | 21253442.00 |
| 255000000 | Maintenance Projects | I-14(e) | 6629174.00 |
| 256000000 | Other Revenue Grants and Funds - Revenue Expenses | I-15(a) | 32207.00 |
| 260000000 | Grants, Contributions & Compensation from Own Fund / Subsidies | I-15 | 335500.00 |
| | Total Expenditure | | 103886061.00 |
| | Gross Surplus/ Deficit of income over Expenditure | | 12160474.00 |
| 280000000 | Prior Period Item | I-18 | -22060373.00 |
| | Gross Surplus/Deficit of Income over Expenditure after prior period items. | | 34220847.00 |
| 290000000 | Transfer to Reserve Funds | I-18(a) | 0.0 |

# അനുബന്ധം 5

# ബാലൻസ് ഷീറ്റ്

Pallikkara Grama Panchayat BALANCE SHEET

For the period from 01-April-2019 to 31-March-2020

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat / Municipal Fund | B-1 | 22126238.99 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 1015.00 |
| 312000000 | Reserves | B-3 | 80002634.00 |
| | Total Reserve & Surplus | | 102129887.99 |
| | Grants, Contributions for Specific Purposes | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 7660978.00 |
| | Total Grants, Contributions for Specific Purposes | | 7660978.00 |
| | Loans | | |
| 330000000 | Secured Loans | B-5 | 28806971.00 |
| | Total Loans | | 28806971.00 |
| | Current Liabilities & Provisions | | |
| 340000000 | Deposits Received | B-7 | 341451.00 |
| 341000000 | Deposits Works | B-8 | 1000.00 |
| 350000000 | Other Liabilities | B-9 | 2390587.67 |
| | Total Current Liabilities and Provisions | | 2733038.67 |
| | TOTAL LIABILITIES | | 141330875.66 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 104794108.00 |
| 411000000 | Accumulated Depreciation | B-11 | -26154102.00 |
| 412000000 | Capital Work in Progress | B-11(a) | 881281.00 |
| | Total Fixed Assets | | 79521287.00 |
| | Investments | | |
| | Current Assets, Loans and Advances | | |
| 430000000 | Stock-in-hand | B-14 | 0.0 |
| 431000000 | Sundry Debtors (Receivables) | B-15 | 1147313.66 |
| 432000000 | Accumulated Provisions Against Debtors (Receivables) | B-15(a) | 0.0 |
| 440000000 | Pre-paid Expenses | B-16 | 20026971.00 |
| 450000000 | Cash and Bank Balance | B-17 | 35944786.00 |
| 460000000 | Loans, Advances and Deposits | B-18 | 4690518.00 |
| | Total Current Assets, Loans and Advances | | 61809588.66 |
| | Total Current Assets, Loans and Advances | | 0.0 |
| | Other Assets | | |
| | Miscellaneous Expenditure (To the Extent not written off) | | |
| 480000000 | Miscellaneous Expenditure to be written off | B-20 | 0.0 |
| | Total Miscellaneous Expenditure (To the Extent not written off) | | 0.0 |
| | TOTAL ASSETS | | 141330875.66 |